# എഡിറ്റോറിയൽ പ്രാർത്ഥനയുടെ രഹസ്യം



“പ്രാർത്ഥന പ്രഭാതത്തിന്റെ താക്കോലും രാത്രിയുടെ സാക്ഷായുമാണ്”-മഹാത്മാഗാന്ധി.

ദിവസം ആരംഭിക്കുന്നതും അവസാനിക്കുന്നതും പ്രാർത്ഥനയോടെ വേണമെന്നാണ് ഈ ഗാന്ധിവചനത്തിന്റെ സാരം.

എന്നാൽ ഒരു ക്രിസ്ത്യാനി രാവിലെയും രാത്രിയിലും പ്രാർത്ഥിച്ചാൽ മതിയോ? . ബൈബിൾ എന്താണു പറയുന്നത്? സദാസമയവും നാം പ്രാർത്ഥിക്കണമെന്നാണു ദൈവവചനം ആവശ്യപ്പെടുന്നത്. ‘ഇടവിടാതെ പ്രാർത്ഥിക്കുവിൻ’ (1 തെസ്സലോനിക്യർ 5:17). ‘എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ’ (എഫേസ്യർ 6:18). ‘എല്ലായിടത്തും കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണം’ (1 തിമൊഥെയോസ് 2:8). സംശയത്തിന് ഇടയില്ലാതെവണ്ണം വളരെ വ്യക്തമായാണ് പൗലൊസ് ഇവിടെയെല്ലാം എപ്പോഴും പ്രാർത്ഥിക്കണമെന്നു പറഞ്ഞിരിക്കുന്നത്. അതിനും അപ്പുറത്ത്, പ്രവൃത്തി ചെയ്യുമ്പോഴും ഉണർന്നിരിക്കുമ്പോഴും മാത്രമല്ല ഉറങ്ങുന്ന നേരത്തും പ്രാർത്ഥിക്കണമെന്നാണ് ‘ഞാൻ ഉറങ്ങുന്നു; എന്നാൽ എന്റെ ഹൃദയം ഉണർന്നിരിക്കുന്നു’ (ഉത്തമഗീതം 5:2) എന്ന വാക്യം സൂചിപ്പിക്കുന്നതത്രെ! എങ്കിൽ ഇതാർക്കു കഴിയും? എപ്പോഴും, ഉറങ്ങുമ്പോഴും, പ്രാർത്ഥിക്കുന്നതെങ്ങനെ?

ഈ വചനങ്ങളെ അക്ഷരപ്രകാരം എടുത്ത് ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും പ്രാർത്ഥിക്കാനായി ക്രിസ്തീയസന്ന്യാസി സമൂഹങ്ങളിലെ അംഗങ്ങൾ നടത്തിയ ശ്രമങ്ങളെക്കുറിച്ചു വിവരിക്കുന്ന ഗ്രന്ഥങ്ങളുണ്ട്. ‘ഫിലോക്കാലിയ’ (അദ്ധ്യാത്മപ്രേമം), ‘ഒരു സാധകന്റെ സഞ്ചാരം’ തുടങ്ങിയ പ്രാചീന പുസ്തകങ്ങൾ ഉദാഹരണം.

എന്നാൽ സദാസമയവും നമുക്കു പ്രാർത്ഥിക്കാൻ കഴിയുമോ?

ഉത്തരം ലളിതമാണ്: യഥാർത്ഥപ്രാർത്ഥനയ്ക്കു പിന്നിൽ ഒരു മനോഭാവം ഉണ്ട്. ‘എല്ലായിടത്തും വിശുദ്ധകൈകളെ ഉയർത്തി പ്രാർത്ഥിക്കണം’ എന്ന വചനം ശ്രദ്ധിക്കുക. കരങ്ങളെ ഉയർത്തുന്നതു കീഴടങ്ങിയവരാണല്ലോ. പ്രാർത്ഥിക്കുമ്പോൾ കീഴടങ്ങിയമനോഭാവമാണു വേണ്ടതെന്നല്ലേ ഇതിന്റെ അർത്ഥം? ഉവ്വ്, പ്രാർത്ഥനയുടെ പിന്നിലെ ഹൃദയനില അതായിരിക്കണം. ദൈവത്തിനു പൂർണമായി അർപ്പിച്ചിരിക്കുന്നു എന്ന മനോഭാവം. ദൈവത്തിനു കീഴടങ്ങുന്ന, അവിടുത്തെ ബലമുള്ള കൈക്കീഴു താണിരിക്കുന്ന താഴ്മയുടെ അവസ്ഥ. അക്ഷരാർത്ഥത്തിൽ പ്രാർത്ഥനാവാചകങ്ങൾ ഉരുവിടാത്തപ്പോഴും നാം ആ മനോഭാവമുള്ളവരായിരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ആ മനോനിലയുണ്ടെങ്കിൽ വാചികമായി പ്രാർത്ഥിക്കാത്തപ്പോഴും നാം ‘ഇടവിടാതെ പ്രാർത്ഥിക്കുക’ യാണ്. ‘ഉറങ്ങുമ്പോഴും ഹൃദയം ഉണർന്നിരിക്കുകയാണ്.’ അപ്പോൾ ‘ജീവിതം തന്നെ പ്രാർത്ഥനയാക്കിമാറ്റുക’ എന്നത് കേവലം ഭംഗിയുള്ള ഒരു പ്രയോഗം മാത്രമായി ഇരിക്കുകയില്ല.

ഇതിന്റെ അർത്ഥം പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കേണ്ടെന്നോ അച്ചടക്കത്തോടെയുള്ള പ്രാർത്ഥനാജീവിതം ആവശ്യമില്ലെന്നോ ആണോ?. അല്ലേയല്ല. പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി സാത്താനു വളരെ നന്നായി അറിയാം. അതുകൊണ്ട് അവൻ നമ്മുടെ പ്രാർത്ഥനാസമയം മോഷ്ടിച്ചെടുക്കുവാൻ ശ്രമിക്കും. എന്നാൽ അതിനും അപ്പുറത്ത്, ദൈവത്തെ നിസ്സഹായതയോടെ മുറുകെപ്പിടിക്കുന്ന താഴ്മയുടെ മനോഭാവത്തിൽ നിന്നു നമ്മെ മാറ്റി നമ്മിൽ തന്നെ ബലമുള്ളവരാക്കുവാനല്ലേ അവൻ ഏറെ ശ്രമിക്കുക?

യഥാർത്ഥ താഴ്മയുള്ളവനു പ്രാണവായുവാണു പ്രാർത്ഥന. കാരണം അവൻ സ്വയം ശൂന്യനായിരിക്കുകയാൽ തന്നിൽ തന്നെ ബലമുള്ളവനല്ല. അവനു ദൈവത്തെ മുറുകെപ്പിടിക്കാതിരിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് പുതിയനിയമത്തിൽ താഴ്മയെക്കുറിച്ച് ഒരേ പോലെ പറഞ്ഞിരിക്കുന്ന രണ്ടു സന്ദർഭങ്ങളിലും അതിനോടു ചേർത്ത് പ്രാർത്ഥനയെക്കുറിച്ച്-യഥാർത്ഥപ്രാർത്ഥനയ്ക്കു പിന്നിലുള്ള മനോഭാവമായ ദൈവമുൻപാകെ കീഴടങ്ങുന്നതിനെക്കുറിച്ചും (യാക്കോബ് 4:6,7) ദൈവത്തിന്റെ കൈക്കീഴു താണിരിക്കുന്നതിനെക്കുറിച്ചും (1 പത്രോസ് 5:5, 6) – പറഞ്ഞിരിക്കുന്നത്.

പ്രാർത്ഥനയുടെ ഈ മനോഭാവം ഇല്ലാതെയും നമുക്കു പ്രാർത്ഥനാവാചകങ്ങൾ ഉരുവിടാൻ കഴിയും. ഗിരിപ്രഭാഷണത്തിൽ യേശു അതിനെ വിളിക്കുന്നതു പ്രാർത്ഥനയെന്നല്ല ജല്പനമെന്നാണ്. അവിടെ യേശു രണ്ട് ‘അപകട’ങ്ങളിലേക്കാണു വിരൽ ചൂണ്ടിയത്. (മത്തായി 6:5-8). ഒന്ന്: മനുഷ്യർക്കു വിളങ്ങേണ്ടതിന് നടത്തുന്ന പരസ്യപ്രാർത്ഥന. രണ്ട്: ദീർഘനേരം പ്രാർത്ഥിച്ചാലാണ് ഉത്തരം കിട്ടുന്നതെന്നു കരുതിയുള്ള അതിഭാഷണം. ഇന്ന് വലിയപരസ്യത്തിന്റെ അകമ്പടിയോടെ അരങ്ങേറുന്ന ‘പ്രാർത്ഥനാഉത്സവങ്ങളേ’യും ദീർഘനേരം നീളുന്ന ‘മുഴുരാത്രി പ്രാർത്ഥന’കളേയുമാണോ നിങ്ങൾ ഇപ്പോൾ ഓർത്തുപോകുന്നത്?

ഏലിയാവിന്റേയും ബാലിന്റെ പ്രവാചകന്മാരുടേയും പ്രാർത്ഥനകളെ താരതമ്യം ചെയ്താൽ (1 രാജാക്കന്മാർ 18) പ്രാർത്ഥനയെക്കുറിച്ച് ഇന്ന് നിലവിലുള്ള പല ധാരണകളുടേയും പൊള്ളത്തരം വ്യക്തമാകും. അവിടെ ബാലിന്റെ പ്രവാചകന്മാർ അനേകരായിരുന്നു. ഏലിയാവ് ഒരേ ഒരുവനും. ബാലിന്റെ പ്രവാചകന്മാർ ദീർഘമായി പ്രാർത്ഥിച്ചു. ഏലിയാവിന്റെ പ്രാർത്ഥന ഹ്രസ്വമായിരുന്നു. ബാലിന്റെ പ്രവാചകന്മാരുടെ പ്രാർത്ഥന ഒച്ചപ്പാടും ബഹളവും ഉള്ളതായിരുന്നു. ഏലിയാവിന്റെ പ്രാർത്ഥനയിൽ പ്രകടനപരത കുറവായിരുന്നു. പക്ഷേ ഒടുവിൽ ഏലിയാവിന്റെ പ്രാർത്ഥനയിലാണു തീ ഇറങ്ങിയത്! ഇന്ന് പ്രാർത്ഥനയിൽ സംബന്ധിക്കുന്നവരുടെ സംഖ്യാബലം, പ്രാർത്ഥനയുടെ സമയദൈർഘ്യം, പ്രാർത്ഥനയിലെ ശബ്ദകോലാഹലങ്ങൾ എന്നിവയാണു നാം യഥാർത്ഥപ്രാർത്ഥനയുടെ തെളിവായി കാണുന്നതെങ്കിൽ പ്രാർത്ഥനയെക്കുറിച്ചുള്ള ബാലിന്റെ പ്രവാചകന്മാരുടെ കാഴ്ചപ്പാടുതന്നെയല്ലേ നാമും പങ്കിടുന്നത്?

അതേ സമയം ഏലിയാവ് ഇടിഞ്ഞുകിടന്ന യാഗപീഠം നന്നാക്കി (18:30), ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം പന്ത്രണ്ടു കല്ലെടുത്ത് യഹോവയുടെ നാമത്തിൽ യാഗപീഠം പണിതു (18:31), ഭോജനയാഗത്തിന്റെ നേരത്ത്, ‘ഞാൻ നിന്റെ ദാസൻ, എല്ലാം നിന്റെ കല്പനപ്രകാരം ചെയ്തു’ എന്ന ഏറ്റുപറച്ചിലോടെ പ്രാർത്ഥിച്ചു. (18:36). അപ്പോൾ സ്വർഗ്ഗത്തിൽനിന്നു തീ ഇറങ്ങി!

വ്യവസ്ഥപ്രകാരം, താഴ്മയുടെ മനോഭാവത്തോടെ, ദൈവമുൻപാകെ എല്ലാം ചെയ്തതല്ലേ ഏലിയാവിന്റെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടിയതിന്റെ രഹസ്യം? പ്രാർത്ഥനയുടെ ഈ യഥാർത്ഥമനോഭാവത്തിൽ നിന്നു നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിൽ ഇന്ന് സാത്താൻ എത്ര വിജയിച്ചിരിക്കുന്നു!

# പ്രാർത്ഥനയ്ക്കെതിരെ പിശാചിന്റെ ഗൂഢാലോചന

ഡേവിഡ് വിൽക്കേഴ്സൺ

**ന**മ്മുടെ ജഡം പിശാചുമായി സഖ്യത്തിലാണ്!

പ്രാർത്ഥനയുടെ രഹസ്യസങ്കേതം-ദൈവത്തിന്റെ സജീവസാന്നിദ്ധ്യത്താൽ വിശുദ്ധീകരിക്കപ്പെടുന്ന ഇടം, തങ്കൽ ഏകാഗ്രചിത്തനായ ഓരോ ഭക്തന്റേയും കണ്ണുനീരിനെ ദൈവം സന്ദർശിക്കുന്ന സ്ഥലം-അവിടെ പിശാചിന് കടക്കാൻ കഴിയുമെന്ന് ഒരിക്കലും ഞാൻ വിശ്വസിച്ചിരുന്നില്ല. എന്നാൽ തന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്, പ്രാർത്ഥനയുടെ ഈ രഹസ്യസങ്കേതത്തിൽ കടക്കേണ്ട ആവശ്യം പിശാചിനില്ല. കാരണം നമ്മുടെ ജഡം പണ്ടേ തന്നെ അവനുമായി സഖ്യത്തിലാണ്!

ശ്രദ്ധിക്കുക: നമ്മുടെ ജഡം ദൈവാത്മാവുമായി നിരന്തരശത്രുതയിലാണ്, എല്ലായ്പ്പോഴും അത് അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. പരിശുദ്ധാത്മാവിന്റെ മഹത്വകരമായ ശക്തിയിൽ വിശ്വസിച്ചാൽ മാത്രമേ ജഡത്തിന്റെ മേൽ പൂർണ്ണാധിപത്യം നമുക്ക് നേടാനാകൂ.

കാര്യങ്ങളൊക്കെ ക്രമീകരിച്ച്



ആഴ്ചകളും മാസങ്ങളും ടെലിവിഷന്റെ മുമ്പിലിരുന്ന് തങ്ങളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തിക്കഴിയുമ്പോൾ, സൗമ്യമായ നേരിയ ദൈവശബ്ദം അവർ കേൾക്കാതെയാകും. ലോകശബ്ദത്തിന്റെ മുമ്പിൽ അവിടുത്തെ ശബ്ദം കേൾക്കാൻ പറ്റാതെയാകും!

പ്രാർത്ഥനയ്ക്കായി ദൈവസന്നിധിയിൽ തനിയേ ഇരുന്നാലും മിക്കപ്പോഴും ജഡത്തിന് ഉയരുവാൻ നമ്മൾ അനുവാദം കൊടുക്കാറുണ്ട്. തുടർന്ന് എന്താണ് സംഭവിക്കുന്നതെന്ന് നമുക്കെല്ലാവർക്കും നല്ലവണ്ണം അറിയാം: നിരന്തരമായ കോട്ടുവായിടൽ; കാടുകയറിയ ചിന്തകൾ; ശ്രദ്ധപതറിപ്പോകുന്ന അനുഭവം. നമ്മൾ പോലും അറിയാതെ, നമ്മുടെ മനസ്സ് വ്യത്യസ്തദിശകളിലൂടെ അപഥസഞ്ചാരം നടത്തുന്നു. കുറേക്കഴിയുമ്പോൾ, പ്രാർത്ഥിക്കാൻ ശ്രമിക്കാൻ പോലും വയ്യാത്തവിധം നമ്മൾ തളർന്നവരായിത്തീരുന്നു.

**യുദ്ധത്തിൽ ജഡം ജയിച്ചു.**

വിജയത്തിന്റെ ഉദാത്തമായ തലങ്ങളിലേയ്ക്ക് നമ്മളെ കൊണ്ടുപോകുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിച്ചപ്പോൾ, നമ്മുടെ ഹൃദയത്തെ തളർച്ച കവർന്നെടുത്തു. "എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ?" എന്ന് തന്റെ ശിഷ്യന്മാരോടു ചോദിച്ചതുപോലെ, ഇത്തരം സന്ദർഭങ്ങളിൽ യേശു നമ്മോടും ചോദിക്കുന്നില്ലേ? ഒരു നിമിഷം, അതെപ്പറ്റി ചിന്തിച്ചു നോക്കൂ: ചിന്താമണ്ഡലത്തെ നമ്മുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവരുവാനുള്ള അധികാരം നമുക്കില്ലായിരുന്നുവെങ്കിൽ, 'ക്രിസ്തുവിനോടുള്ള അനുസരണത്തിനായി എല്ലാ ചിന്തകളേയും പിടിച്ചടക്കുവാൻ' എന്ന് പൗലോസ് നമ്മോട് ആജ്ഞാപിക്കയില്ലായിരുന്നു. നമ്മുടെ ജഡം പൂർണ്ണമായി ക്രിസ്തുവിൽ മരിച്ചു എന്നു എണ്ണുവാൻ തീരുമാനിച്ച് എല്ലാ ആധിപത്യങ്ങളും, അധികാരങ്ങളും അതിൽ നിന്ന് ഉരിഞ്ഞുകളഞ്ഞിട്ടു വേണം പ്രാർത്ഥനയുടെ അറയിൽ കടക്കുവാൻ. എല്ലാ കോട്ടുവായിടലും, എല്ലാ ഉഴലുന്ന ചിന്തകളും, ശാരീരികവും മാനസികവുമായ എല്ലാ തടസ്സങ്ങളും, നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ അനുസരണത്തിൻ കീഴിൽ കൊണ്ടുവരുവാനുള്ള ശക്തി നമുക്കുണ്ട്.

**ചിന്താമണ്ഡലത്തെ നമ്മുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവരുവാനുള്ള അധികാരം നമുക്കില്ലായിരുന്നുവെങ്കിൽ, 'ക്രിസ്തുവിനോടുള്ള അനുസരണത്തിനായി എല്ലാ ചിന്തകളേയും പിടിച്ചടക്കുവാൻ' എന്ന് പൗലോസ് നമ്മോട് ആജ്ഞാപിക്കയില്ലായിരുന്നു. നമ്മുടെ ജഡം പൂർണ്ണമായി ക്രിസ്തുവിൽ മരിച്ചു എന്നു എണ്ണുവാൻ തീരുമാനിച്ച് എല്ലാ ആധിപത്യങ്ങളും, അധികാരങ്ങളും അതിൽ നിന്ന് ഉരിഞ്ഞുകളഞ്ഞിട്ടു വേണം പ്രാർത്ഥനയുടെ അറയിൽ കടക്കുവാൻ.**

ശാരീരികമായ ക്ഷീണം തീർച്ചയായും മറ്റൊരു വിഷയമാണ്. നമ്മുടെ ഏറ്റവും മികച്ച സമയം, ഏറ്റവും പ്രയോജനപ്പെടുത്താവുന്ന സമയം-അതാണ് ദൈവം അർഹിക്കുന്നത്. എന്നാൽ നമ്മിൽ നിന്ന് കിട്ടാത്ത ഒരു കാര്യവും അതുതന്നെയാണ്-ഗുണമേന്മയുള്ള സമയം!

ഊർജ്ജം ചോർന്നുപോവുന്നതായ പ്രവൃത്തികളിൽ ഒരു ദിവസം മുഴുവൻ ചെലവിട്ടുകഴിഞ്ഞാൽ പിന്നെ തളർന്നും ക്ഷീണിച്ചും ആയിരിക്കും നമ്മൾ ദൈവസന്നിധിയിൽ ചെല്ലുന്നത്. പ്രിയപ്പെട്ടവരേ, എപ്പോഴെങ്കിലും നിങ്ങളുടെ സ്ഥിതി അങ്ങനെയാണെങ്കിൽ, നിങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം കിടന്നുറങ്ങുക എന്നതാണ്. ദൈവം കഠിനജോലി ചെയ്യിക്കുന്ന യജമാനനല്ല. തന്റെ മക്കൾക്ക് അവിടുന്ന് ഉറക്കം കൊടുക്കുന്നു. പ്രാർത്ഥന, ഒരിക്കലും ഒരു ഭാരമാകുവാനോ, മനസ്സാക്ഷിക്കുത്തിനു കാരണമാകുവാനോ അല്ല ഉദ്ദേശിച്ചിട്ടുള്ളത്. മറിച്ച്, പ്രാർത്ഥന-കർത്താവുമാ





യുള്ള നമ്മുടെ സംസർഗ്ഗത്തിന്റെ ജീവനാണത്- ശാരീരികവും മാനസികവുമായി നമ്മൾ ജാഗ്രതയോടെ ആയിരിക്കുമ്പോൾ മാത്രം ചെയ്യേണ്ട കാര്യം.

***ആദിമസഭാപിതാക്കന്മാർപോലും ഈ ഗൂഢാലോചനയെ അഭിമുഖീകരിച്ചിരുന്നു!***

യെരുശലേമിൽ ഒന്നാം നൂറ്റാണ്ടിലെ സഭയിൽ ഭക്ഷണവിതരണത്തിൽ യഹൂദവിധവമാർ അവഗണിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും അവർ സഭാനേതാക്കന്മാരുടെ സഹായം അഭ്യർത്ഥിച്ചു. എന്നാൽ ഭക്ഷണവിതരണദൗത്യത്തിന് മേൽനോട്ടം വഹിക്കാൻ വേണ്ടിമാത്രം ദൈവവചനപഠനവും, പ്രാർത്ഥനയും ഉപേക്ഷിക്കുന്നത് ശരിയാണെന്ന് അപ്പോസ്തലന്മാർക്ക് തോന്നിയില്ല. അതുകൊണ്ട് അവർ ഒരു സഭായോഗം വിളിച്ചുകൂട്ടി, "ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ ശുശ്രൂഷ ചെയ്യുന്നത് യോഗ്യമല്ല' എന്നു പറഞ്ഞു (അപ്പോ. പ്രവൃ.6:2). തൽഫലമായി സഭയുടെ എല്ലാവിധമായ ദൈനംദിന കാര്യങ്ങളും നോക്കിനടത്തുന്നതിന് നല്ല സാക്ഷ്യമുള്ള ഏഴ് പുരുഷന്മാരെ തെരഞ്ഞെടുത്തു. 'ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും' (വാക്യം 4) എന്ന് അപ്പോസ്തലന്മാർ അതിന്നിടയിൽ പ്രതിജ്ഞയെടുത്തു.

ഈ ക്രമീകരണം കൊണ്ട് വലിയ നേട്ടം ഉണ്ടായി, "ദൈവവചനം പരന്നു (ക്കൊണ്ടേയിരുന്നു), യരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി (ക്കൊണ്ടേയിരുന്നു). (വാക്യം 7). അപ്പോസ്തലന്മാർ തങ്ങളുടെ പ്രാഥമികദൗത്യം അവഗണിക്കുവാൻ തയ്യാറാകാതിരുന്നതുകൊണ്ട് സഭ വളർന്നു! എന്നിട്ടും ഇന്നത്തെ കാലത്ത് വളരെ ചുരുക്കം ശുശ്രൂഷകന്മാരേ ഇങ്ങനെയൊരു ത്യാഗം ചെയ്യുകയുള്ളൂ. യാതൊരു കൂസലും കൂടാതെ എന്റെ കണ്ണിൽ നോക്കിക്കൊണ്ട് ഒരിക്കൽ ഒരു ശുശ്രൂഷകൻ ഇങ്ങനെ പറഞ്ഞു, "എനിക്ക് പ്രാർത്ഥിക്കാൻ ഒട്ടും നേരമില്ല. വളരെ തിരക്കുള്ള ആളാണ് ഞാൻ. വേറേ ഒരുപാട് കാര്യങ്ങളിൽ ഞാൻ വ്യാപൃതനാകേണ്ടതുണ്ട്" വേറൊരു ശുശ്രൂഷകൻ ക്ഷമാപണത്തോടെ പറഞ്ഞു. "മാസങ്ങളായി ഞാൻ പ്രാർത്ഥിക്കുന്നില്ല. വല്ലപ്പോഴും ഉപായത്തിലൊരു വചനധ്യാനവും പ്രാർത്ഥനവും നടത്തും. പക്ഷേ, പ്രാർത്ഥനയുടെ ശിക്ഷണത്തിലേയ്ക്ക് എന്നെത്തന്നെ കൊണ്ടുവരുവാൻ എനിക്കു കഴിയുന്നില്ല."

**ഏറ്റവും ഗുണമേന്മയുള്ള സമയം-അതാണ് ദൈവം അർഹിക്കുന്നത്. ഊർജ്ജം ചോർന്നു പോവുന്നതായ പ്രവൃത്തികളിൽ ഒരു ദിവസം മുഴുവൻ ചെലവിട്ടുകഴിഞ്ഞാൽ പിന്നെ തളർന്നും ക്ഷീണിച്ചും ആയിരിക്കും നമ്മൾ ദൈവസന്നിധിയിൽ ചെല്ലുന്നത്. പ്രിയപ്പെട്ടവരെ, എപ്പോഴെങ്കിലും നിങ്ങളുടെ സ്ഥിതി അങ്ങനെയാണെങ്കിൽ, നിങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം കിടന്നുറങ്ങുക എന്നതാണ്.**

ആഴമായ ആത്മീയാനുഭവം തങ്ങളുടെ സഭകളിൽ ഇല്ല എന്നു പരാതിപ്പെട്ടുകൊണ്ട് പല ക്രിസ്ത്യാനികളും അയയ്ക്കുന്ന പരിതാപകരമായ കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. 'ഞങ്ങളുടെ ശുശ്രൂഷകൻ ആത്മീയമായി വരണ്ട ആളാണ്. യാതൊരു കഴമ്പും ഇല്ലാത്ത സന്ദേശങ്ങളാണ് അദ്ദേഹത്തിന്റേത്. മിക്കവാറും അസ്വസ്ഥനായിട്ടാണ് അദ്ദേഹം കാണപ്പെടുന്നത്.' എന്നിങ്ങനെയാണ് പല കത്തുകളുടേയും ഉള്ളടക്കം. കഠിനാദ്ധ്വാനികളും, സ്വയം സമർപ്പിതരുമായ ദൈവവേലക്കാരെ വിധിക്കുവാൻ ഞാൻ ആഗ്രഹി

ക്കുന്നില്ല. അവർ വീഴുന്നതിന്റേയും എഴുന്നേല്ക്കുന്നതിന്റേയും ഉത്തരവാദിത്വം അവരുടെ യജമാനനത്രേ. എന്നാൽ തങ്ങൾ തടസ്സങ്ങളുടേതായ ഒരു പൈശാചികഗൂഢാലോചനയുടെ ഇരകളായിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുത ഇന്ന് പല ശുശ്രൂഷകന്മാരും അറിയുന്നതേയില്ല!

ഇങ്ങനെയുള്ളവർ കർത്തവ്യങ്ങളുടേയും തിരക്കുകളുടേയും ഒരു മലവെള്ളപ്പാച്ചിലിൽ മുങ്ങിപ്പൊങ്ങി സദാ നെട്ടോട്ടമാണ്. സഭയിൽ ഒരു കെട്ടിടം പണി കൂടി നടക്കുന്ന സമയമാണെങ്കിൽ പറയുകയും വേണ്ട. എല്ലാറ്റിന്റെയും മേൽനോട്ടം വഹിച്ചുകൊണ്ട് പണിസ്ഥലത്ത് ഓടി നടക്കാൻ അവർ നിർബ്ബന്ധിതരാകും.

ക്രമേണ പല ശുശ്രൂഷകന്മാർക്കും ഈ പരക്കംപാച്ചിൽതന്നെ ജീവിതത്തിൽ ഒരു ആസക്തി ആയിത്തീരാം. കാലിൽ മുള്ളു തറച്ചതുപോലെ ഓടി നടക്കുന്ന ശീലമുള്ള ഇത്തരക്കാരെ 'ഷൂസിനുള്ളിൽ മണൽത്തരി കുടുങ്ങിയ ശുശ്രൂഷകന്മാർ' എന്നാണ് എന്റെ വല്യപ്പച്ചൻ വിളിച്ചിരുന്നത്. എല്ലാറ്റിനും മുകളിലിങ്ങനെ നിൽക്കാനുള്ള ഈ തത്രപ്പാടിനിടയിൽ, അവർ ദൈവത്തെ അവഗണിക്കുകയും സഭയെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്.

പല ക്രിസ്ത്യാനികളും, പ്രത്യേകിച്ച് ചെറുപ്പക്കാർ, വിശ്വാസത്തിൽ നിലനില്ക്കാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആത്മീയമായി ജീവനും ചൈതന്യവും നഷ്ടപ്പെട്ട ശുശ്രൂഷകന്മാർ, നാനാവിധമായ കാര്യങ്ങളിൽ മുഴുകി അസ്വസ്ഥരാകയാൽ പ്രാർത്ഥിക്കുവാനോ, ഉയരത്തിൽ നിന്ന് പുതുക്കമുള്ള ഒരു വചനം പ്രാപിക്കുവാനോ സമയമുള്ളവരല്ല. അമേരിക്കയിലെ ഏറ്റവും വലിയ സുവിശേഷവിഹിത സഭകളിൽ ഒന്നിലെ ശുശ്രൂഷകൻ ചില

**ഒരിക്കൽ ഒരു ശുശ്രൂഷകൻ ഇങ്ങനെ പറഞ്ഞു, ''എനിക്ക് പ്രാർത്ഥിക്കാൻ ഒട്ടും നേരമില്ല. വളരെ തിരക്കുള്ള ആളാണ് ഞാൻ. വേറെ ഒരുപാട് കാര്യങ്ങളിൽ ഞാൻ വ്യാപൃതനാകേണ്ടതുണ്ട്'' വേറൊരു ശുശ്രൂഷകൻ ക്ഷമാപണത്തോടെ പറഞ്ഞു. ''മാസങ്ങളായി ഞാൻ പ്രാർത്ഥിക്കുന്നില്ല. വല്ലപ്പോഴും ഉപായത്തിലൊരു വചനധ്യാനവും പ്രാർത്ഥനയും നടത്തും. പക്ഷേ, പ്രാർത്ഥനയുടെ ശിക്ഷണത്തിലേയ്ക്ക് എന്നെത്തന്നെ കൊണ്ടുവരുവാൻ എനിക്കു കഴിയുന്നില്ല.''**

കാര്യങ്ങൾ എന്നോടു പറഞ്ഞപ്പോൾ ഞാൻ അമ്പരന്നുപോയി. അദ്ദേഹം പറഞ്ഞു: "പ്രാർത്ഥനയ്ക്കായി മാറിയിരിക്കുവാൻ എനിക്ക് സാധിക്കുന്നതേയില്ല. ഞാനില്ലാതെ എന്റെ സഭ മുന്നോട്ടുപോകുക അസാദ്ധ്യമാണ്. എന്റെ ശ്രദ്ധ പതിയേണ്ട ഒരുപാടുകാര്യങ്ങൾ സഭയിൽ നടക്കുന്നുണ്ട്".

ശുശ്രൂഷകന്മാർ തങ്ങളെത്തന്നെ വേർതിരിച്ച് നിരന്തരം ദൈവസന്നിധിയിൽ ജാഗരിക്കുകയും മൂപ്പന്മാരും സഹായികളും സഭയിലെ ദൈനംദിന കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതാണ് വാസ്തവത്തിൽ സഭകൾ താൽപര്യപ്പെടുന്നത് എന്ന കാര്യം ഈ വ്യക്തി മനസ്സിലാക്കുന്നില്ല. ദൈവത്തിന്റെ ഒരു ശുശ്രൂഷകനും ഒരു സംഘടനയുടെ അദ്ധ്യക്ഷനെപ്പോലെ പെരുമാറേണ്ട ആവശ്യമില്ല. പ്രാർത്ഥനയ്ക്കും ദൈവവചനം പഠിക്കുന്നതിനും വേണ്ടി തന്റെ സമയം ഉപയോഗിക്കാൻ അദ്ദേഹം ശീലിക്കണം! തന്റെ സഭയോടും കുടുംബത്തോടും വിശ്വസ്തതപുലർത്തുന്ന ഓരോ ശുശ്രൂഷകനുവേണ്ടിയും ഞാൻ ഈ സമയം ദൈവത്തിന് നന്ദിപറയുന്നു. നീതിമാന്മാരും നല്ല മനസ്സാക്ഷിയുള്ളവരുമായ





ഇത്തരക്കാരുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. എങ്കിലും പിശാച് സൃഷ്ടിക്കുന്ന തടസ്സങ്ങളുടെ ഗൂഢാലോചനയുടെ ഇരയായി ദൈവവുമായുള്ള ആഴമായ ബന്ധത്തിൽനിന്ന് അകറ്റപ്പെടുന്ന അപകടം എത്ര ദൈവഭക്തനായ ശുശ്രൂഷകനും സംഭവിക്കാം.

തങ്ങളുടെ ശുശ്രൂഷകനെ സ്നേഹിക്കുന്ന ഏതൊരു സഭയും തുടർച്ചയായി അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണം. 'ദൈവമേ, സുഖലോലുപതയുടെ ഒരു ആത്മാവിൽ നിന്ന് ഞങ്ങളുടെ ശുശ്രൂഷകനെ വിടുവിക്കണമേ. പിശാചിന്റെ ഗൂഢാലോചനയിൽ അകപ്പെടാതെ അദ്ദേഹത്തെ കാത്തുകൊള്ളണമേ. പിശാചിന്റെ കെണികളെ വിട്ടൊഴിയണമെന്നും-കെണിപൊട്ടിവഴുതിപ്പോന്ന ഒരു പക്ഷിയെപ്പോലെ അവിടുത്തെ സ്വർഗ്ഗീയസങ്കേതത്തിലേയ്ക്ക് അണയണമെന്നും അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കണമേ".

***ഭവനത്തിലും ഒരു വലിയ ഗൂഢാലോചനയുണ്ട്.!***

പിശാചിന്റെ തടസ്സങ്ങളുടെ ഗൂഢാലോചന ഏറ്റവും അധികം ഫലപ്രദമായിരിക്കുന്നത് ക്രിസ്തീയഭവനങ്ങളിലാണ്. ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാൻ പറ്റാത്തവിധം ഉണ്ടാകുന്ന അനവധി തടസ്സങ്ങൾ ആകസ്മികമല്ല. വല്ലവിധേനയും പ്രാർത്ഥിക്കാമെന്നു തീരുമാനിച്ചാൽ തടസ്സങ്ങളുടെ ശല്യം പൂർവ്വാധികം ശക്തിപ്രാപിച്ചിട്ടുണ്ടായിരിക്കും!

തന്റെ സുപ്രധാനലക്ഷ്യത്തിലെത്താൻ ക്രിസ്തീയഭവനങ്ങൾ തകർത്തുകളയേണ്ട ആവശ്യമില്ലെന്ന് പിശാചിനറിയാം. ആകപ്പാടെ അവൻ ചെയ്യേണ്ട കാര്യം, പ്രാർത്ഥനയിൽ നിന്നും ദൈവവചനത്തിൽ നിന്നും വിശ്വാസികളെ പിന്തിരിപ്പിക്കുക എന്നതുമാത്രമാണ്. പ്രാർത്ഥന തടസ്സപ്പെടുത്തുവാൻ കഴിഞ്ഞാൽ അവർ തങ്ങ

**പിശാചിന്റെ തടസ്സങ്ങളുടെ ഗൂഢാലോചന ഏറ്റവും അധികം ഫലപ്രദമായിരിക്കുന്നത് ക്രിസ്തീയഭവനങ്ങളിലാണ്. ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാൻ പറ്റാത്ത വിധം ഉണ്ടാകുന്ന അനവധി തടസ്സങ്ങൾ ആകസ്മികമല്ല. വല്ലവിധേനയും പ്രാർത്ഥിക്കാമെന്നു തീരുമാനിച്ചാൽ തടസ്സങ്ങളുടെ ശല്യം പൂർവ്വാധികം ശക്തിപ്രാപിച്ചിട്ടുണ്ടായിരിക്കും!**

ളുടെ വിശ്വാസത്തിൽ ക്ഷയിച്ചുപോകുമെന്ന് അവനറിയാം.

എന്തു പറഞ്ഞാലും, പ്രാർത്ഥനയില്ലാത്ത മാതാപിതാക്കൾ ബലഹീനരായ മാതാപിതാക്കളാണ്. തങ്ങളുടെ ഭവനങ്ങളിൽ നിന്നും ലോകത്തിന്റെ ആത്മാവിനെ പുറത്താക്കിക്കളയുന്നതിന് യാതൊരു ഭീഷണിയും ഉയർത്താത്തവരാണ് അവർ. തന്മൂലം, അവരുടെ കുട്ടികൾ പൈശാചികമായ പ്രലോഭനങ്ങൾക്ക് ഇരകളായിത്തീരുന്നു.

പ്രാർത്ഥനാരഹിതരായ മിക്ക മാതാപിതാക്കളും അന്തിമമായി ചെന്നെത്തുന്നത് ടെലിവിഷന്റെ മുമ്പിലാണ്-ഒരേ ഇരിപ്പിൽ മണിക്കൂറുകൾ പാഴാക്കുന്ന അവർ ആത്മീയമായി ശുഷ്ക്കിക്കുകയും കഠിനഹൃദയരായിത്തീരുകയും ചെയ്യുന്നു. ഒരു ടെലിവിഷൻ സ്വന്തമായുള്ളതിന്റെ അനർത്ഥം ഇതുതന്നെയാണ്: ദൈവത്തിന് ന്യായമായി അവകാശപ്പെട്ട സമയത്തിന്റെ മേലുള്ള ഏറ്റവും വലിയ തടസ്സമായി അത് രൂപാന്തരപ്പെടുന്നു!

താഴെപ്പറയുന്ന സ്ഥിതിവിവരക്കണക്കുകൾ ശ്രദ്ധിക്കുക: ഒരു ശരാശരി കൗമാരക്കാരൻ 18 വയസ്സാകുമ്പോഴേയ്ക്ക് ഏകദേശം ആറുവർഷം ടെലി

*(ശേഷം പേജ് 41 ൽ)*

അനുഭവം

# ഞങ്ങളുടെ വീഴ്ചകൾ

**സാക്പുന്നൻ**

**അല്പകാര്യങ്ങളുടെ ദിവസം -46**

**കു**ഞ്ഞുങ്ങൾ പലതവണ വീണതിനുശേഷം മാത്രമാണല്ലോ നടക്കാൻ പഠിക്കുന്നത്? അവ്വണ്ണം തന്റെ മക്കൾ ആത്മാവിൽ നടക്കാൻ പഠിക്കുന്നതിനുമുമ്പ് അനേകതവണ അവരെ വീഴാൻ ദൈവം അനുവദിക്കുന്നു. ദൈവത്തോട് ചേർന്ന് നടക്കാൻ ആഗ്രഹിച്ചിട്ടുള്ള ഒരു വ്യക്തിയോ സഭയോ പൂർണ്ണമായും വീഴ്ചകൾ ഒഴിവാക്കി നടന്നതായി ചരിത്രമില്ല. കർത്താവായ യേശുക്രിസ്തുമാത്രമാണ് ഇതിന് അപവാദം. ഒരു സഭ എന്ന നിലയിൽ തുടക്കം മുതലേ ഞങ്ങളും പല തെറ്റുകളും വരുത്തി. എന്നാൽ തെറ്റുകൾ അംഗീകരിക്കാനും, വീണ്ടും അതേ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ അവയിൽ നിന്നു പഠിക്കാനും ഞങ്ങൾ തീരുമാനിച്ചിരുന്നു. തന്മൂലം മുമ്പോട്ടുപോകുന്തോറും ഞങ്ങളുടെ വീഴ്ചകൾ കുറഞ്ഞുവന്നു.

അപ്പോസ്തലനായ പൗലോസും പലതിലും വീണുപോയവനായിരുന്നു. തിമൊഥെയോസിനെ പരിഛേദന കഴിപ്പിച്ചത് (പ്രവൃത്തി 16:3) യഹൂദന്മാരുടെ ഒരു നേർച്ച നിവർത്തിപ്പാൻ തന്റെ തലമുണ്ഡനം ചെയ്തത് (പ്രവൃ 21:24-26) ജീവിതത്തിന്റെ അവസാന നാളുകളിൽ ഒരു മഹാപുരോഹിതനോട് കോപിച്ചത് (പ്രവൃ.23:3) ഇതൊക്കെ ഉദാഹരണങ്ങളാണ്. പൗലൊസിന്റെ അടുത്ത സഹപ്രവർത്തകനായ ലൂക്കോസ് ആണല്ലോ അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എഴുതിയത്. മിക്ക ജീവചരിത്രരചയിതാക്കളും സാധാരണചെയ്യാറുള്ളതുപോലെ ലൂക്കോസും സ്വാഭാവികമായി പൗലൊസിന്റെ ജീവിതത്തിലെ ഇത്തരം വീഴ്ചകൾ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞേനെ. ലൂക്കോസ് തന്നെപ്പറ്റി എഴുതുന്നു എന്നറിഞ്ഞ പൗലൊസ് ഇത്തരത്തിലുള്ള വീഴ്ചകളെപ്പറ്റിയും എഴുതാൻ ലൂക്കോസിനെ നിർബന്ധിച്ചിട്ടുണ്ടാവും. യഥാർത്ഥത്തിലുള്ളതിൽ നിന്നും ഒട്ടും വ്യത്യസ്തമായി ആരും തന്നെക്കുറിച്ച് ധരിച്ചുകൂടാ എന്ന കാര്യത്തിൽ പൗലൊസിന് നിർബ്ബന്ധം ഉണ്ടായിരുന്നു. (2 കൊരി. 12:6).

ഞങ്ങളെക്കുറിച്ചും യാഥാർത്ഥ്യത്തിൽ നിന്നു വിഭിന്നമായി ആരും ചിന്തിച്ചുകൂടാ.

**സാമൂഹികപ്രവർത്തനം.** സാമ്പത്തികവും ഭൗമികവും ആയ സഹായത്തിനായി ഞങ്ങളുടെ അടുത്തുവന്ന എല്ലാവരെയും വിവേചനമില്ലാതെ സഹായിച്ചു എന്നതായിരുന്നു ഞങ്ങളുടെ ഒന്നാമത്തെ വീഴ്ച.





അക്കാലത്ത് ഞങ്ങൾ അംഗസംഖ്യയിൽ ചുരുങ്ങിയവരും ദരിദ്രരുമായിരുന്നെങ്കിലും ഔദാര്യശീലരായിരുന്നു-ഔദാര്യം കാണിക്കുന്നതിൽ ഒട്ടും ജ്ഞാനം ഇല്ലാത്തവരായിരുന്നു എന്നു മാത്രം! ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്ത് ക്രിസ്ത്യാനികളായി അഭിനയിച്ച് ഒരു സഭയുടെ ഔദാര്യശീലം മുതലെടുക്കാൻ മടിയില്ലാത്ത ധാരാളം പേരുണ്ട്. പണം കൊടുത്ത് ഞങ്ങൾ പലരെയും സഹായിച്ചു. എന്റെ ഭാര്യ സന്ദർശകർക്കായി പലതവണ ഭക്ഷണം പാകം ചെയ്യുകയും ഞങ്ങളുടെ വീട്ടിൽ അമ്മമാർ ഏല്പിച്ചിട്ടുപോയിരുന്ന കുഞ്ഞുങ്ങളെ പകൽസമയത്ത് നോക്കുകയും ചെയ്തിരുന്നു. ബാംഗ്ലൂർ സന്ദർശിച്ചിരുന്ന പല കുടുംബങ്ങൾ ഞങ്ങളുടെ വീട്ടിൽ താമസിക്കുകയും ഞങ്ങളുടെ ആതിഥ്യമര്യാദ മുതലെടുക്കുകയും ചെയ്തിട്ടുണ്ട്. അത്തരം സന്ദർശകരിൽ ഒരാൾ ഒരുപന്തുപോലെ ഞങ്ങളുടെ ഒരു കുഞ്ഞിനെ മുകളിലേക്ക് എറിഞ്ഞപ്പോൾ കോൺക്രീറ്റ് തറയിൽ വീണ സംഭവം മറന്നിട്ടില്ല. ഒരിക്കൽ ഒരു കുടുംബം വൃത്തിഹീനമായിക്കിടന്ന ഒരു വാടകവീട്ടിലേക്ക് മാറുംമുമ്പ് മറ്റുള്ളവരോടൊപ്പം ഞങ്ങൾ ആ വീടിന്റെ തറയും കക്കൂസും നിലത്ത് കുനിഞ്ഞ് ഉരച്ച് വൃത്തിയാക്കിയത് ഓർക്കുന്നു. ആ വീട് താമസയോഗ്യമാക്കാൻ ഞങ്ങൾ ചെയ്യാവുന്നതൊക്കെ ചെയ്തു. ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരോട് കാണിക്കുന്നതിലൂടെ അവരിൽ ചിലരെങ്കിലും ക്രിസ്തുശിഷ്യരായിത്തീരും എന്ന ആശയോടെയായിരുന്നു ഞങ്ങൾ ഇതൊക്കെ ചെയ്തത്. ഞങ്ങളുടെ ത്യാഗപൂർണ്ണമായ സഹായങ്ങളെപ്പറ്റി എനിക്കോ ഭാര്യയ്ക്കോ യാതൊരു കുണ്ഠിതവും ഇല്ല. ക്രിസ്തുവിന്റെ ശരീരം പണിയപ്പെടണമെങ്കിൽ ഒരു വില കൊടുക്കേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു.

**എന്റെ ഭാര്യ സന്ദർശകർക്കായി പലതവണ ഭക്ഷണം പാകം ചെയ്യുകയും ഞങ്ങളുടെ വീട്ടിൽ അമ്മമാർ ഏല്പിച്ചിട്ടുപോയിരുന്ന കുഞ്ഞുങ്ങളെ പകൽസമയത്ത് നോക്കുകയും ചെയ്തിരുന്നു. ബാംഗ്ലൂർ സന്ദർശിച്ചിരുന്ന പല കുടുംബങ്ങൾ ഞങ്ങളുടെ വീട്ടിൽ താമസിച്ചിട്ടുണ്ട്. അത്തരം സന്ദർശകരിൽ ഒരാൾ ഒരു പന്തുപോലെ ഞങ്ങളുടെ ഒരു കുഞ്ഞിനെ മുകളിലേക്ക് എറിഞ്ഞപ്പോൾ കോൺക്രീറ്റ് തറയിൽ വീണ സംഭവം മറന്നിട്ടില്ല.**

ക്രമേണ ഞങ്ങൾ മനസ്സിലാക്കി, സാമൂഹികസേവനത്തിനായല്ല, ക്രിസ്തുശിഷ്യരെ ഉളവാക്കുവാനാണ് ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നതെന്ന്. ഞങ്ങളുടെ സഹായം നിലച്ചപ്പോൾ അങ്ങനെ ഞങ്ങൾ സഹായിച്ച എല്ലാവരും തന്നെ ഒട്ടൊഴിയാതെ സഭവിട്ടുപോയി എന്ന സത്യവും ഞങ്ങൾ ഗ്രഹിച്ചു. ക്രിസ്തുവിന്റെ ശിഷ്യരായിരിക്കുന്നതിൽ യാതൊരു താത്പര്യവും ഇല്ലാതെ സാമ്പത്തികവും ഭൗതികവുമായ സഹായം മാത്രം ലക്ഷ്യമാക്കി വന്നവരായിരുന്നു ഇക്കൂട്ടരെന്ന് വ്യക്തമായിരുന്നു. സാമ്പത്തികസഹായത്തിനും സൗജന്യസേവനത്തിനും വേണ്ടി പരക്കംപായുന്നവരാണ് ലോകത്തിലെ നിരവധി ആളുകളും! ഞങ്ങൾ അല്പം വൈകിയാണെങ്കിലും വിലപ്പെട്ട ഈ പാഠം പഠിക്കുകയും ശിഷ്യരെ വാർത്തെടുക്കുന്ന ശുശ്രൂഷയിൽ ശ്രദ്ധപതിപ്പിക്കാൻ നിശ്ചയിക്കയും ചെയ്തു. ഇപ്പോഴും അവസരം കിട്ടുമ്പോൾ ഞങ്ങൾ ദരിദ്രരെ സഹായിക്കുന്നുണ്ട്, പക്ഷേ കുറേക്കൂടെ ജ്ഞാനത്തോടെയാണ് എന്ന വ്യത്യാസമുണ്ട്.

**ആക്ഷരികാനുസരണം (Legalism)**

വിശുദ്ധിയുടെ മാർഗ്ഗം പിന്തുടരുന്നതിൽ

രണ്ടാമതായി ഞങ്ങൾക്കുണ്ടായ വീഴ്ച തിരുവെഴുത്തുകളുടെ ആത്മാവിനെക്കാൾ അക്ഷരങ്ങൾക്ക് ഊന്നൽ കൊടുത്തതാണ്. വിശുദ്ധിയും പൂർണ്ണതയും പിൻതുടരുന്ന മിക്കവാറും എല്ലാ സമൂഹങ്ങൾക്കും ഉണ്ടായിട്ടുള്ള ഒരു വീഴ്ചയാണിത്. ബാഹ്യമായ കാര്യങ്ങളിലല്ല, നമ്മുടെ മനോഭാവത്തിലാണ് ലൗകികത കുടികൊള്ളുന്നതെന്ന് ഞങ്ങൾ ഗ്രഹിച്ചിരുന്നു. എങ്കിൽ തന്നെ വസ്ത്രധാരണരീതി, മുടിയുടെ നീളം തുടങ്ങിയ ബാഹ്യമായ ചില കാര്യങ്ങളെ ഞങ്ങൾ പ്രധാനപ്പെട്ടതായിക്കരുതി. അക്കാലത്ത് ഞങ്ങളുടെ ഇടയിൽ സന്ദർശകരായി വന്ന് വചനം പ്രസംഗിച്ച 'വിശുദ്ധിയുടെ' പ്രസംഗകരുടെ സ്വാധീനം ഈ കാര്യത്തിൽ ഉണ്ടായി. അവരുടെ ചില പഠിപ്പിക്കലുകൾ തികച്ചും നല്ലതായിരുന്നെങ്കിലും ആക്ഷരികതയുടെ ശക്തമായ സ്വാധീനം അവരുടെ ശുശ്രൂഷയിൽ ഉണ്ടായിരുന്നു. കോഴിയിറച്ചിക്കറിയിൽ ഒരു ചത്ത പല്ലി വീണാൽ ഭക്ഷണം കഴിക്കുന്നവർ വിഷബാധയാൽ മരിച്ചുപോകാൻ സാദ്ധ്യതയുണ്ടല്ലോ? അത്തരം ഒരവസ്ഥയിലായി ഞങ്ങൾ. ക്രമേണ ഞങ്ങൾ ഗ്രഹിച്ചു, കേവലം ബാഹ്യമായ മാറ്റങ്ങൾ ഒരുവനെ വലിയ പരീശനാക്കുകയേ ഉള്ളൂ എന്ന്! മിക്ക സുവിശേഷവിഹിതസഭകളും ഒന്നുകിൽ തികഞ്ഞ ലോകമയത്വത്തിലോ അല്ലെങ്കിൽ എതിർദിശയിലുള്ള ആക്ഷരികതയിലോ പെട്ടിരിക്കുന്നു. ഈ രണ്ട് വഴികൾക്കിടയിലൂടെ ജീവനിലേക്കുള്ള ഇടുങ്ങിയ പാത കണ്ടെത്തുക എപ്പോഴും എളുപ്പമായിരുന്നില്ല. എന്നാൽ ആ പാത കണ്ടെത്തുന്നതിലായിരുന്നു ഞങ്ങളുടെ താത്പര്യം. ദൈവകൃപയാൽ സാവധാനത്തിൽ ആ പാത കണ്ടെത്തുകയും, ആത്മാവിൽ നടക്കുന്നത് ഞങ്ങളുടെ അനുഭവമായിത്തീരുകയും ചെയ്തു.

**അന്തർമുഖത്വം.** വിശുദ്ധിയുടെ മാർഗ്ഗത്തിൽ ഞങ്ങൾക്കു പറ്റിയ മറ്റൊരു

**മിക്ക സുവിശേഷവിഹിതസഭകളും ഒന്നുകിൽ തികഞ്ഞ ലോകമയത്വത്തിലോ അല്ലെങ്കിൽ എതിർദിശയിലുള്ള ആക്ഷരികതയിലോ പെട്ടിരിക്കുന്നു. ഈ രണ്ട് വഴികൾക്കിടയിലൂടെ ജീവനിലേക്കുള്ള ഇടുങ്ങിയ പാത കണ്ടെത്തുക എപ്പോഴും എളുപ്പമായിരുന്നില്ല. എന്നാൽ ആ പാത കണ്ടെത്തുന്നതിലായിരുന്നു ഞങ്ങളുടെ താൽപര്യം.**

അബദ്ധം നിരന്തരമായ അന്തർമുഖത്വം ആയിരുന്നു. ഞങ്ങളുടെ ജഡത്തിലുള്ള തിന്മകൾ-ജഡം എന്നു പറയുന്നത് അടിത്തട്ടില്ലാത്ത ഒരു അഗാധഗർത്തമാണല്ലോ-ചികഞ്ഞെടുത്ത് സ്വയംശോധന ചെയ്യുകയായിരുന്നു മിക്കപ്പോഴും ഞങ്ങൾ ചെയ്തിരുന്നത് (റോമർ 7:18). അക്കാലത്ത് ഞങ്ങൾ പാടിയിരുന്ന പാട്ടുകൾ പോലും സ്വയശോധനയുടെ സന്ദേശംമാത്രം ഉൾക്കൊള്ളുന്നവയായിരുന്നു. ദൈവത്തിന് സ്തുതിപാടുന്ന അഥവാ, നന്ദിപറയുകമാത്രം ചെയ്യുന്ന പാട്ടുകൾ തികച്ചും അപ്രത്യക്ഷമായിരുന്നു. തൽഫലമായി ഞങ്ങൾ സ്വയം മ്ലാനവദനരും ദുർമുഖരും ആയിത്തീർന്നതുമാത്രമല്ല മറ്റുള്ളവരെ നിർദ്ദയം വിധിക്കുന്നവരായിത്തീരുകയും ചെയ്തു. ദൈവം ഞങ്ങളോടുള്ള മഹാസ്നേഹത്തിൽ ആക്ഷരികതയുടെ സ്വാധീനം ഞങ്ങളുടെ ഇടയിൽ നിന്നു നീക്കുകയും ഞങ്ങളെ നിരുത്സാഹപ്പെടുത്തിയിരുന്ന പാട്ടുകൾക്ക് അവസാനം വരുത്തുകയും ചെയ്തു. "ദൈവപുത്രന്മാരുടെ തേജസ്സുള്ള സ്വാതന്ത്ര്യത്തിലേക്ക്" അവിടുന്ന് ഞങ്ങളെ നടത്തി. ഞങ്ങളിലേക്കു തന്നെ നോക്കിയല്ല, യേശുവിനെ മാത്രം നോക്കിയാണ് ക്രിസ്തീ





യഓട്ടം ഓടേണ്ടത് എന്ന കാര്യം ദൈവം ഞങ്ങളെ ഗ്രഹിപ്പിച്ചു. യേശുവിന്റെ മഹത്വം കൂടുതൽ കൂടുതൽ കാണുമ്പോഴാണ് നാം നമ്മുടെ കുറവുകളും ആവശ്യങ്ങളും അധികമായി കാണാനും അംഗീകരിക്കാനും തുടങ്ങുന്നത്. അപ്പോൾ ആ പാപങ്ങളിൽ നിന്ന് നമ്മെ വിടുവിക്കാനായി നമുക്ക് കർത്താവിനെ വിശ്വസിക്കാൻ കഴിയും. ഈ മാർഗ്ഗത്തിൽ മ്ലാനതയ്ക്കോ നിരുത്സാഹതയ്ക്കോ ഇടം ഉണ്ടായിരിക്കയില്ല.

**ആത്മാവിന്റെ വരങ്ങൾ.** ആത്മാവിന്റെ വരങ്ങളെ അവഗണിച്ചതായിരുന്നു മറ്റൊരു വീഴ്ച. ഒരു സഭ എന്ന നിലയിൽ ആത്മസ്നാനത്തിനും ആത്മാവിന്റെ വരങ്ങൾക്കും തുടക്കത്തിൽ ഞങ്ങൾ ഊന്നൽ കൊടുത്തിരുന്നു. എന്നാൽ ആത്മാവിന്റെ ഫലങ്ങൾക്കായുള്ള അന്വേഷണത്തിൽ ആത്മവരങ്ങൾ അവഗണിക്കപ്പെടുകയാണുണ്ടായത്. കാരിസ്മാറ്റിക്കുകളുടെയും പെന്തെക്കോസ്തരുടെയും മദ്ധ്യത്തിലുള്ള പരിധിവിട്ട പ്രവണതകൾക്കെതിരെയുള്ള ഒരു കടുത്ത പ്രതികരണം എന്ന നിലയിലാണ് ഇത് സംഭവിച്ചത്. കൂടാതെ ആത്മവരങ്ങളെപ്പറ്റി ഒരിക്കലും പ്രസംഗിക്കാതിരുന്ന പല പ്രസംഗകരുടെ സ്വാധീനവും ഇതിന് കാരണമായിരുന്നു. ഫലമോ, ആദിമക്രിസ്തുശിഷ്യർ അനുഭവിച്ചിരുന്ന പരിശുദ്ധാത്മശക്തി ഞങ്ങളുടെ ഇടയിൽ വിശ്വാസികൾ പലരും ഒരിക്കലും അനുഭവിക്കാതെയായി. ആത്മാവിന്റെ ശക്തിയെപ്പറ്റി ഊന്നൽ നൽകുകയും പ്രസംഗിക്കയും ചെയ്യുന്ന അവസ്ഥയിലേക്ക് വരാൻ വർഷങ്ങൾ വേണ്ടിവന്നു.

**സ്ത്രീകളുടെ ശുശ്രൂഷ.** പുരുഷമേധാവിത്വം ആയിരുന്നു ഞങ്ങളുടെ മറ്റൊരു അബദ്ധം. സ്ത്രീകളെ നിശ്ശബ്ദരാക്കി ഇരുത്തുന്ന യഹൂദ (ബ്രദറൺസഭയുടെ) പരിചയമാണ് ഞങ്ങളും പിന്തുടർന്നത്. സഹോദരിമാരെ

**കഴിഞ്ഞ നൂറ്റാണ്ടുകളിൽ ദൈവം എഴുന്നേൽപ്പിച്ച ഏതൊരു ആത്മീയമുന്നേറ്റത്തിൽനിന്നും ഞങ്ങളും വിഭിന്നരല്ല. താഴ്ചയിലും നുറുക്കത്തിലും ദൈവമുമ്പാകെ നടക്കയും, വിശ്വസ്തതയിൽ അവസാനം വരെ കാക്കപ്പെടാനുള്ള പ്രാർത്ഥനയോടെ നിലകൊള്ളുകയും മാത്രമാണ് ഞങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത്.**

പ്രാർത്ഥിക്കാൻ അനുവദിച്ചിരുന്നെങ്കിലും ദൈവവചനം സംസാരിക്കാനോ, ഇളയസഹോദരിമാരെ ഉത്സാഹിപ്പിക്കാനോ ഒരിക്കലും അവരെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. പുതിയനിയമകാലത്ത് 'ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും' (പ്രവൃ.2:17) എന്ന സത്യം ഞങ്ങൾ മറന്നുപോയി. തന്മൂലം ഈ മേഖലയിൽ പലവർഷങ്ങൾ ഞങ്ങൾ ഒരു പഴയനിയമസഭയായിത്തുടർന്നു. പലരും മുമ്പുള്ള അവരുടെ സഭകളിലേ പാരമ്പര്യങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്നതിനാൽ ഈ വിഷയത്തിൽ ഒരു മാറ്റം വളരെ സാവധാനത്തിലായിരുന്നു. എന്നാൽ സന്തോഷകരമായ കാര്യം, സഹോദരിമാരുടെ ശുശ്രൂഷയിൽ സാവധാനത്തിലാണെങ്കിലും ഒരു മാറ്റം ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.

അത്ര ഗൗരവതരമല്ലാത്ത മറ്റ് വീഴ്ചകളും ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ മഹാകരുണയാൽ ഞങ്ങൾ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നു.

കർത്താവിന്റെ ശിഷ്യരായിരിക്കുന്നതിൽ മനസ്സുവയ്ക്കാത്ത കൂടുതൽ പേർ അംഗങ്ങളാകുന്നതോടെ എല്ലാ ആത്മീ

*ശേഷം പേജ് 31 ൽ*

# മേബൽ ഫ്രാൻസിസ്:

## ഉദയസൂര്യന്റെ നാട്ടിലെ നീതിസൂര്യന്റെ ജ്വാല

മാത്യു ജോർജ്

സമകാലികരായ മറ്റു മിഷനറിമാരുടെ ജീവിതത്തിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു മേബൽ ഫ്രാൻസിസിന്റെ ജീവിതം. ക്രിസ്തീയശുശ്രൂഷാരംഗത്തും അവർ വ്യത്യസ്തയായിരുന്നു. അവരുടെ ജീവിതത്തിന്റെ സിംഹഭാഗവും ആരാലും അറിയപ്പെടാതെ കഴിഞ്ഞു. 'സർവ്വസൃഷ്ടിയോടും സുവിശേഷം' എന്ന ബാനറിൽ ക്രൂസേഡുകളോ, സുവിശേഷപ്രവർത്തനങ്ങൾക്കായി ലക്ഷക്കണക്കിന് ഡോളറുകളോ ഇല്ലാതെ ദീർഘകാലം ജപ്പാനിൽ മിഷനറിയായിരുന്ന ഈ ധീരവനിതയുടെ ജീവിതം തികച്ചും അപ്രസക്തമായിത്തോന്നിയെങ്കിൽ അതിൽ അത്ഭുതത്തിന് അവകാശമില്ല. എന്നാൽ നീണ്ട 56 വർഷത്തെ മിഷനറിവേലയുടെ ഒടുവിൽ ജപ്പാനിലെ ഏറ്റവും പ്രസിദ്ധയായ 'വിദേശവനിത' ആരെന്നു ചോദിച്ചാൽ മേബൽ ഫ്രാൻസിസ് എന്ന ഒറ്റ ഉത്തരമേ ലഭിക്കുമായിരുന്നുള്ളൂ.

അമേരിക്കയിലെ ന്യൂഹാംപ്ഷയറിൽ 1880 ൽ മേബൽ പിറന്നു. യൗവനത്തിന്റെ ആരംഭത്തിൽ താൻ സ്നേഹിച്ചിരുന്ന യുവാവ് വിവാഹത്തിനുമുമ്പേ അകാലത്തിൽ മരണമടഞ്ഞത് മേബലിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. തെരുവുകളിലും നാൽക്കവലകളിലും നിന്നുകൊണ്ട് സുവിശേഷം പ്രസംഗിക്കുന്ന ഒരു സഞ്ചാരസുവിശേഷകയായി മേബൽ ശുശ്രൂഷ തുടങ്ങി. കേവലം 19 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ജപ്പാനിൽ ഒരു മിഷനറിയായി പ്രവർത്തിക്കാൻ ദൈവം തന്നെ വിളിക്കുന്നതായി മേബലിന് തോന്നി. പത്തുവർഷക്കാലം ഈ ഉൾവിളിയുമായി അവർ സുവിശേഷീകരണ യത്നങ്ങളിൽ മുഴുകി. 1909 ലാണ് ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ് എന്ന മിഷനറിപ്രസ്ഥാനത്തിന്റെ ഭാഗമായി അവർ ജപ്പാനിലെത്തിയത്. 4 വർഷങ്ങൾക്കുശേഷം മേബലിന്റെ സഹോദരനും മിഷനറിയായി ജപ്പാനിലെത്തി. അവർ ഒരുമിച്ച് ഇരുപത് പുതിയ ക്രിസ്തീയസഭകൾ സ്ഥാപിച്ചു. 1922 ൽ ചെറിയ പ്രായത്തിൽവിധവയായിത്തീർന്ന സഹോദരി ആനിയും അവരോടൊപ്പം ജപ്പാനിലെത്തി. അടുത്ത 40 വർഷക്കാലം സഹോദരിമാരായ മേബലും ആനിയും മിക്കവാറും ഒരുമിച്ച് മിഷനറിവേലയിലായിരുന്നു. മേബൽ സുവിശേഷപ്രവർത്തനത്തിൽ ശ്രദ്ധപതിപ്പിച്ചപ്പോൾ ആനി അദ്ധ്യാപികയായി ജപ്പാനിൽ അനേകരെ അറിവിന്റെ ലോകത്തിലേക്ക് നയിച്ചു.





അമേരിക്കയിൽ 1930 കൾ കടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ കാലഘട്ടമായിരുന്നു. അലയൻസ്പ്രസ്ഥാനം സാമ്പത്തികമായ കടുത്ത പ്രതിസന്ധിയെ നേരിട്ടതിനാൽ അവരുടെ എല്ലാ മിഷനറിമാരേയും തിരികെ വിളിച്ചു. സഹപ്രവർത്തകരെല്ലാം മാതൃരാജ്യങ്ങളിലേക്ക് മടങ്ങിപ്പോയപ്പോഴും മേബലും സഹോദരിയും മടങ്ങിപ്പോകാൻ വിസമ്മതിച്ചു. മിഷനറിവേല സാമ്പത്തിക കാരണം പറഞ്ഞ് പാതിവഴിയിൽ ഉപേക്ഷിക്കാൻ അവർ തയ്യാറായില്ല. ജപ്പാനിലെ സുവിശേഷത്തിന്റെ ആവശ്യം അത്ര വലുതായിരുന്നു. അമേരിക്കയിലെ അഭ്യുദയകാംക്ഷികളിൽ നിന്നും വല്ലപ്പോഴുമൊക്കെ പണം ലഭിച്ചിരുന്നു എങ്കിലും ഇരുവർക്കും മുമ്പോട്ടുള്ള ജീവിതം തികച്ചും ബുദ്ധിമുട്ടുകൾ നിറഞ്ഞതായിരുന്നു. മേബൽ തന്റെ സൈക്കിളിൽ ആയിരുന്നു സുവിശേഷദൗത്യത്തിനായി ചുറ്റിസഞ്ചരിച്ചിരുന്നത്. ബസ്സിൽ യാത്രചെയ്യാൻ അല്പം പണം ഉണ്ടായിരുന്നെങ്കിൽ എന്ന് അവർ പലവട്ടം ആശിച്ചിരുന്നു. തന്നെക്കാൾ പ്രാപ്തിയുള്ള പുരുഷന്മാർ കടന്നുവന്ന് ഈ വേല ഏറ്റെടുത്തിരുന്നെങ്കിൽ! ഗ്രാമങ്ങളിലെ ചെമ്മൺ പാതകളിലൂടെ നെടുകയും കുറുകെയും സൈക്കിൾ സവാരി നടത്തേണ്ട പുരുഷന്മാർ എവിടെ? ഒരു ഭർത്താവിനായി കൊതിച്ചിട്ടും അത് നിഷേധിക്കപ്പെട്ട് അവിവാഹിതയായിത്തുടരാൻ വിധിക്കപ്പെട്ട തന്റെ അവസ്ഥയോർത്ത് മേബൽ പലപ്പോഴും ദുഃഖിച്ചിട്ടുണ്ട്. ആ അനുഭവങ്ങളുടെ ഓർമ്മകൾ അയവിറക്കിക്കൊണ്ട് ഒരിക്കൽ മേബൽ ഇപ്രകാരം പറഞ്ഞു:



പോർക്കളമേട്ടിൽ പതറാതെ: മേബൽ ഫ്രാൻസിസ്

"ഞാൻ വളരെ നിരുത്സാഹത്തിലാകുകയും മിഷനറിവേല അത്യധികം വിശാലമായതെന്ന് ഗ്രഹിക്കയും ചെയ്തപ്പോൾ, വിവാഹിതയായിരുന്നെങ്കിൽ ഒരു ഭർത്താവിന്റെ തണലിൽ, അദ്ദേഹത്തെ അനുഗമിച്ച് കുറെയൊക്കെ എനിക്കും അദ്ധ്വാനിക്കാമായിരുന്നു എന്നു ചിന്തിച്ചു. പക്ഷേ ഞാൻ ഒറ്റയ്ക്ക് എന്തുചെയ്യും?" ഇത്തരം ചിന്തകൾ എന്നെതികച്ചും ആശയറ്റവളാക്കിയിരുന്നു.

"എന്നാൽ കർത്താവ് എന്നോട് ഇപ്രകാരം പറഞ്ഞു: 'മേബൽ, നീ തെറ്റായ ദിശയിലാണ് ചിന്തിക്കുന്നത്. എനിക്ക് നിന്റെ ജീവിതത്തെപ്പറ്റി വ്യക്തമായ ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയിൽ നിനക്ക് ഒരു വിവാഹം ഞാൻ ഒരുക്കിയിട്ടില്ലായിരുന്നു!" കർത്താവിന്റെ വ്യക്തമായ ഈ വാക്കുകൾ വർഷങ്ങൾക്കുമുമ്പ് കേട്ട നിമിഷം മൂടൽമഞ്ഞ് നീങ്ങുകയായിരുന്നു. അന്നുമുതൽ വിവാഹത്തെപ്പറ്റിയുള്ള ചിന്തകൾ എന്നെ ഒട്ടും അലോസരപ്പെടുത്തിയിട്ടില്ല."

ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിൽ തുടങ്ങിയ ബുദ്ധിമുട്ടുള്ള കാലഘട്ടം, രണ്ടാംലോകമഹായുദ്ധത്തിന്റെ ഒടുവിൽ ജപ്പാൻ അമേരിക്കയുടെ പേൾ ഹാർബറിൽ ആദ്യമായി ബോംബുവർഷം നടത്തിയതോടെ മൂർദ്ധന്യാവസ്ഥയിലെത്തി. തുടക്കത്തിൽ മേബൽ-ആനി സഹോദരിമാരെ വീട്ടുതടങ്കലിലാക്കി. കുറെയൊക്കെ സ്വാതന്ത്ര്യം അപ്പോൾ ലഭ്യമായിരുന്നു. എന്നാൽ വൈകാതെ ഒരു കത്തോലിക്കാ ആശ്രമത്തിൽ തുട

ങ്ങിയ തടവുകാരുടെ ക്യാബിനിലേക്ക് ഇരുവരേയും കൊണ്ടുപോയി. കഠിനമായ ശാരീരികാദ്ധ്വാനവും മാനസികപീഡനവും ആ നാളുകളിൽ അവർ അനുഭവിച്ചു.

യുദ്ധം അവസാനിച്ചപ്പോൾ ജീവകാരുണ്യപ്രവർത്തനങ്ങളിൽ മേബൽ ഫ്രാൻസിസ് മുഴുകി. സഹപ്രവർത്തകരുടെ അഭാവവും, മെഡിക്കൽ സാമഗ്രികളുടെ കുറവും വളരെ ബുദ്ധിമുട്ടുണ്ടാക്കി. യുദ്ധാനന്തരം സുവിശേഷീകരണത്തിന് ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ വിശാലമായ വാതിൽ ജപ്പാനിൽ തുറന്നുകിട്ടിയത് അമേരിക്കയിലെ ക്രിസ്തീയസമൂഹം പ്രയോജനപ്പെടുത്തിയില്ല. ഒരായിരം മിഷനറിമാരെ അയക്കേണ്ട സ്ഥാനത്ത് സഭകൾ നിഷ്ക്രിയത്വം പാലിച്ചതായി മേബൽ വിലപിക്കുകയുണ്ടായി. “രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതിനുശേഷമുള്ള ആദ്യത്തെ ഒരു ദശകം ജപ്പാൻകാർ സുവിശേഷത്തിനായി മനസ്സും ഹൃദയവും തുറന്നിരുന്നു. എന്നാൽ ആ സുവർണ്ണാവസരം പാഴാക്കിക്കളഞ്ഞ നാം ഇന്ന് ജനഹൃദയങ്ങളിൽ എത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥയായി.”

അന്യനാട്ടുകാരുമായുള്ള ആശയവിനിമയത്തിനായി യാതൊരു വിധ പരിശീലനവും ലഭിച്ചിട്ടില്ലാതിരുന്ന മേബൽ, അവർ അടുത്തറിഞ്ഞ ജപ്പാൻ ജനതയുടെ ഹൃദയം കവർന്നു. എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് സൈക്കിൾസവാരി നടത്തിയിരുന്ന ഈ വിദേശവനിതയെക്കണ്ട് കുട്ടിക്കാലത്ത് അത്ഭുതം കൂറിയിരുന്ന നാട്ടുകാരിയായ ഒരു ചെറുപ്പക്കാരി പിന്നീട് ക്രിസ്തീയവിശ്വാസത്തിലേക്ക് വരാൻ ഇടയായി. ഒരിക്കൽ അവൾ ഒരു ക്രിസ്തീയമീറ്റിംഗിനായി കടന്നുവന്നപ്പോൾ വചനം പ്രസംഗിക്കുന്ന ആൾ കുട്ടിക്കാലത്ത് തന്നെ അത്ഭുതപ്പെടുത്തിയ ആ വിദേശവനിതതന്നെയാ

**അന്യനാട്ടുകാരുമായുള്ള ആശയവിനിമയത്തിനായി യാതൊരു വിധ പരിശീലനവും ലഭിച്ചിട്ടില്ലായിരുന്ന മേബൽ, അവർ അടുത്തറിഞ്ഞ ജപ്പാൻ ജനതയുടെ ഹൃദയം കവർന്നു. എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് സൈക്കിൾസവാരി നടത്തിയിരുന്ന ഈ വിദേശവനിതയെക്കണ്ട് കുട്ടിക്കാലത്ത് അത്ഭുതം കൂറിയിരുന്ന നാട്ടുകാരിയായ ഒരു ചെറുപ്പക്കാരി പിന്നീട് ക്രിസ്തീയവിശ്വാസത്തിലേക്ക് വരാൻ ഇടയായി.**

ണെന്ന് തിരിച്ചറിഞ്ഞു. ഇത്തരം രസകരമായ നിരവധി അനുഭവങ്ങൾ മേബലിന് ഓർക്കാനുണ്ട്.

തനിക്ക് അന്യമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ മിഷനറിവേല ആസൂത്രണം ചെയ്യാനുള്ള തന്റെ ആഗ്രഹങ്ങളും ആ വിഷയത്തിൽ നേരിടേണ്ടിവന്ന പോരാട്ടങ്ങളും ഒക്കെ സത്യസന്ധമായി മേബൽ പറഞ്ഞിട്ടുണ്ട്. ആത്മീയപാഠങ്ങൾ ഉൾക്കൊള്ളുന്നതിൽ ഒട്ടും ഗൗരവം കൈവിടാതെ തന്നെ നർമ്മബോധത്തോടെ കാര്യങ്ങളെ കാണാനുള്ള പ്രത്യേകകഴിവ് അവർക്കുണ്ടായിരുന്നു. ഉദാഹരണമായി ഒരു സംഭവം:

അത്ഭുതകരമായ വിധം രക്ഷിക്കപ്പെട്ട പ്രായമുള്ള ഒരു ജപ്പാൻകാരനായ സഹോദരൻ കൂടെക്കൂടെ തന്റെ ചെറിയ കൂട്ടായ്മയോഗങ്ങളിൽ എഴുന്നേറ്റുനിന്ന് കർത്താവിനെ മഹത്വപ്പെടുത്താനായി ദീർഘമായി സാക്ഷ്യം പറയുമായിരുന്നു. തന്റെ പല്ലുകൾ മിക്കവാറും നഷ്ടപ്പെട്ടതിനാൽ തികച്ചും അവ്യക്തമായി സംസാരിച്ചിരുന്ന അയാൾ പറയുന്നതു ഒന്നും വ്യക്തമായിരുന്നില്ല! ആ മീറ്റിംഗുകളിൽ ഇരുന്ന്





മേബൽ തികച്ചും അക്ഷമയായി എന്നാൽ നിശ്ശബ്ദയായി, പ്രാർത്ഥിക്കുമായിരുന്നു: ‘കർത്താവേ! അയാളോട് ഒന്നു നിർത്താൻ പറയണേ. അയാൾ മീറ്റിംഗിന്റെ അന്തരീക്ഷം ആകെ നശിപ്പിക്കുകയാണ്! എല്ലാം താറുമാറാകും’ ഒരു രാത്രി കർത്താവ് മേബലിനോട് പറഞ്ഞു :‘ ആ വൃദ്ധനായ മനുഷ്യന്റെ തലയ്ക്കുമുകളിലൂടെ ജനത്തെ അനുഗ്രഹിക്കാൻ എനിക്കുകഴിയും. അവൻ എന്നെ മഹത്വപ്പെടുത്താനുള്ള ആഗ്രഹത്തോടെയാണ് നിൽക്കുന്നത്. പക്ഷേ നിശ്ശബ്ദയായി ഇരുന്ന് ഈ കാര്യത്തെ ഓർത്ത് പിറുപിറുക്കുന്ന നിന്റെ മനോഭാവം എനിക്ക് ദുസ്സഹമായിത്തോന്നുന്നു.’ തികച്ചു ലജ്ജയോടെ മേബൽ തന്റെ അസ്വസ്ഥതയുടെ ആത്മാവിനെ കർത്താവിന്റെ സന്നിധിയിൽ അടിയറ വയ്ക്കാൻ തയ്യാറായി. അന്നുമുതൽ എന്തൊരുസ്വാതന്ത്ര്യമാണ് അവർ അനുഭവിച്ചതെന്ന് പറഞ്ഞറിയിക്കാൻ പ്രയാസമാണ്.

രണ്ടാംലോകമഹായുദ്ധം അവസാനിച്ച് ഒരു ദശകം കഴിഞ്ഞപ്പോൾ ജപ്പാനിലെ ഗവൺമെന്റ് മേബലിന്റെയും സഹോദരി ആനിയുടെയും നിസ്വാർത്ഥസേവനം മാനിച്ച് അവരെ പരസ്യമായി ബഹുമാനിക്കുകയുണ്ടായി. സർക്കാരിന്റെ ഔദ്യോഗികപരിപാടികളിൽ അവരോട് പ്രസംഗിക്കാൻ ആവശ്യപ്പെടുമായിരുന്നു. 1962 ൽ ചക്രവർത്തി, ജപ്പാന്റെ പരമോന്നതബഹുമതി നൽകി മേബൽ ഫ്രാൻസിസിനെ ആദരിച്ചു. “പരാജയത്തിന്റെ കൈപ്പുനീർ കുടിച്ചുകൊണ്ട് കഷ്ടതയിലായിരുന്ന ജപ്പാൻ ജനതയുടെ ഉന്നമനത്തിനായി ത്യാഗോജ്ജ്വലമായ സേവനം കാഴ്ചവച്ചതിനാണ്” ഈ ബഹുമതി എന്ന് വ്യക്തമാക്കിയിരുന്നു. ദീർഘവർഷങ്ങൾക്കുശേഷം അമേരിക്കയിൽ ഒരു പര്യടനം നടത്തിമടങ്ങിവന്നപ്പോൾ 83 -ാം വയസ്സിലായിരുന്നു ജപ്പാന്റെ പരമോന്നതബഹുമതി ലഭിച്ചത്. അതിനു

**ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം, ആത്മനിറവുള്ള ജീവിതത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ, ജപ്പാൻ ജനതയോടുള്ള ആഴമായ സ്നേഹം, ത്യാഗപൂർണ്ണമായ ജീവിതശൈലി തുടങ്ങിയ കാര്യങ്ങളെപ്പറ്റി മേബൽ ഫ്രാൻസിസിന്റെ ചുണ്ടുകൾ നിശ്ശബ്ദമായി എന്നാൽ ഇന്നും വാചാലമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.**

ശേഷവും ഒട്ടും മടുപ്പില്ലാതെ മരണം വരെ മേബൽ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ജീവിക്കുന്നസാക്ഷിയായി ജപ്പാന്റെ മണ്ണിൽ തുടരുകയായിരുന്നു.

മേബൽഫ്രാൻസിസിന്റെ 1993 ൽ പ്രസിദ്ധീകരിച്ച ആത്മകഥയുടെ പേര് ‘ഒരുവൾ ആയിരം പേരേ പിൻതുടർന്ന് ഓടിക്കും’ എന്നാണ്. ജപ്പാനിലേക്ക് അത്യാവശ്യസാധനങ്ങളുമായി ഏകയായി വന്ന മേബൽ നൂറുകണക്കിന് ജപ്പാൻകാരെ ക്രിസ്തുവിനായി നേടുക എന്ന നിത്യമായ സമ്പത്താണ് കൈവശമാക്കിയത്. മനുഷ്യന്റെ പ്രശംസകൾക്കപ്പുറം ജപ്പാൻജനതയുടെ ഹൃദയം കവരുകയാണ് അവർ ചെയ്തത്. ‘മേബൽ ഫ്രാൻസിസ് ഞങ്ങളിൽ ഒരാളായിരുന്നു’ എന്ന് തദ്ദേശവാസിയായ ഒരു പാസ്റ്റർ പറഞ്ഞത് ഒരു മിഷനറിക്ക് കിട്ടാവുന്ന ഏറ്റവും വലിയ പ്രശംസയാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം, ആത്മനിറവുള്ള ജീവിതത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ, ജപ്പാൻ ജനതയോടുള്ള ആഴമായ സ്നേഹം, ത്യാഗപൂർണ്ണമായ ജീവിതശൈലി തുടങ്ങിയ കാര്യങ്ങളെപ്പറ്റി മേബൽ ഫ്രാൻസിസിന്റെ ചുണ്ടുകൾ നിശ്ശബ്ദമായി എന്നാൽ ഇന്നും വാചാലമായി സംസാരിച്ചുകൊണ്ടിരിക്കുന്നു.!

വചനം

# സമർപ്പണത്തിന്റെ മാർഗ്ഗം

ജോസ് മാത്യു, തിരുവനന്തപുരം

**എ**ല്ലാ കാലഘട്ടങ്ങളിലും ദൈവം തന്റെ ജനത്തിൽനിന്നും പ്രതീക്ഷിക്കുന്നത് അവർ പൂർണ്ണമായും തനിക്കു സമർപ്പിതരായിരിക്കണമെന്നാണ്. പാതിമനസ്സോടെയുള്ള അനുസരണം, സേവനം, സ്നേഹം എന്നിവ അശേഷംപോലും അവിടുത്തെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നില്ല. "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം"[1] എന്ന് യിസ്രായേൽ ജനതയോട് അവിടുന്ന് ആജ്ഞാപിക്കുമ്പോൾ സമ്പൂർണ്ണ സമർപ്പണമായിരുന്നു ദൈവം അവരിൽനിന്ന് പ്രതീക്ഷിച്ചത്. എന്നാലവർ അതിൽ ദയനീയമാംവിധം പരാജയപ്പെടുകയാണുണ്ടായത്. അന്യദേവന്മാരിലേക്കും അധാർമ്മികമായ പാപവഴികളിലേക്കും അതിവേഗം അവർ തിരിഞ്ഞുപോകുന്നതായി നാം കാണുന്നു.

എന്താണീ '*സമർപ്പണം*' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്? നിർബന്ധംകൂടാതെ, ഒരാൾ സ്വയമേവ ദൈവത്തിനായി തന്നെത്താൻ അർപ്പിക്കുന്നു -അതാണ് സമർപ്പണം. ഇംഗ്ലീഷ് ഭാഷയിൽ Consecration, Commitment, dedication, surrender എന്നീ പദങ്ങളെല്ലാം സമർപ്പണത്തെക്കുറിക്കുന്നവയാണ്. ഉന്നതമായ ദൈവികവിളികേട്ട് ഒരാൾ ആയതിലേക്ക് തന്നെത്താൻ വിട്ടുകൊടുക്കുന്നു, ഏല്പിച്ചുകൊടുക്കുന്നു. ദാനീയേലിന്റെ സ്നേഹിതരായ ശദ്രക്, മേശക്ക്, അബേദ്നെഗോ എന്നിവർ തീച്ചൂളയിൽ എറിയപ്പെട്ടതിനെപ്പറ്റി രാജാവിന്റെ ഭാഷ്യം 'രാജകല്പനകൂടെ മറുത്തു തങ്ങളുടെ ദേഹത്തെ അവർ ഏല്പിച്ചുകൊടുത്തു' എന്നായിരുന്നല്ലോ.

സംഖ്യാപുസ്തകം ആറാമധ്യായത്തിൽ നാസീർവൃതസ്ഥർക്കുള്ള പ്രമാണം നോക്കുക:"ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ *യഹോവയ്ക്കു തന്നെത്താൻ സമർപ്പിക്കേണ്ടതിന്* നാസീർവൃതം എന്ന വിശേഷവിധിയായുള്ള വ്രതം ദീക്ഷിക്കുമ്പോൾ..."[2] നിർബ്ബന്ധത്താലല്ല, സ്വമേധയാ നടത്തുന്ന സമർപ്പണമത്രേ ദൈവത്തിന് സ്വീകാര്യം. തന്റെ സമർപ്പിത ജീവിതത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ അതിന്റെ പ്രേരകഘടകം '*ക്രിസ്തുവിന്റെ സ്നേഹം*' മാത്രമാണെന്ന് അപ്പോസ്തലനായ പൗലൊസ് വ്യക്തമാക്കുന്നു.[3]

**തന്നെത്താൻ അർപ്പിച്ച ക്രിസ്തു:** നമ്മുടെ കർത്താവായ യേശുവും തന്റെ പിതാവിന്റെ ഹിതം നിറവേറ്റുവാനായി തന്നെത്താൻ പൂർണ്ണമായും സമർപ്പിച്ചുകൊണ്ടായിരുന്നു ഈ ഭൂമിയിലേക്ക് വന്നത്. അവിടുന്നു പറയുകയാണ്, "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ





എനിക്ക് ഒരുക്കിയിരിക്കുന്നു....ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു."[4] പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനായി യേശു തന്റെ ശരീരവും ദേഹിയും ആത്മാവും സമ്പൂർണ്ണമായും സമർപ്പിച്ചുവെന്നു സാരം. സ്വന്തഹിതം, തൃപ്തി, സന്തോഷം, മാന്യത, നേട്ടങ്ങൾ, പദ്ധതികൾ, ലക്ഷ്യങ്ങൾ എന്നിവ തനിക്ക് പ്രധാനപ്പെട്ടവയായിരുന്നില്ല. വീണ്ടും നാമിപ്രകാരം വായിക്കുന്നു:"നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം....നിങ്ങളുടെ മനസ്സാക്ഷിയെ .... എത്രയധികം ശുദ്ധീകരിക്കും?"[5]

ആത്മമണവാളനായ ക്രിസ്തുവിന് ഒരു തക്കതുണയെയാണ് പരിശുദ്ധാത്മാവ് ഇന്ന് തേടുന്നത്. ഈ ലോകത്തെയും അതിന്റെ നേട്ടങ്ങൾ, മഹത്വം, മാന്യത, പ്രതാപം, ആഢംബരം, സുഖജീവിതം എന്നിവയെയും തള്ളിപ്പറയുന്ന, ദൈവരാജ്യത്തിന്റെ വർദ്ധനയും വ്യാപനവും ലക്ഷ്യമാക്കിയിട്ടുള്ള, സമർപ്പിതയായ ഒരു വധുവായി നാം കണ്ടെത്തപ്പെടുമോ? "ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു"[6] എന്ന തിരിച്ചറിവ് നമുക്കുണ്ടോ?

**സാക്ഷികളുടെ സമൂഹം:** ദൈവഹിതത്തിനുമുമ്പിൽ വിശ്വാസത്താൽ സ്വയം സമർപ്പിച്ച ദൈവഭക്തരായ നിരവധി സ്ത്രീപുരുഷന്മാരെ ബൈബിളിലുടനീളം നമുക്കു കാണാൻ കഴിയും.

നോഹ, അബ്രഹാം എന്നിവരെക്കുറിച്ച് ചിന്തിക്കുക; ഇരുവരും തങ്ങളുടെ തലമുറയിൽ ദൈവത്തിന് സ്വയം അർപ്പിച്ചുകൊണ്ട് വിശ്വാസത്തിന്റെ ചുവടുകൾവച്ച് മുന്നേറിയവരായിരുന്നു[7]. അവർ തങ്ങളുടെ ഭാവി സധൈര്യം ദൈവകരങ്ങളിൽ അർപ്പിച്ചുവെന്നു നമുക്കു കാണാം. അവരുടെ സമർപ്പണത്തെ ദൈവം ആദരിക്കുകയും അവിടുത്തെ സഖിത്വം അവർക്കു ലഭിക്കുകയും ചെയ്തു.!

**ആത്മമണവാളനായ ക്രിസ്തുവിന് ഒരു തക്കതുണയെയാണ് പരിശുദ്ധാത്മാവ് ഇന്ന് തേടുന്നത്. ഈ ലോകത്തെയും അതിന്റെ നേട്ടങ്ങൾ, മഹത്വം, മാന്യത, പ്രതാപം, ആഢംബരം, സുഖജീവിതം എന്നിവയെയും തള്ളിപ്പറയുന്ന, ദൈവരാജ്യത്തിന്റെ വർദ്ധനയും വ്യാപനവും ലക്ഷ്യമാക്കിയിട്ടുള്ള, സമർപ്പിതയായ ഒരു വധുവായി നാം കണ്ടെത്തപ്പെടുമോ?**

'ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്ന പദവി ലഭിച്ച ദാവീദ് 'ഒരു കുറവുമില്ലാത്ത പരിപൂർണ്ണ വ്യക്തി' ആയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സമർപ്പണം ദൈവത്തിനു സ്വീകാര്യമായി. ഫെലിസ്ത്യമല്ലനായ ഗൊല്യാത്തിനെ കേവലം ഒരു കല്ലും കവിണയുമായി നേരിടുമ്പോൾ ദാവീദ് കഷ്ടിച്ച് കൗമാരം കടന്നിട്ടേയുള്ളൂ. സ്വന്തജീവൻതന്നെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ടായിരുന്നു ആ ജീവന്മരണപോരാട്ടം. "നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു..."[8] എന്ന് വിശ്വാസത്തിന്റെ വാക്കുകൾ ഉച്ചരിച്ചുകൊണ്ട് ദാവീദ് ഗൊല്യാത്തിനെ നേരിട്ടു.-ജീവൻ അപകടത്തിലാക്കിക്കൊണ്ടുതന്നെ.

പഴയനിയമകാലഘട്ടത്തിലെ പ്രവാചകന്മാർ മിക്കപേരും യഹൂദജനതയുടെ അപ്രീതിയും പീഡനങ്ങളും സഹിച്ചുകൊണ്ടാണ് തങ്ങളുടെ ശുശ്രൂഷ നിറവേറ്റിയത്; ചിലർ കൊല്ലപ്പെടുകയുമുണ്ടായി. പരിഹാസവും നിന്ദയും അപ

മാനവും എവിടെയും അവരെ പിന്തുർന്നു. പിന്നെ എങ്ങനെയവർ പിടിച്ചുനിന്നുവെന്ന് നാം അത്ഭുതപ്പെട്ടേക്കാം. തങ്ങൾക്കുലഭിച്ച ദൈവിക ദർശനത്തിന്റെ വ്യക്തതയും സമർപ്പണത്തിന്റെ ആഴവും ദൈവഭയവുമായിരുന്നു അവരെ താങ്ങിനിർത്തിയത്.

ക്രിസ്തീയസഭയുടെ കഴിഞ്ഞ ഇരുപതുനൂറ്റാണ്ടുകളുടെ ചരിത്രവും ഇതു വ്യക്തമാക്കുന്നു. അതിക്രൂരമായ പീഡനങ്ങൾക്കു വിധേയരായ വിശ്വാസികൾ മരണത്തെ മുമ്പിൽക്കണ്ട് എങ്ങനെ ഉറച്ചുനിന്നു? കഴിഞ്ഞ അഞ്ചുനൂറ്റാണ്ടുകളായി ആയിരക്കണക്കായ മിഷനറിവീരർ കഷ്ടതകളെ തൃണവൽഗണിച്ചും കുടുംബത്തിന്റെ ഭാവിയെപ്പറ്റി ഭാരപ്പെടാതെയും ജീവൻപണയം വച്ചും എങ്ങനെ സുവിശേഷഘോഷണത്തിൽ മുന്നേറ്റങ്ങൾ നടത്തി? മറുപടി വളരെ ലളിതം-അദൃശ്യദൈവത്തിന്റെ ദർശനവും സ്വജീവനെ വിലയേറിയതായി എണ്ണാതിരിക്കുന്ന സമർപ്പണബോധവും, ക്രിസ്തുവിൻ സ്നേഹത്തിന്റെ നിർബ്ബന്ധവും.

**ചെലവില്ലാത്ത യാഗമോ?** ഇന്ന് ഭൂരിഭാഗം ക്രിസ്തീയവിശ്വാസികളും 'കക്ഷത്തിലിരിക്കുന്നത് പോകാതെ (നഷ്ടമാകാതെ) ഉത്തരത്തിലിരിക്കുന്നത് (ഉയർന്ന ഷെൽഫിൽ ഇരിക്കുന്നത്) കൈവശമാക്കാൻ ' ശ്രമിക്കുന്നവരാണ്. ഈ ഭൂമിയിൽ ലൗകികമായ എല്ലാ സൗഭാഗ്യങ്ങളും പേരും പെരുമയും അംഗീകാരവും അധികാരങ്ങളും ആസ്വദിക്കുകയും പിന്നെ ദൈവരാജ്യത്തിൽ സകലസ്വർഗ്ഗീയ അനുഗ്രഹങ്ങളും അനുഭവിക്കുകയും ചെയ്യാമെന്നവർ കണക്കുകൂട്ടുന്നു. ഇക്കൂട്ടർ മൂഢസ്വർഗ്ഗത്തിലാണെന്നു പറയാതെ വയ്യ. ദാവീദ് രാജാവ് തന്റെ ജീവിതസായാഹ്നത്തിൽ ദൈവത്തിന്റെ ആലയംപണിക്ക് ആവശ്യമായ സാമഗ്രികൾ ജനങ്ങളിൽനിന്ന് ധാരാളമായി ശേഖരിച്ചു; കൂടാതെ ആലയത്തോടുള്ള തന്റെ

**നമ്മുടെ സമർപ്പണവാചകങ്ങളും പ്രാർത്ഥനകളും പലപ്പോഴും അർത്ഥമാക്കാത്ത, പൊള്ളയായ വാക്കുകൾ മാത്രമായിരിക്കുന്നു എന്നതാണ് സത്യം. അവയിലധികവും ചെലവില്ലാത്ത യാഗങ്ങൾ പോലെയാണ്- കഠിനവിശപ്പോടെ കിടന്നുറങ്ങിപ്പോയ ഒരു മനുഷ്യൻ വിഭവസമൃദ്ധമായ സദ്യകഴിക്കുന്നതായി സ്വപ്നം കണ്ടതുപോലെ മാത്രം; അവനു ലഭിച്ച തൃപ്തി കേവലം തോന്നൽ മാത്രമായിരുന്നല്ലോ.**

അതിവാഞ്ഛ നിമിത്തം സ്വന്തസ്വത്തിൽനിന്ന് 3000 താലന്ത് പൊന്നും 7000 താലന്ത് ഊതിക്കഴിച്ച വെള്ളിയും സംഭാവനയായി നൽകി.[9] ഇതുകണ്ട യിസ്രായേൽ ജനം ഉത്സാഹപൂർവ്വം ആലയം പണിക്കുവേണ്ടി ധാരാളമായി അർപ്പണങ്ങൾ നടത്തി. 'അങ്ങനെ ജനം മനഃപൂർവ്വമായി കൊടുത്തതുകൊണ്ട് അവർ സന്തോഷിച്ചു; ഏകാഗ്രഹൃദയത്തോടെ, മനഃപൂർവ്വമായിട്ടായിരുന്നു അവർ യഹോവയ്ക്കു കൊടുത്തത്. ദാവീദ് രാജാവും അത്യന്തം സന്തോഷിച്ചു."[10] ശരിയായ സമർപ്പണത്തിൽ ചെലവും നഷ്ടവും അതോടൊപ്പം വളരെ സന്തോഷവുമുണ്ട് എന്ന വസ്തുത നാം ഗ്രഹിച്ചിരിക്കണം.

ഒരിക്കൽ ഒരു പ്രത്യേക സ്ഥലത്ത് യഹോവയ്ക്ക് യാഗമർപ്പിക്കേണ്ടിവന്നപ്പോൾ സ്ഥലമുടമ സ്ഥലവും യാഗവസ്തുക്കളും സൗജന്യമായി നൽകാമെന്ന് ദാവീദിനെ അറിയിച്ചു; എന്നാൽ ദാവീദിന്റെ മറുപടി ശ്രദ്ധിക്കുക: "അങ്ങനെയല്ല, ഞാൻ അതു നിന്നോട് വിലയ്ക്കേ വാങ്ങുകയുള്ളു; *എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവയ്ക്ക് ഹോമയാഗം കഴിക്കുകയില്ല.*"[11] നമുക്കു ചെലവൊന്നും ഇല്ലാത്ത യാഗങ്ങൾ അഥവാ സമർപ്പണങ്ങൾ മനുഷ്യർക്കു മുമ്പിൽ വിളങ്ങാൻ മാത്രമേ ഉതകൂ എന്നറിയുക; അവയൊരിക്കലും നമ്മുടെ സ്വർഗ്ഗീയപിതാവിന് സ്വീകാര്യമോ പ്രസാദകരമോ ആവുകയില്ല.



**വ്യാജസമർപ്പണങ്ങൾ:** നമ്മുടെ സമർപ്പണവാചകങ്ങളും പ്രാർത്ഥനകളും പലപ്പോഴും അർത്ഥമാക്കാത്ത, പൊള്ളയായ വാക്കുകൾ മാത്രമായിരിക്കുന്നു എന്നതാണ് സത്യം. വൈകാരികമായി നമ്മെ ഉണർത്തിയ ഒരു സന്ദേശത്തിന്റെയോ സാഹചര്യത്തിന്റെയോ പ്രേരണയാൽ നാം ചിലപ്പോൾ സമർപ്പണങ്ങൾ നടത്തിയെന്നുവരാം. എന്നാൽ അവയിലധികവും ചെലവില്ലാത്ത യാഗങ്ങൾ പോലെയാണ്- കഠിനവിശപ്പോടെ കിടന്നുറങ്ങിപ്പോയ ഒരു മനുഷ്യൻ വിഭവസമൃദ്ധമായ സദ്യകഴിക്കുന്നതായി സ്വപ്നം കണ്ടതുപോലെ മാത്രം; അവനു ലഭിച്ച തൃപ്തി കേവലം തോന്നൽ മാത്രമായിരുന്നല്ലോ.

യിരെമ്യാവ് 42, 43 അധ്യായങ്ങളിൽ പൊള്ളയായ സമർപ്പണത്തിനൊരു ദൃഷ്ടാന്തം കാണാം. യഹോവയെ വിട്ടകന്നു ജീവിച്ച യഹൂദജനതയെ ബാബേൽ രാജാവ് നശിപ്പിക്കുകയും പ്രവാസികളായി പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. യഹൂദാ ദേശത്ത് അവശേഷിച്ച ജനം യോഹന്നാൻ മുതലായവരുടെ നേതൃത്വത്തിൽ യിരെമ്യാപ്രവാചകനെ സമീപിച്ച് ദൈവാലോചന അന്വേഷിക്കുകയാണ്. "........ഞങ്ങളോടുള്ള യഹോവയുടെ വാക്ക് ഗുണമായാലും ദോഷമായാലും ഞങ്ങൾ കേട്ടനുസരിക്കും...", അവർ പറഞ്ഞു.[12] എന്നാൽ വാസ്തവത്തിൽ മിസ്രയീമിലേക്കു പുറപ്പെട്ടുപോകാൻ തീരുമാനിക്കുകയും യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്തശേഷം മാത്രമായിരുന്നു അവർ പ്രവാചകനെ സമീപിച്ചത്.[13] തങ്ങളുടെ സ്വന്തം പദ്ധതിവിടാതെ മുറുകെപ്പിടിച്ചു കൊണ്ടും അതിനെ വിട്ടുകളയാൻ മനസ്സില്ലാതെയുമാണ് അവരുടെ വരവ്. അവർ യഹോവയെ അന്വേഷിച്ചതും '*ഞങ്ങൾ കേട്ടനുസരിക്കും*' എന്നു വാഗ്ദാനം ചെയ്തതുമെല്ലാം വെറും പൊള്ളയായ സമർപ്പണമായിരുന്നു!

തുടർന്ന് 'മിസ്രയീമിലേക്ക് നിങ്ങൾ പോകരുത്' എന്ന് പ്രവാചകനിലൂടെ ദൈവം സംസാരിച്ചപ്പോഴായിരുന്നു അവരുടെ സമർപ്പണത്തിന്റെ ചെമ്പു തെളിഞ്ഞത്. ദൈവലോചന നിരാകരിച്ചുകൊണ്ട് തങ്ങളുടെ മുൻപദ്ധതിപ്രകാരം അവർ മിസ്രയീമിലേക്ക് യാത്ര പുറപ്പെട്ടു. തങ്ങളുടെ ദുരുദ്ദേശ്യങ്ങളെ മറച്ചുവെച്ചുകൊണ്ട് ദൈവത്തോട് പൊള്ളയായ ഭംഗിവാക്കുകൾ പറഞ്ഞവരെ "അഹങ്കാരികളായ പുരുഷന്മാർ"[14] എന്ന് ദൈവം വിളിക്കുന്നത് ശ്രദ്ധിക്കുക. നമുക്കിതൊരു മുന്നറിയിപ്പായി സ്വീകരിക്കാം.

നമ്മുടെ സ്വന്തം ഭാവിപദ്ധതികൾ, മക്കളെ സംബന്ധിച്ചുള്ള കണക്കുകൂട്ടലുകൾ, സുഖജീവിതമോഹങ്ങൾ, പ്രശസ്തി, ലൗകികനേട്ടങ്ങൾ, സ്വപ്നങ്ങൾ, ആശകൾ, അഭിലാഷങ്ങൾ എന്നിവയെല്ലാം വിടാതെ മുറുകെപ്പിടിക്കുമ്പോൾത്തന്നെ ക്രിസ്തുവിനായി സമർപ്പിതരുമാണെന്നു കരുതുന്നുവെങ്കിൽ നാം തീർത്തും വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. അത് അയഥാർത്ഥമായ, അഥവാ ആഴംകുറഞ്ഞ സമർപ്പണമാകുന്നു; ദൈവദൃഷ്ടിയിൽ നാം '*അഹങ്കാരികൾ*' തന്നെ. അർത്ഥപൂർണ്ണമായ ഒരു സമർപ്പിതജീവിതത്തിനുള്ള വില നൽകാൻ നാം സന്നദ്ധരാണോ എന്ന് ചിന്തിക്കുക.

മറ്റൊരു ദൃഷ്ടാന്തം കൂടി. വിവാഹിതരായവർ ഒരിക്കൽ തങ്ങൾ പരസ്യമായി ദൈവത്തിനും ദൈവസഭയ്ക്കും

*(ശേഷം പേജ് 26 ൽ)*

നുറുങ്ങുവെട്ടം

# വിശ്രമസ്ഥലങ്ങൾ

**വില്യം ടെമ്പിൾ**

"**നി**ങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ (വിശ്രമസ്ഥലങ്ങൾ) ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." (യോഹന്നാൻ 14:1-3)

**ആത്മികഅവബോധംകൊണ്ട് നാം ക്രിസ്തുവിനോടുള്ള കൂട്ടായ്മ ഒരു ഘട്ടത്തിൽ ഒരളവുവരെ പ്രാപിക്കുകയും അതിൽ വലിയ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ കുറെ നാൾ കഴിയുമ്പോൾ ഇതു മങ്ങിപ്പോവുകയും കുറേക്കൂടി ഉപരിയായ കാര്യങ്ങൾക്കായാണു നമ്മെ വിളിച്ചിരിക്കുന്നതെന്ന ബോധ്യം ഉളവാകുകയും ചെയ്യും. കർത്താവു നമ്മെ വിട്ട് അടുത്ത വിശ്രമസങ്കേതം ഒരുക്കുവാൻ മുന്നോട്ടുപോയിരിക്കുകയാണെന്നർത്ഥം. ഇനിയുള്ളതെല്ലാം നമ്മുടെ പ്രതികരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.**

തന്റെ തോൽവികളെ കണ്ടുമുട്ടുന്നവൻ മോക്ഷയാത്രയിൽ നിരന്തരം മുന്നേറിക്കൊണ്ടിരിക്കുകയാണെന്നു വ്യക്തം. തന്റെ യജമാനനെപ്പോലെ അവനും പിതാവിന്റെ അടുക്കലേക്കു പോവുകയാണ്.

യാത്രക്കാരൻ മുന്നോട്ടുപോകുമ്പോൾ അവനു വിശ്രമിക്കാൻ വഴിയോരത്ത് ഇടയ്ക്കിടെ വിശ്രമസ്ഥലങ്ങൾ (ഇടത്താവളങ്ങൾ) ഉണ്ട്. പൗരസ്ത്യനാടുകളിൽ ഒരു പതിവുണ്ട്. ഒരു യാത്രക്കാരൻ ഇത്തരം ഒരു താവളത്തിൽ വിശ്രമിക്കുമ്പോൾ തനിക്കു മുമ്പായി ഒരു വഴികാട്ടിയെ അടുത്ത വിശ്രമസങ്കേതത്തിലേക്ക് അയയ്ക്കും. ഈ വഴികാട്ടിയുടെ ജോലി നേരത്തെ അവിടെയെത്തി സ്ഥലം ഒരുക്കുകയാണ്. വിശ്വാസത്തിന്റെ വഴിയിൽ മുമ്പേ പോയി നമ്മെ സ്വീകരിപ്പാൻ അവിടെ കാത്തു നിൽക്കുന്ന ആത്മീയവഴികാട്ടിയായി കർത്താവ് ഇവിടെ സ്വയം ചിത്രീകരിക്കുന്നു. ഒരു പക്ഷേ നാം പിതാവിനോടുള്ള സമ്പൂർണമായ കൂട്ടായ്മയിൽ നിന്നു ബഹുകാതം അകലെയായിരിക്കാം. നമ്മുടെ മോക്ഷയാത്ര പൂർത്തിയാക്കാൻ നിരവധി നാളുകളിലെ നീണ്ടയാത്ര വേണ്ടിവന്നേക്കാം. എന്നാൽ, ദൈവകൃപയാൽ, വഴിയിൽ നമുക്കുവേണ്ടി അനേകം വിശ്രമസ്ഥലങ്ങൾ ഒരുക്കിയിരിക്കുന്നു......

ദൈവം നമ്മെ പൂർണതയിലേക്കാണു വിളിച്ചിരിക്കുന്നത്. പക്ഷേ അങ്ങോട്ടുള്ള പ്രയാണത്തിൽ തൊട്ടടുത്ത വഴിയോര വിശ്രമസങ്കേതമാണ് അവിടുന്നു നമുക്കു കാണച്ചു തരുന്നത്. അവിടേക്കാണു നമ്മെ ആനയിക്കുന്നത്. നാം ആ താവളത്തിലെത്തുമ്പോൾ കർത്താവു നമ്മെ സ്വീകരിക്കാനായി അവിടെ കാത്തു നില്ക്കുന്നതു കാണാം. നമ്മുടെ ആത്മീയവഴികാട്ടി സ്ഥലം ഒരുക്കിയശേഷം പിന്നേയും വന്ന് നമ്മെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോകുന്നവൻ കൂടിയാണ്. ഓരോ വിശ്രമസങ്കേതവും കർത്താവിനോടുള്ള വർദ്ധിച്ചുവരുന്ന കൂട്ടായ്മയെയാണ് ('ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്' എന്ന ഭാഗം ശ്രദ്ധിക്കുക) കാണിക്കുന്നത്. അങ്ങനെ അവസാനതാവളത്തിലെത്തുന്നതുവരെയും നാം ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ആയുന്നു. (ഫിലി. 3:14).



ദൈവം നമ്മെ പൂർണതയിലേക്കാണു വിളിച്ചിരിക്കുന്നത്. പക്ഷേ അങ്ങോട്ടുള്ള പ്രയാണത്തിൽ തൊട്ടടുത്ത വഴിയോര വിശ്രമസങ്കേതമാണ് അവിടുന്നു നമുക്കു കാണച്ചു തരുന്നത്. അവിടേക്കാണു നമ്മെ ആനയിക്കുന്നത്.

എല്ലാ യഥാർത്ഥക്രിസ്ത്യാനികളും മുകളിൽ വിവരിച്ച കാര്യങ്ങൾ ഒരു പരിധിവരെ അറിഞ്ഞിട്ടുള്ളവരായിരിക്കും. ആത്മീയാവബോധംകൊണ്ട് നാം ക്രിസ്തുവിനോടുള്ള കൂട്ടായ്മ ഒരു ഘട്ടത്തിൽ ഒരളവുവരെ പ്രാപിക്കുകയും അതിൽ വലിയ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ കുറെ നാൾ കഴിയുമ്പോൾ ഇതു മങ്ങിപ്പോവുകയും കുറേക്കൂടി ഉപരിയായ കാര്യങ്ങൾക്കായാണു നമ്മെ വിളിച്ചിരിക്കുന്നതെന്ന ബോധ്യം ഉളവാകുകയും ചെയ്യും. കർത്താവു നമ്മെ വിട്ട് അടുത്ത വിശ്രമസങ്കേതം ഒരുക്കുവാൻ മുന്നോട്ടുപോയിരിക്കുകയാണെന്നർത്ഥം. ഇനിയുള്ളതെല്ലാം നമ്മുടെ പ്രതികരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ഒന്നുകിൽ നമുക്കു ഈ ഘട്ടത്തിൽ തൃപ്തരായി ആത്മികമായി മരവിച്ച നിലയിൽ അവിടെ തുടരാം. അല്ലെങ്കിൽ അപ്പൊസ്തലനായ പൗലോസിന്റെ പ്രയോഗം കടമെടുത്തു പറഞ്ഞാൽ 'മുന്നോട്ട് ആയാം'. നാം ഇതു ചെയ്താൽ കർത്താവിനെ വീണ്ടും കണ്ടുമുട്ടുകയും അവിടുന്നു നമ്മെ അടുത്ത താവളത്തിലേക്കു ആനയിക്കുകയും ചെയ്യും. കർത്താവിനോടുള്ള കൂട്ടായ്മ പുതുക്കപ്പെടുകയും സന്തോഷം വർദ്ധിക്കുകയുമാണു ഫലം. തുടർന്ന് ഇതേ പ്രക്രിയ ആവർത്തിക്കപ്പെടുന്നു. അങ്ങനെ നാം അതേ പ്രതിമായി രൂപാന്തരപ്പെടുന്നതുവരെ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു മുന്നേറുന്നു (2 കൊരി. 3:18).

# വിളിയും തെരഞ്ഞെടുപ്പും

**ഒ**രു വ്യവസായി തനിക്കു പ്രായമായപ്പോൾ തന്റെ പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുവാനും താൻ വിരമിക്കുവാനും തീരുമാനിച്ചു. അദ്ദേഹത്തിന്റെ കമ്പനിയുടെ ഡയറക്ടർമാരുടെ കൂട്ടത്തിൽ തന്റെ മക്കളും മറ്റു പല ചെറുപ്പക്കാരും ഉണ്ടായിരുന്നു. എന്നാൽ ഇതിൽ ഏറ്റവും സമർത്ഥനായ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതിനു പകരം വിചിത്രമായ ഒരു കാര്യമാണ് അദ്ദേഹം ചെയ്തത്. തന്റെ ഡയറക്ടർമാരെയെല്ലാം വിളിച്ചുകൂട്ടിയിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു:

“ഞാൻ വിരമിക്കാൻ തീരുമാനിച്ചിരിക്കുന്നു. അടുത്ത മാനേജിംഗ് ഡയറക്ടറായി നിങ്ങളിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കുവാനായി പോവുകയാണ്”.

ഇതുകേട്ട് ഓരോരുത്തരും ഞെട്ടി. അതാരായിരിക്കും എന്നൊരു കണക്കുകൂട്ടൽ ഓരോരുത്തരും ഉള്ളിൽ നടത്തി. പെട്ടെന്നു അദ്ദേഹം ഒരു പൊതിയഴിച്ചു. അതിൽനിന്നും ഒരു ചെടിയുടെ വിത്ത് ഓരോരുത്തർക്കും നൽകി.

“നിങ്ങൾ ഇതു കൊണ്ടുപോയി ചട്ടികളിൽ നട്ടുവളർത്തണം. ഒരു വർഷത്തിനുശേഷം ആ ചെടിച്ചട്ടി ഇവിടെ കൊണ്ടുവരണം. ഞാൻ അതു നോക്കി വിലയിരുത്തിയിട്ട് അടുത്ത മാനേജിംഗ് ഡയറക്ടറെ തെരഞ്ഞെടുക്കുന്നതായിരിക്കും”.

എല്ലാവരും തങ്ങളുടെ വിത്തുകൾ നട്ടുവളർത്തി. ശ്രദ്ധയോടെ വളവും വെള്ളവും ഒക്കെ നൽകിത്തന്നെ.

എന്നാൽ ജിം എന്ന ചെറുപ്പക്കാരന്റെ വിത്തുമാത്രം മുളച്ചില്ല. അവനു വലിയ സങ്കടമായി. അയാളെ സഹായിച്ചിരുന്ന ഭാര്യയ്ക്കും അക്കാര്യത്തിൽ ദുഃഖമുണ്ടായി.

ഒരു വർഷം കഴിഞ്ഞു. എല്ലാവരും ചട്ടികൾ തിരികെ എത്തിക്കേണ്ട ദിവസമായി. ജിം ഭാര്യയോടു പറഞ്ഞു: “ഞാൻ പോകുന്നില്ല. എല്ലാവരുടെയും ചെടികൾ വളരുകയും പൂക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എന്തു കാണിക്കാനാണു പോകേണ്ടത്?” അപകർഷതാബോധവും പരാജയബോധവും കൊണ്ടു തളർന്ന മനസ്സോടെയിരിക്കുന്ന ജിമ്മിനെ ഭാര്യ ധൈര്യപ്പെടുത്തി.

“സാരമില്ല. നിങ്ങൾ നിങ്ങളുടെ പൂച്ചട്ടിയുമായിത്തന്നെ പോകൂ. നിങ്ങൾ ചെയ്യേണ്ടതൊക്കെ ചെയ്തതല്ലേ? മാനേജിംഗ് ഡയറക്ടറായില്ലെങ്കിലും ഏല്പിച്ച കാര്യങ്ങളെ സത്യസന്ധമായി തിരിച്ചേൽപ്പിക്കൂ.”

അതു ശരിയാണെന്നു ജിമ്മിനു ബോദ്ധ്യമായി. അദ്ദേഹം തന്റെ പൂച്ചട്ടിയുമായി കമ്പനിയിലെത്തി. എല്ലാവരും തങ്ങളുടെ ചട്ടിയിലെ ചെടികളെക്കുറിച്ച് വലിയ അഭിമാനത്തോടെയും മതിപ്പോടെയും ഒക്കെ സംസാരിച്ചു നിൽക്കുന്നു.

ജിം എല്ലാവരുടെയും പിന്നിൽ ഒരു കോണിൽ ഒതുങ്ങിനിന്നു. വിഷാദമൂകനായി. ലജ്ജാഭാരത്തോടെ. മാനേജിംഗ് ഡയറക്ടർ വന്നു. അദ്ദേഹം എല്ലാവരുടെയും ചെടികൾ കണ്ടു.

“ഓ, നിങ്ങളൊക്കെ മനോഹരമായ ചെടികൾ വളർത്തിയിരിക്കുന്നു. പൂവും കായും ഒക്കെ ആയിരിക്കുന്നു.”

അദ്ദേഹം ഒറ്റനോട്ടത്തിൽത്തന്നെ പിന്നിൽ ജാള്യതയോടെ ഒഴിഞ്ഞചട്ടിയുമായി നിൽക്കുന്ന ജിമ്മിനെ കണ്ടു.

“ജിം തന്റെ ചട്ടിയുമായി മുമ്പോട്ടു വരട്ടെ.”

ജിം തന്റെ പൂച്ചട്ടിയുമായി ഭയത്തോടെ മുമ്പോട്ടു വന്നു. തന്നെ പിരിച്ചുവിടാ

*(ശേഷം പേജ് 34 ൽ)*



# ബൈബിൾ വായിച്ചിട്ടു മനസ്സിലാകുന്നില്ല!

**കെ**ന്റക്കിയുടെ കിഴക്കൻ പ്രാന്തങ്ങളിലെ പർവ്വതപ്രദേശത്ത് വൃദ്ധനായ ഒരു കർഷകനും കൊച്ചുമകനുംകൂടി താമസിച്ചിരുന്നു. നിത്യവും പുലർച്ചെ വൃദ്ധൻ അടുക്കളയിലെ മേശമേൽ തന്റെ പഴയ ബൈബിൾ വായിച്ചിരിക്കുക പതിവായിരുന്നു. കൊച്ചുമകൻ ഈ വൃദ്ധപിതാവിനെ പലതിലും അനുകരിക്കാൻ ശ്രമിച്ചിരുന്നു.

ഒരു ദിവസം അവൻ ഇങ്ങനെ ചോദിച്ചു:

“മുത്തച്ഛാ, താങ്കൾ വായിക്കുന്നതുപോലെ ഞാൻ ബൈബിൾ വായിക്കാൻ എന്നും ശ്രമിക്കും. പക്ഷേ എനിക്കൊന്നും മനസ്സിലാകുന്നില്ല. അഥവാ എന്തെങ്കിലും മനസ്സിലായിട്ടുണ്ടെങ്കിൽ അതു ഞാൻ വേഗം മറന്നു പോകയും ചെയ്യുന്നു. പിന്നെന്തിനാണു ബൈബിൾ വായിക്കുന്നത്? എന്താണതിന്റെ പ്രയോജനം?”

ഈ സമയം മേശയ്ക്കടുത്തിരുന്ന കരിക്കുട്ടയിൽ നിന്ന് അദ്ദേഹം കൽക്കരിയെടുത്ത് അടുപ്പിലേക്കിടുകയായിരുന്നു. അതു കഴിഞ്ഞ് അദ്ദേഹം കൊച്ചുമകനോടിങ്ങനെ പറഞ്ഞു:

“കുഞ്ഞേ, എനിക്കൊരു കുട്ട വെള്ളം വേണം. ഈ കരിക്കുട്ടയും കൊണ്ട് താഴെ പുഴയിൽ ചെന്ന് ഒരു കുട്ടവെള്ളം വേഗം കൊണ്ടുവാ.”

ആ കുട്ടി വേഗം പോയി. പക്ഷേ കുട്ടയിലെ വെള്ളമൊക്കെ ചോർന്നു പോയി. അവൻ തിരികെവന്നു തന്റെ പരാജയം അറിയിച്ചു.

“സാരമില്ല നീ ഉത്സാഹിച്ച് അല്പം വേഗമാക്കിയാൽ മതി. നിനക്കതു കഴിയും.” വൃദ്ധൻ പറഞ്ഞു.

അവൻ വേഗം നിറച്ച് വേഗം ഓടി. പക്ഷേ വെള്ളം അതിവേഗം ചോർന്നു പോയി.

അവൻ തിരികെ വന്നു പറഞ്ഞു:“മുത്തച്ഛാ ഇതു പ്രയോജനമില്ലാത്ത ജോലിയാണ്. ഞാൻ വീണ്ടും വീണ്ടും ഓടി നോക്കി. ” “നീ അതു പ്രയോജനമില്ലാത്ത ജോലിയാണെന്നു പറയുന്നോ? അതാ, ആ കുട്ടയിലേക്കു നോക്കൂ” വൃദ്ധൻ പറഞ്ഞു. അവൻ കുട്ടയിൽ നോക്കി. അതു മുമ്പുള്ള കരിക്കുട്ടയല്ല. കരിയെല്ലാം പോയി അതിനു നല്ല നിറം വന്നിരിക്കുന്നു!

“ബൈബിൾ വായിക്കുമ്പോഴും ഇതുതന്നെയാണു മോനേ സംഭവിക്കുന്നത്. നിനക്കു പലതും മനസ്സിലായില്ലെന്നു വരാം. പലതും ഓർത്തിരിക്കാൻ കഴിഞ്ഞില്ലെന്നുംവരാം. സമയം വെറുതെ ചെലവാക്കുകയാണെന്നു തോന്നാം. പക്ഷേ, അതു നിന്റെ അകമേ ഒരു ശുദ്ധീകരണം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

അതാണു ദൈവത്തിന്റെ പ്രവൃത്തി. നമ്മുടെ ഹൃദയത്തെ ക്രമേണ മാറ്റി നമ്മെ തന്റെ പുത്രന്റെ രൂപത്തിലാക്കിത്തീർക്കുക. അതുകൊണ്ടു എല്ലാ ദിവസവും ക്രമമായി ബൈബിൾ വായിക്കാൻ സമയം കണ്ടെത്തുക. അതു നിലനിൽക്കുന്ന ഫലങ്ങൾ ഉണ്ടാക്കാൻ സഹായകരമാണ്.”

## സമർപ്പണത്തിന്റെ മാർഗ്ഗം... പേജ് 21 ൽ നിന്ന് തുടർച്ച

മുമ്പാകെ ചെയ്ത വിവാഹഉടമ്പടി ഗൗരവപൂർവ്വം പാലിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടോ? 'ഏതു സാഹചര്യത്തിലും ഞാൻ നിന്നെ സ്നേഹിക്കും, കരുതും, പോറ്റിപ്പുലർത്തും...', 'ഞാൻ നിങ്ങളെ സ്നേഹിച്ച് കീഴടങ്ങിയിരുന്നുകൊള്ളാം, ബഹുമാനിക്കും...' എന്നൊക്കെ ഭയഭക്തിപൂർവ്വം ചെയ്ത ഉടമ്പടിയുടെ സ്ഥിതി ഇന്ന് എങ്ങനെയിരിക്കുന്നു? ആജീവാനാന്തം കാത്തുസൂക്ഷിക്കേണ്ടതായ ആ ഉടമ്പടിയെ നാം കാര്യമാക്കിയിട്ടില്ലെങ്കിൽ ഇന്ന് ദൈവഭയത്തോടെ അനുതപിച്ച് നാം മടങ്ങിവരേണ്ടതല്ലേ? മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും കണക്കുബോധിപ്പിക്കേണ്ടിവരുമെങ്കിൽ അത്യന്തം ഗൗരവാവഹമായ വിവാഹ ഉടമ്പടി സംബന്ധിച്ച് എത്രയധികം! അതേ, അർത്ഥമാക്കിയുള്ള ഉടമ്പടികൾ, ചെലവുള്ള സമർപ്പണങ്ങൾ...ഇവയെല്ലാം നമുക്കു ലക്ഷ്യമിടാം.

**അനുഗ്രഹത്തിന്റെ മാർഗ്ഗം:** പൗലൊസ് അപ്പൊസ്തലൻ കൊരിന്ത്യർക്ക് എഴുതി: "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവന്നുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും"[15] "ഞാനെന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല"[16] എന്നു പ്രസ്താവിച്ച ആ ദൈവദാസന്റെ സമർപ്പണത്തിന്റെ ആഴം നമ്മെ വെല്ലുവിളിക്കുന്നില്ലേ? ദൈവസാമീപ്യം, സഖിത്വം, അംഗീകാരം എന്നിവ നേടിയിട്ടുള്ള ഒരാൾപോലും സമ്പൂർണ്ണസമർപ്പണത്തിന്റെ മാർഗ്ഗത്തിലൂടെയല്ലാതെ അപ്രകാരം ചെയ്തിട്ടില്ല.

"യഹോവ ഇന്നു നിങ്ങൾക്ക് അനുഗ്രഹം നൽകേണ്ടതിന് നിങ്ങൾ ഇന്ന്.... യഹോവയക്ക് നിങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുവിൻ"[17] പ്രത്യാഘാതങ്ങളെ പരിഗണിച്ചു ഭയപ്പെടാതെ ലേവ്യർ സ്വയം ഏല്പിച്ചുകൊടുത്തു; അങ്ങനെ പൗരോഹിത്യമെന്ന അനുഗ്യഹീതപദവി അവർ നേടി. അതേ, സമർപ്പണത്തിന്റെ ഈ മാർഗ്ഗം നിശ്ചയമായും അനുഗ്രഹത്തിന്റെ മാർഗ്ഗം തന്നെയാണ്. വില നൽകി ഇതു തെരഞ്ഞെടുക്കാൻ നാം മനസ്സൊരുക്കമുള്ളവരോ?

---

**1.** ആവ. 6:5; **2.** സംഖ്യാ: 6.2; **3.** 2കൊരി: 5.14-15; **4.** എബ്രാ:10.5-7; **5.** എബ്രാ:9.14; **6.** യാക്കോ: 4.4; **7.** എബ്രാ: 11.7-10; **8.** 1 ശമു:17.45; **9.** 1 ദിന: 29.3-5; **10.** 1 ദിന:29.9; **11.** 2 ശമു: 24.24; **12.** യിരെ: 42.1-6; **13.** യിരെ: 41.16-17; **14.** യിരെ: 42.2; **15.** 2 കൊരി: 12.15; **16.** പ്രവൃ: 20.24; 17. പുറ: 32.29.

---



## Just a minute

*Like apples of gold in settings of silver is a word spoken in right cicumstance* (Prov.25:11)

**Pheba P. Cleetus, Kochi**



ധ്യാനം

# യേശുവിനെകേട്ടവർ

**ബി. സന്ദീപ്**

നമ്മെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവത്തിന് നമ്മോട് സംസാരിക്കാനുള്ളത് കേൾക്കുവാൻ കഴിയുക എത്ര അനുഗൃഹീതമായ കാര്യമാണ്! യേശുകർത്താവിനെ കേട്ട ഒരാളുടെയും ജീവിതം പിന്നെ അതുവരെ ഉണ്ടായിരുന്നതുപോലെ തുടർന്നില്ല. ഇന്നത്തെ തിരക്ക് പിടിച്ച ലോകത്തിൽ കർത്താവിനായി കാതോർക്കുന്നവർ വളരെ വിരളമായിക്കൊണ്ടിരിക്കുകയാണ്. പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞുകവിഞ്ഞൊഴുകുമ്പോഴാണ് നമ്മുടെ അകത്തെ ചെവികൾ കർത്താവിന്റെ മൃദുസ്വരത്തിനായി യഥാർത്ഥത്തിൽ റ്റ്യൂൺ ചെയ്യപ്പെടുന്നത്!

"ഞാൻ ഇനി എങ്ങനെ മുൻപോട്ടു പോകണം, പ്രിയകർത്താവേ?" എന്ന് ജീവിതത്തിന്റെ തിരക്കുള്ള ചുവടുവയ്പുകളുടെ മദ്ധ്യത്തിലും നിസ്സഹായതയോടെയുള്ള ഒരു കാതോർക്കൽ -ആ കാതോർക്കലാണ് നമ്മുടെ ജീവിതത്തെ വ്യത്യസ്തമാക്കിത്തീർക്കുന്നത്, ഹൃദയത്തിൽ യേശുവിനായി ഒരു പുതിയപാട്ട് ഉരുവാക്കുന്നത്! (എഫേ.5:18-20).

ദൈവവചനത്തിൽ യേശുവിനെ കേട്ട അനേകരെക്കുറിച്ചു നാം വായിക്കുന്നുണ്ട്. അത് അവരുടെ ജീവിതത്തിൽ ഉളവാക്കിയ സ്വാധീനത്തെക്കുറിച്ചും വചനം വരച്ചുകാട്ടുന്നുണ്ട്.

ബെഥാന്യയിലെ മറിയ ചെയ്ത ഒരേ ഒരു കാര്യം-അതായത് യേശുവിനോടുള്ള സ്നേഹസംസർഗ്ഗത്തിൽ അവിടുത്തെ ശബ്ദത്തിന് കാതോർക്കുക എന്ന ഒരേ ഒരു കാര്യം -മതി എന്നാണല്ലോ കർത്താവ് പറഞ്ഞത് (ലൂക്കോസ് 10:39-42). എന്നാൽ ലൂക്കോസ് 10-ാം അദ്ധ്യായത്തിൽ കർത്താവിന്റെ കാൽക്കലിരുന്ന മറിയയെക്കുറിച്ച് വായിക്കുന്നതിന് മുൻപേ ലൂക്കോസ് 8-ാം അദ്ധ്യായത്തിൽ കർത്താവിന്റെ കാലക്കലിരുന്ന മറ്റൊരാളെ നാം ശ്രദ്ധിച്ചിട്ടുണ്ടോ?

"സംഭവിച്ചത് കാണുവാൻ അവർ യേശുവിന്റെ അടുക്കൽ വന്നു; ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ വസ്ത്രം ധരിച്ചും സുബോധമുള്ളവനായും **യേശുവിന്റെ കാൽക്കൽ ഇരിക്കുന്നതു** കണ്ട് അവർ ഭയപ്പെട്ടു". (ലൂക്കോസ്. 8:35).

ഗെരസേന്യദേശത്തെ ഭൂതഗ്രസ്തനായിരുന്ന മനുഷ്യനായിരുന്നു അയാൾ. താൻ സൗഖ്യമാക്കിയ ആളുകളോട് തങ്ങൾക്ക് സംഭവിച്ചത് ആരോടും പറയരുതെന്നാണ് യേശു സാധാരണ പറയാറുള്ളത്. എന്നാൽ യേശു ഇയാളോട് പറയുന്നത് ശ്രദ്ധിക്കുക: "നീ വീട്ടിൽ മടങ്ങിച്ചെന്ന് ദൈവം നിനക്ക് ചെയ്തതൊക്കെയും അറിയിക്കുക" (വാക്യം 39). യേശു ഇങ്ങനെ പറയാൻ തക്കവണ്ണമുള്ള ഒരു രൂപാന്തരം, അസംഖ്യം ഭൂതങ്ങളുണ്ടായിരുന്ന ഈ മനുഷ്യന് ആ ചുരുങ്ങിയ സമയം കൊണ്ട് എങ്ങനെയാണ് കൈവന്നത്?

"**ദൈവം** നിനക്ക് ചെയ്തതൊക്കെയും അറിയിക്കുക" എന്നായിരുന്നു യേശു ഈ വ്യക്തിയോട് പറഞ്ഞത്. എന്നാൽ "അവൻ പോയി **യേശു**

തനിക്ക് ചെയ്തതെല്ലാം പട്ടണത്തിലെങ്ങും അറിയിച്ചു" (വാക്യം 39) എന്നാണ് നാം കാണുന്നത്. യേശു സാക്ഷാൽ ദൈവം തന്നെയാണെന്ന്, മതപണ്ഡിതരായ പരീശന്മാർക്കു പോലും ലഭിക്കാത്ത ദൈവികവെളിപ്പാട് എങ്ങനെയാണ് ഇത്തരക്കാരനായ ഒരു മനുഷ്യന് ഇതിനിടയിൽ ലഭിച്ചത്?

ഇവയുടെ ഉത്തരമാണ് നാം 35-ാം വാക്യത്തിൽ വായിച്ചത്:"ഭൂതങ്ങൾ വിട്ടുപോയ മനുഷ്യൻ...**യേശുവിന്റെ കാൽക്കൽ ഇരിക്കുന്നത് കണ്ട്**..." അതേ, അയാൾ യേശുവിന്റെ കാൽക്കലിരുന്ന് അവിടുത്തെ വാക്കുകൾ ശ്രദ്ധവച്ചുകേട്ടു. അങ്ങനെ തലകീഴായിരുന്ന ആ ജീവിതം ആകെ കീഴ്മേൽ മറിഞ്ഞു. ഒരു പക്ഷേ, നമ്മുടെ ജീവിതം വേണ്ടത്ര രൂപാന്തരപ്പെടാത്തതിന്റെ കാരണവും നാം ഇതുപോലെ യേശുവിനെ കേൾക്കാത്തതാണോ?!!....

രണ്ട് ഭൂതഗ്രസ്തരെക്കുറിച്ച് മത്തായി രേഖപ്പെടുത്തുമ്പോൾ (മത്തായി 8:28), മർക്കോസും ലൂക്കോസും, യേശുവിന്റെ സാക്ഷിയായി തീർന്ന ഒരു ഭൂതഗ്രസ്തനെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളൂ (മർക്കോസ് 5:2; ലൂക്കോസ് 8:27). മറ്റേയാൾ ഭൂതവിമുക്തനായി എങ്ങുപോയി ഓടിമറഞ്ഞുവെന്ന് നമുക്കറിയില്ല! രണ്ടുപേർക്കും വിടുതൽ ലഭിച്ചിട്ടും ഒരുവൻ മാത്രമേ രക്ഷിക്കപ്പെട്ടുള്ളൂ എന്ന് നമുക്ക് അനുമാനിക്കാം.

അതുപോലെ, പത്തുപേരെ കുഷ്ഠരോഗത്തിൽ നിന്ന് യേശു സൗഖ്യമാക്കി; എന്നാൽ തിരിഞ്ഞുവന്ന് നന്ദി പറഞ്ഞ ഒരുവനോട് മാത്രമേ 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' (ലൂക്കോസ് 17:19) എന്ന് യേശുവിന് പറയാൻ കഴിഞ്ഞുള്ളൂ.

തങ്ങളുടെ മുൻകാലജീവിതത്തിന്റെ അരിഷ്ടതയിൽ നിന്ന് തങ്ങളെ രക്ഷിച്ച യേശുകർത്താവിന്റെ സ്നേഹം-അതാണ് ആ ഒരു ഭൂതഗ്രസ്തനെയും, ആ ഒരു കുഷ്ഠരോഗിയെയും നന്ദി നിറഞ്ഞ ഹൃദയത്തോടെ യേശുവിങ്കലേയ്ക്ക് വരുവാൻ പ്രേരിപ്പിച്ചത്! പാപത്തിൽ മരിച്ചവരായിരുന്ന നമുക്ക് (എഫേ.2:1) യഥാർത്ഥജീവൻ തന്ന യേശുനാഥനോട് ആ ഭൂതഗ്രസ്തനെപ്പോലെ, ആ കുഷ്ഠരോഗിയെപ്പോലെ, നന്ദിയുണ്ടെങ്കിലേ നമുക്കും ഇന്ന് അവിടുത്തെ പാദത്തിലിരുന്ന് കേൾക്കാൻ ഏതു തിരക്കിനിടയിലും സാവകാശമുണ്ടാവുകയുള്ളൂ!!.

യേശുവിനെ നേരിട്ട് കേട്ടതാണ് ഭൂതഗ്രസ്തനായിരുന്ന ആ മനുഷ്യനെ തന്റെ പട്ടണമാകെ അവിടുത്തെ സാക്ഷിക്കുവാൻ ശക്തിപ്പെടുത്തിയത്. യേശുവിനെ കേട്ട ശമര്യസ്ത്രീയുടെ അനുഭവവും വ്യത്യസ്തമല്ലെന്ന് നമുക്കറിയാം. യേശുവിൽനിന്ന് അവൾ വ്യക്തിപരമായി കേട്ടു; വ്യക്തമായും കേട്ടു; ഫലമോ താൻ വെള്ളമെടുക്കുവാൻ കൊണ്ടുവന്ന കുടം പോലും മറന്നുവച്ചിട്ട് അവൾ പട്ടണമാകെ ഓടിനടന്ന് യേശുവിനെ സാക്ഷിച്ചു (യോഹ. 4:28,29).

ആ സ്ത്രീ വളരെ മോശമായ ജീവിതം നയിച്ചിരുന്നവളാണെന്ന് നാം വായിക്കുന്നു (യോഹ.4:18). ഒരു പക്ഷേ മറ്റ് സ്ത്രീകളുടെ കുത്തുവാക്കുകൾ ഭയപ്പെട്ട്, അവരെ നേരിടാനുള്ള ലജ്ജമൂലമായിരിക്കാം അവൾ മറ്റാരും കിണറ്റരികിൽ കാണാൻ സാദ്ധ്യതയില്ലാത്ത സമയം നോക്കി അവിടെയെത്തിയത്! (യോഹ. 4:6). എന്നാൽ ഇപ്പോൾ നോക്കുക: എത്ര ധൈര്യത്തോടും നിശ്ചയത്തോടും കൂടിയാണ് അവൾ പട്ടണവാസികളെ യേശുവിന്റെ അടുക്കലേയ്ക്ക് നയിക്കുന്നത്...!!

അതേ, നാമും ദിവസവും വചനത്തിലൂടെ യേശുവിനെ വ്യക്തിപരമായി കേൾക്കുന്നവരാണെങ്കിൽ, നമുക്കും ധൈര്യത്തോടെയും നിശ്ചയത്തോടെയും കർത്താവിനുവേണ്ടി എവിടെയും നിലകൊള്ളുവാൻ കഴിയും. മറ്റൊരു തരത്തിൽ പറഞ്ഞാൽ, 'യേശുവിനെ കേൾക്കുക' എന്ന അടിസ്ഥാന





ത്തിന്മേലാണ് 'യേശുവിനെ സാക്ഷിക്കുക' എന്ന കെട്ടിടം പണിയപ്പെടേണ്ടത്. പലപ്പോഴും യേശുവിന് നമ്മോട് പറയാനുള്ളത് കേൾക്കുവാൻ നാം ശ്രദ്ധവയ്ക്കാത്തതുകൊണ്ടാണ്, അവിടുത്തെ വേണ്ടവിധം ജീവിതം കൊണ്ടും വാക്കുകൾ കൊണ്ടും ദൈനംദിന സാഹചര്യങ്ങളിൽ സാക്ഷിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നത്!

ശ്രദ്ധിക്കുക: തന്നെ നേരിട്ട് കേട്ട ഭൂതഗ്രസ്തനും ശമര്യസ്ത്രീക്കും താൻ മശിഹയാണെന്ന് യേശു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുത്തു. ഇക്കാര്യം വെളിപ്പെട്ട മറ്റൊരാളാണ് യോഹ. 9-ലെ പിറവിയിലെ അന്ധനായ മനുഷ്യൻ. അതേ, യേശു പറഞ്ഞതു വെറുതേ കേൾക്കുക മാത്രമല്ല, മറിച്ച് അതുപ്രകാരം ശീലോഹാം കുളം തിരഞ്ഞുപിടിച്ച് ചെന്ന് തന്റെ കണ്ണിൽ പുരട്ടിയ ചെളി കഴുകിക്കളഞ്ഞ അതേ മനുഷ്യൻ തന്നെ (യോഹ. 9:7). പിന്നീട് തനിക്ക് കിട്ടിയ വെളിച്ചത്തിൽ ഉറച്ചു നിന്നതു കൊണ്ട് തന്റെ സൗഖ്യദായകനുവേണ്ടി മതമേധാവികളുടെ നിന്ദ അവന് സഹിക്കേണ്ടി വന്നു. എന്നാൽ അവനെക്കുറിച്ച് നാം യോഹ. 9:34, 35ൽ വായിക്കുന്ന മനോഹരമായ വാക്യങ്ങൾ ഇങ്ങനെയാണ്: '..അവർ അയാളെ പുറത്താക്കി. അയാളെ പുറത്താക്കി എന്ന് യേശു കേട്ടു; അയാളെ കണ്ടപ്പോൾ, 'നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ'? എന്ന് ചോദിച്ചു. അനന്തരം താൻ വരുവാനുള്ള രക്ഷകനാണെന്ന് തന്നെത്തന്നെ യേശു അധികമായി അവന് വെളിപ്പെടുത്തിക്കൊടുത്തു! (യോഹ. 9:36-38).

ഇതിൽ നിന്ന് നാം എന്താണ് മനസ്സിലാക്കേണ്ടത്? തന്നെ കേൾക്കുകയും അതേപടി അനുസരിക്കുകയും ചെയ്യുന്ന ശിശുസഹജർക്കാണ് യേശു ഇന്നും തന്റെ രഹസ്യങ്ങൾ അധികമായി വെളിപ്പെടുത്തിക്കൊടുക്കുന്നത്. (മത്തായി 11:25; സങ്കീ. 25:14). അതു

**'യേശുവിനെ കേൾക്കുക' എന്ന അടിസ്ഥാനത്തിന്മേലാണ് 'യേശുവിനെ സാക്ഷിക്കുക' എന്ന കെട്ടിടം പണിയപ്പെടേണ്ടത്. പലപ്പോഴും യേശുവിന് നമ്മോട് പറയാനുള്ളത് കേൾക്കുവാൻ നാം ശ്രദ്ധവയ്ക്കാത്തതുകൊണ്ടാണ്, അവിടുത്തെ വേണ്ടവിധം ജീവിതം കൊണ്ടും വാക്കുകൾ കൊണ്ടും ദൈനംദിന സാഹചര്യങ്ങളിൽ സാക്ഷിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നത്!**

പോലെതന്നെ, നമ്മുടെ ജീവിതത്തിൽ, ദൈവം നമുക്ക് തന്ന വെളിച്ചമനുസരിച്ച് നാം അവിടുത്തേക്ക് വേണ്ടി ഒരു നിലപാട് എടുക്കുമ്പോൾ, മതഭക്തിയുടെ ചട്ടക്കൂടുകളിൽ നിന്ന് നാം വേഗം പുറത്താകും. എല്ലാവരാലും തെറ്റിദ്ധരിക്കപ്പെടുന്ന ആ നേരത്ത് നാം തനിച്ചായിരിക്കുമെന്ന് വ്യാകുലപ്പെടേണ്ട; പിറവിക്കുരുടനെ തേടിയെത്തിയ പ്രിയ കർത്താവ് നമ്മെയും തേടിയെത്തും; തന്റെ സ്നേഹത്തെയും കരുതലിനെയും ഇതുവരെ നാം അറിഞ്ഞതിലും അധികമായി അവിടുന്ന് വെളിപ്പെടുത്തിത്തരികയും ചെയ്യും!! ഹല്ലേലൂയ്യ!

യേശുവിനെ കേട്ട ഒട്ടധികംപേരെക്കുറിച്ച് നാം ഇനിയും സുവിശേഷങ്ങളിൽ വായിക്കുന്നു. യേശുവിന്റെ വാക്കുകൾ കേട്ടിട്ട്, 'കർത്താവേ, എന്നെ വിട്ട് പോകേണമേ, ഞാൻ പാപിയായ മനുഷ്യൻ ആകുന്നു' എന്ന് പാപബോധത്താൽ നിലവിളിച്ച പത്രോസ് പിന്നീട് 'മനുഷ്യനെ പിടിക്കുന്നവനായ' 'കഥ' നമുക്കേവർക്കും പരിചിതമാണ് (ലൂക്കോസ് 5:8-10).

'സക്കായീ, വേഗം ഇറങ്ങി വരിക, ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു' എന്നു മാത്രമേ കർത്താവ്

ചുങ്കക്കാരനായ സക്കായിയോട് പറഞ്ഞുള്ളൂ (ലൂക്കോസ് 19:5). അനീതിമാർഗ്ഗത്തിലുള്ള പണമുള്ള തന്റെ വീട്ടിലേയ്ക്ക് സത്യസ്വരൂപനായ നാഥൻ കടന്നുവരുന്നതിനു മുൻപായി അനുതാപാർദ്രമായി ആ ഹൃദയം നുറുക്കപ്പെടുവാൻ സ്നേഹം നിറഞ്ഞ ആ വാക്കുകൾ ധാരാളമായിരുന്നു.

യേശുവിന്റെ മരണശേഷം വാടിയ മുഖത്തോടെ എമ്മവൂസിലേക്ക് നടന്ന ശിഷ്യന്മാർ, കർത്താവിന്റെ 'വചനപ്രഘോഷണം' കേട്ട് ഹൃദയങ്ങൾ ദൈവത്തോടുള്ള തീക്ഷ്ണതയാൽ എരിയുന്നവരായിത്തീർന്ന്, കർത്താവിനെ മറ്റ് ശിഷ്യന്മാരോട് സാക്ഷിച്ച കാര്യം ലൂക്കോസ് 24:13-35- ൽ നാം വായിക്കുന്നു.

'ശൗലേ, ശൗലേ, നീയെന്നെ പീഡിപ്പിക്കുന്നതെന്തിന്?' എന്ന് ദമസ്ക്കോസിലേയ്ക്കുള്ള വഴിമദ്ധ്യേ ഒരു ശബ്ദം ഒരിക്കൽ ശൗൽ കേട്ടു; വാത്സല്യാതിരേകത്തോടെയുള്ള ആ ഒരേയൊരു ചോദ്യമാണ് തർസോസുകാരനായ ഒരു ശൗലിനെ, ലോകംകണ്ട ഏറ്റവും വലിയ അപ്പോസ്തലന്മാരിൽ ഒരാളായ പൗലൊസ് ആകുന്നതിലേയ്ക്ക് ദിശ തിരിച്ചുവിട്ടത്. (അപ്പോ.22:2,8).

പിന്നീട് വന്ന നൂറ്റാണ്ടുകളിൽ എത്രയെത്ര ആയിരങ്ങൾ യേശുവിന്റെ വാക്കുകളാൽ രൂപാന്തരപ്പെട്ടിരിക്കുന്നു; ഇന്നും രൂപാന്തരപ്പെട്ടുകൊണ്ടേയിരിക്കുന്നു! എന്നാൽ ആ വാക്കുകൾ കേട്ടിട്ട് കഠിനപ്പെട്ടു പോയ അതിലും വലിയ ഒരു ജനസമൂഹത്തെ നാം ന്യായാസനത്തിന് മുൻപാകെ ഒരു നാൾ കാണേണ്ടിവരും. യേശുവിന്റെ കാലത്തുണ്ടായിരുന്ന പരീശന്മാരും ഉൾപ്പെടുന്ന ആ നിര ഇന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേയ്ക്കും നീണ്ടു കിടക്കുന്നു...!

ദൈവവചനത്തെക്കുറിച്ചു യെശയ്യാവ് 55:10,11 വാക്യങ്ങളിൽ നാം ഇങ്ങനെയാണ് വായിക്കുന്നത് : 'മഴയും മഞ്ഞും ആകാശത്തുനിന്നു പറപ്പെട്ടുകയും അവിടേക്ക് മടങ്ങാതെ ഭൂമിയെ നനച്ചു, വിതയ്ക്കുന്നവന് വിത്തും തിന്നുന്നവന് ആഹാരവും നൽകാൻ വേണ്ടി അതിനെ ഫലപൂർണ്ണമാക്കുകയും ചെയ്യുന്നതു പോലെ എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനവും പ്രവർത്തിക്കും; അത് എന്റെ അടുക്കലേയ്ക്ക് വെറുതേ മടങ്ങിവരികയില്ല; അത് എനിക്ക് പ്രസാദകരമായത് നിറവേറ്റുകയും എന്തിനുവേണ്ടി ഞാൻ ആ കാര്യം അയച്ചുവോ ആ കാര്യം സാധിക്കുകയും ചെയ്യും.'

എത്ര ശരിയാണ്! കീഴടങ്ങുന്നവരെ നുറുക്കുകയും എതിർക്കുന്നവരെ കഠിനരാക്കുകയും ചെയ്യുന്ന യേശുവിന്റെ വാക്കുകൾ ഒരിക്കലും നിഷ്ഫലമല്ല തന്നെ! യേശുവിന്റെ വചനം ശിഷ്യന്മാരുടെ ഹൃദയങ്ങളെ നുറുക്കി; പരീശന്മാരുടെ ഹൃദയങ്ങളെ കഠിനമാക്കി; നമ്മുടെ ഹൃദയങ്ങളെയോ??....'ഇന്ന് നിങ്ങൾ അവിടുത്തെ ശബ്ദം കേൾക്കുന്നുവെങ്കിൽ, മത്സരത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്' (എബ്രായർ 3:15) എന്നാണ് പരിശുദ്ധാത്മാവിന് നമ്മോട് പറയാനുള്ളത്.

ഉത്തമഗീതത്തിലെ മണവാട്ടി പറയുന്നത് ശ്രദ്ധിക്കുക: 'കാട്ടുമരങ്ങളുടെ ഇടയിൽ ഒരു നാരകം പോലെയാണ് യുവാക്കളുടെ ഇടയിൽ എന്റെ പ്രിയൻ; അതിന്റെ നിഴലിൽ ഞാൻ അതിമോദത്തോടെ ഇരുന്നു; അതിന്റെ ഫലം എന്റെ നാവിന് മധുരമായിരുന്നു' (ഉത്തമ. 2:3).

യേശുവിന്റെ ഒരു അരുമശിഷ്യന്റെ ശബ്ദമല്ലേ ഇവിടെ ധ്വനിക്കുന്നത്? അതു നമുക്ക് ഇങ്ങനെ പരാവർത്തനം ചെയ്യാം: ' ഈ ലോകത്തിൽ ഇമ്പമുള്ള അനേക കാര്യങ്ങളുണ്ടായിരിക്കാം. എന്നാൽ അവയെ എന്റെ യേശു കർത്താവുമായി താരതമ്യം ചെയ്താൽ, കാട്ടുമരങ്ങളിൽ നിന്ന് നാരകം വ്യത്യസ്തമായിരിക്കുന്നതുപോലെ എന്റെ പ്രാണപ്രിയനായ ക്രിസ്തു നിസ്തുല്യ





## ഞങ്ങളുടെ വീഴ്ചകൾ... *പേജ് 13 ൽ നിന്നു തുടർച്ച*

യമുന്നേറ്റങ്ങളും ഒരു കാലഘട്ടം കൊണ്ട് അധഃപതിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. അവരുടെ ക്രിസ്തീയ ശുശ്രൂഷകളെ ദൈവം അനുഗ്രഹിക്കയും, സാമ്പത്തികമായ സമൃദ്ധി ഉണ്ടാകയും ചെയ്യുമ്പോൾ സഭാ മൂപ്പന്മാർ തന്നെ പിന്മാറ്റാവസ്ഥയിൽ ആകാം. ഞങ്ങളുടെ ഇടയിൽ ഈ കാര്യവും സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ദൈവം എഴുന്നേൽപ്പിച്ച ഏതൊരു ആത്മീയമുന്നേറ്റത്തിൽനിന്നും ഞങ്ങളും വിഭിന്നരല്ല. താഴ്ചയിലും നുറുക്കത്തിലും ദൈവമുമ്പാകെ നടക്കയും, വിശ്വസ്തതയിൽ അവസാനം വരെ കാക്കപ്പെടാനുള്ള പ്രാർത്ഥനയോടെ നിലകൊള്ളുകയും മാത്രമാണ് ഞങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത്.

ബാംഗ്ലൂരിലും ഇതരസ്ഥലങ്ങളിലും ശ്രേഷ്ഠരും വിശ്വസ്തരുമായ ഒരു കൂട്ടം സഹപ്രവർത്തകരെ ദൈവം ഞങ്ങൾക്കു നൽകിയിട്ടുണ്ട്. അവരിലൂടെ അനിതരസാധാരണമായ ഒരു കൂട്ടായ്മ ദൈവം വളർത്തിയെടുത്തിട്ടുണ്ട്. ഈ കൂട്ടായ്മ ഞങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കയും ആത്മികമായി വളർത്തുകയും ചെയ്തിട്ടുണ്ട് എന്നുമാത്രമല്ല, അത് സ്വർഗ്ഗത്തിന്റെ ഒരു മുൻ രുചി ഞങ്ങൾക്ക് നൽകിയിട്ടുമുണ്ട്. മറ്റൊരിടത്തും ഇതിനോട് താരതമ്യപ്പെടുത്താൻ കഴിയുന്ന മറ്റൊന്ന് കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ ഞങ്ങൾക്ക് കർത്താവിനോട് അവാച്യമായ നന്ദിയുണ്ടുതാനും.

ഞങ്ങളുടെ അബദ്ധങ്ങളെപ്പറ്റിയും, അസന്തുലിതമായ മേഖലകളെക്കുറിച്ചും തുടർച്ചയായി കഴിഞ്ഞ വർഷങ്ങളിൽ ദൈവം ഞങ്ങൾക്ക് വെളിച്ചം തന്നുകൊണ്ടിരിക്കുന്നു എന്ന കാര്യം തന്നെയാണ് ഞങ്ങളുടെ ഏറ്റവും വലിയ ഉത്സാഹം. നമ്മുടെ ജീവിതത്തിൽ ദൈവികാനുഗ്രഹത്തിന്റെ ഏറ്റവും വലിയ തെളിവ് എന്താണ്? ജീവിതത്തിൽ യേശുക്രിസ്തുവിന്റെ ആത്മാവിന് അനുരൂപമല്ലാത്ത മേഖലകളിൽ വെളിച്ചം നൽകുകയും തന്റെ പരിശുദ്ധാത്മശക്തിയാൽ ആ മേഖലകളിൽ നമ്മെ കർത്താവിനെപ്പോലെ ആക്കിത്തീർക്കുകയുമാണ് ഏറ്റവും വലിയ അനുഗ്രഹം. സാമ്പത്തികാനുഗ്രഹവും ശാരീരികാരോഗ്യവുമാണ് ദൈവികാനുഗ്രഹത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ എന്ന് ക്രൈസ്തവലോകത്തിന് ശക്തമായ സന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ യഥാർത്ഥ അനുഗ്രഹത്തിന്റെ സന്ദേശത്തിന് ഊന്നൽ നൽകേണ്ടതല്ലേ?

നാൾക്കുനാൾ, വർഷങ്ങൾ കടന്നുപോകുമ്പോൾ, അവിടുത്തെ കരുണയും കൃപയും ഞങ്ങളുടെ മേൽ സമൃദ്ധിയായി ചൊരിഞ്ഞുകൊണ്ടിരിക്കുന്ന സർവ്വകൃപാലുവായ ദൈവത്തിന് എല്ലാ മഹത്വവും ഉണ്ടായിരിക്കട്ടെ.

---

നാണ്. അവിടുത്തെ തിരുപ്പാദത്തിങ്കലിരുന്ന് അവിടുത്തെ വാക്കുകൾ കേൾക്കുന്നത് എനിക്ക് എത്ര മാധുര്യമുള്ള കാര്യമാണെന്നോ'.

അതേ, 'തേനിലും തേൻകട്ടയിലും മാധുര്യമുള്ള' യേശുവിന്റെ വാക്കുകൾക്കായി നമുക്കും നിരന്തരം ചെവികൊടുക്കാം...അങ്ങനെയെങ്കിൽ അവിടുത്തെ സ്വഭാവത്തിന് ചേരാത്തതായി നമ്മിൽ കാണുന്ന ചെറിയ ചെറിയ കാര്യങ്ങൾ 'മുളയിലേ നുള്ളിക്കളയുവാൻ' സ്നേഹനാഥൻ നമ്മെ സഹായിക്കും. അതുവഴി നമുക്ക് അവിടുത്തോട് കൂടുതൽ ചേർന്ന് നടക്കുവാൻ കഴിയുകയും ചെയ്യും. എത്ര മഹത്വകരമായ സാദ്ധ്യത! ആമേൻ! ഹല്ലേലൂയ്യാ!!!.

ഉത്തമ കുടുംബം-10

കൈചൂണ്ടി

# ഭാര്യയുടെ കടമ

**സാക് പുന്നൻ**

**ക്രി**സ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് തന്റെ കടമ നിർവ്വഹിക്കുന്നതിനെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ നമ്മൾ ചിന്തിച്ചല്ലോ. ഇനി നമുക്ക് ഭാര്യയോട് ബൈബിൾ എന്തു പറയുന്നുവെന്നു നോക്കാം.

***ശിരസ്സായ പിതാവിനു ക്രിസ്തു കീഴടങ്ങിയിരുന്നു. ഇതുതന്നെയാണ് ഭാര്യ പിൻതുടർന്ന് ചെല്ലേണ്ട പാത! കീഴടങ്ങിയിരിക്കുന്ന ആത്മാവുള്ള ഭാര്യയാണ് മാത്സര്യത്തിന്റെ ആത്മാവുള്ള സാത്താനെ തന്റെ ഭവനത്തിൽ ചതച്ചുകളയുന്നത്!!***

യേശുവിനെ പിൻചെല്ലാൻ ഒരു ഭാര്യയ്ക്ക് എങ്ങനെ കഴിയുമെന്ന് 1 കൊരിന്ത്യർ 11-ാം അധ്യായത്തിൽ നാം കാണുന്നു. ഇതിന്റെ 3-ാം വാക്യത്തിൽ “ഓരോ പുരുഷനും ക്രിസ്തു തലയായിരിക്കുന്നു എന്നും, സ്ത്രീക്കു പുരുഷൻ തലയായിരിക്കുന്നു എന്നും, ക്രിസ്തുവിനു ദൈവം തലയായിരിക്കുന്നു” എന്നും നാം വായിക്കുന്നു.

യേശുക്രിസ്തുവും പിതാവും തമ്മിലുള്ള ബന്ധം എങ്ങനെയായിരുന്നു? ഒരാൾ തലയും മറ്റൊരാൾ ശരീരവും എന്ന നിലയിലായിരുന്നു! ഒരു ശരീരം തലയ്ക്കു കീഴടങ്ങിയിരിക്കുന്നതുപോലെതന്നെ യേശുവും ഈ ഭൂമിയിൽ ജീവിച്ചു. ഇതുപോലെ ഓരോ ഭാര്യയും പുരുഷനായ ഭർത്താവിനു കീഴ്പ്പെട്ടിരിക്കണം.

ഇന്ന് പല ഭാര്യമാരും കീഴ്പ്പെട്ടുജീവിക്കുന്ന ഒരു ജീവിതത്തിനായിട്ടാണു തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് കരുതുന്നില്ല. അതുകൊണ്ട്, അവരുടെ വിവാഹജീവിതം താറുമാറായിത്തീരുന്നു. ദൈവം ആഗ്രഹിക്കുന്ന ഒരു വിവാഹജീവിതത്തിന് ഒരു വില കൊടുക്കേണ്ടതുണ്ട്. ഈ വില കൊടുത്താൽ നിങ്ങളുടെ കുടുംബജീവിതം ‘നല്ലത്’ എന്ന നിലയിൽനിന്നും ‘വളരെ നല്ലത്’ എന്ന നിലവാരത്തിലേക്ക് നിശ്ചയമായും വന്നുചേരും.

കീഴ്പ്പെട്ടിരിക്കുന്ന ജീവിതത്തിനു ഭാര്യ വില കൊടുക്കേണ്ട സന്ദർഭം എപ്പോഴാണ്? നിങ്ങൾ ആഗ്രഹിച്ചതു തന്നെ ചെയ്യാൻ ഭർത്താവു പറയുമ്പോൾ അതിന് കീഴ്പ്പെട്ടിരിക്കുന്നതു എത്രയും എളുപ്പമാണ്! എന്നാൽ നിങ്ങൾ ആഗ്രഹിക്കാത്തതു ചെയ്യേണ്ട സന്ദർഭത്തിലാണ് നിങ്ങളുടെ കീഴ്പ്പെടൽ പരീക്ഷിക്കപ്പെടുന്നത്. ഈ സത്യം നിങ്ങൾക്ക് നന്നായി അറിയാം. ഉദാഹരണത്തിന് നിങ്ങൾ മകന് ഐസ്ക്രീം കഴിക്കുന്നതിനു കല്പന കൊടുക്കുന്നു എന്നിരിക്കട്ടെ. ഈ കല്പനയ്ക്കു കീഴ്പ്പെടുന്നതിന് മകന് യാതൊരു പ്രയാസവുമില്ല. എന്നാൽ, നിങ്ങൾ മകനോട് ‘കളിക്കുന്നത് നിർത്തിയിട്ട് ഗൃഹപാഠം ചെയ്യുക’ എന്നോ, ‘അടുക്കളയിൽ വന്ന് എന്നെ കുറച്ച് സഹായിക്ക്’ എന്നോ കല്പിച്ചാൽ അവൻ ഐസ്ക്രീം കഴിച്ചതുപോലെ സന്തോഷത്തോടെ ഈ കല്പന അനുസരിക്കുമോ? ചുരുക്കത്തിൽ നിങ്ങളുടെ മകന്റെ കീഴ്പ്പെടൽ ഐസ്ക്രീം കഴിക്കുന്ന കല്പനയിൽ പരീക്ഷിക്കപ്പെടുന്നില്ല! എന്നാൽ അവൻ ആഗ്രഹിക്കാത്തതു ചെയ്യാൻ കല്പിക്കുമ്പോഴാണ് അവന്റെ കീഴടങ്ങുന്ന മനോഭാവം പരീക്ഷിക്കപ്പെടുന്നത്.

‘സഭായോഗത്തിനു പോകാം’ എന്നു ഭർത്താവു പറയുമ്പോൾ നിങ്ങൾ അതിനു സന്തോഷത്തോടെ കീഴ്പ്പെടുന്നു. എന്നാൽ നിങ്ങളുടെ ആഗ്രഹത്തിനു വിപരീതമായി ‘ഇപ്പോൾ ആ സാരി വാങ്ങേണ്ടാ’ എന്നോ മറ്റോ ഭർത്താവ് പറയുമ്പോഴാണ് നിങ്ങളുടെ കീഴടങ്ങുന്ന മനോഭാവം പരീക്ഷിക്കപ്പെടുന്നത്! ഇവിടെയാണ് ഭാര്യ പിറുപിറുക്കാൻ തുടങ്ങുന്നത്. ഇത് കുടുംബത്തിലെ ഓരോരുത്തരെയും ബാധിക്കുന്നു. ഇങ്ങനെ സർപ്പം വീട്ടിൽ ഇഴഞ്ഞുകയറി വീട്ടിലുള്ള എല്ലാവരെയും കടിക്കുന്നതിന് വാതിൽ തുറന്നു വെച്ചത് ആരാണ്? ഈയൊരു ഭാര്യയാണ്! എന്നാൽ സർപ്പത്തെ വീടിനു വെളിയിൽ അകറ്റി നിർത്തുന്നതിനുള്ള അതിശ്രേഷ്ഠമായ ശക്തിയും ഒരു ഭാര്യയ്ക്കുണ്ട്.

ഈ ലോകത്തിൽ രണ്ട് വ്യത്യസ്ത ആത്മാക്കൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്ന് മാത്സര്യത്തിന്റെ ആത്മാവ്. രണ്ട്: കീഴടങ്ങുന്ന ആത്മാവ്. പ്രധാന ദൂതനായ ലൂസിഫർ ദൈവത്തിനു വിരോധമായി മത്സരിച്ചപ്പോൾ സാത്താനായിത്തീർന്നു. ഈ സാത്താനിൽ നിന്നാണ് മാത്സര്യത്തിന്റെ ആത്മാവ് പിറന്നത്. ഇതിന് വിപരീതമായി, യേശുക്രിസ്തു ഭൂമിയിലേക്ക് വന്നപ്പോൾ പിതാവായ ദൈവത്തിനു സകലത്തിലും കീഴടങ്ങിയിരിക്കുന്ന ആത്മാവോടുകൂടെയാണു വന്നത്. ഒരു ഭാര്യ ഭർത്താവിനു കീഴടങ്ങിയിരിക്കാത്ത പക്ഷം, മാത്സര്യത്തിന്റെ ആത്മാവ് വീടിനുള്ളിൽ നുഴഞ്ഞുകടക്കുന്നതിന് വാതിൽ തുറക്കുകയാണു ചെയ്യുന്നത്! ഈ ആത്മാവ് അവളുടെ കുഞ്ഞുങ്ങളെയും ബാധിക്കുന്നു. ഇങ്ങനെ അവളുടെ വീട്ടിൽ ശണ്ഠയും, ലഹളയും, തലവേദനയും, രോഗവും...എന്നുവേണ്ട പല പ്രശ്നങ്ങളും നുഴഞ്ഞുകയറുന്നു. ഇവയെല്ലാം ദൈവമാണോ കൊണ്ടുവന്നത്? അല്ല, സാത്താനാണ്. എന്നാൽ ഈ സാത്താനെ വീടിനുള്ളിൽ കയറ്റിയത് ആരാണ്? ഭാര്യയാണ്! അവളിൽ കാണപ്പെട്ട മാത്സര്യത്തിന്റെ ആത്മാവ് സാത്താന് വാതിൽ തുറന്നുകൊടുത്തു!! ഈ ഭാര്യ കീഴ്പ്പെട്ടിരിക്കുന്ന ആത്മാവിൽ നിലനിൽക്കുകയാണെങ്കിൽ, തെറ്റായ ആത്മാവിനു മുമ്പിൽ ഭവനത്തിന്റെ വാതിൽ അടച്ചിടാനുള്ള ബലം അവൾക്കു നിശ്ചയമായും ലഭിക്കും.

ഗെത്സമനാ തോട്ടത്തിൽ യേശു പിതാവിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടിരുന്നത് മാത്രമാണ് പലർക്കും അറിയാവുന്നത്. എന്നാൽ യേശു അപൂർണരായ തന്റെ മാതാപിതാക്കളായ യോസേഫിനും, മറിയയ്ക്കും കീഴടങ്ങിയിരുന്നു എന്നു നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? തന്റെ മാതാപിതാക്കൾക്കു 30 വർഷം കീഴടങ്ങിയിരുന്ന പ്രവൃത്തിയാണ് യേശുവിന്റെ ഏറ്റവും വലിയ അത്ഭുതപ്രവൃത്തി എന്നു പറയാം. രോഗികളെ സൗഖ്യമാക്കിയതും, മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിച്ചതും എല്ലാം ഈ കീഴടങ്ങിയിരിക്കുന്ന ജീവിതത്തിനു ശേഷം നടന്ന അത്ഭുതപ്രവൃത്തികളാണ്. അതേ, അപൂർണരായ മാതാപിതാക്കൾക്കു പൂർണ്ണമായി കീഴടങ്ങിയിരിക്കുന്നതാണ് ഏറ്റവും പ്രധാനം. സംശയമില്ല. അതു നമുക്കു നൽകുന്ന സന്ദേശം എത്രയും വ്യക്തമല്ലേ?

തന്റെ മാതാവായ മറിയ പാകപ്പിഴകൾ ഉള്ളവളായിരുന്നെങ്കിലും യേശു അവർക്കു കീഴ്പ്പെട്ടിരുന്നു. അതുപോലെ അനേകം തെറ്റുകൾ ചെയ്യുന്ന തന്റെ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്ന ഭാര്യമാർ നമ്മുടെയിടയിൽ എത്രപേർ ഉണ്ട്? അങ്ങനെ കീഴ്പ്പെട്ടിരിക്കുന്ന സ്ത്രീകൾക്കാണ് ആത്മീയരായ സഹോദരികൾ എന്ന് പുകഴ്ച ലഭിക്കുന്നത്. എന്നാൽ ഇതുപോലുള്ള സഹോദരിമാർ ഇന്നെത്ര വിരളമാണ്!

പൂർണ്ണവളർച്ച പ്രാപിച്ച ഭാര്യ ആരാ

ണെന്ന് അറിയാമോ? ഏതൊരു ഭാര്യ ഭർത്താവിൽ പൂർണ്ണത പ്രതീക്ഷിക്കാതിരിക്കുന്നുവോ അവളാണ് പൂർണ്ണതയുള്ള ഭാര്യ ആകുന്നത്. അതുപോലെതന്നെ ഏതൊരു ഭർത്താവ് തന്റെ ഭാര്യയിൽ പൂർണ്ണത പ്രതീക്ഷിക്കാതിരിക്കുന്നുവോ അവനാണ് പൂർണ്ണത നിറഞ്ഞ ഭർത്താവായിത്തീരുന്നത്!! എന്നാൽ ഇതുപോലുള്ള സ്വഭാവസവിശേഷത ഉള്ളവർ വിശ്വാസികളുടെ ഇടയിൽ വിരളമായിട്ടാണ് കാണപ്പെടുന്നത്.

പൂർണ്ണനല്ലാത്ത തന്റെ ഭർത്താവിന് കീഴ്പ്പെട്ടിരിക്കാത്ത ഭാര്യയെക്കുറിച്ചു സാധാരണപറയാറുണ്ടല്ലോ അവൾ "ദൈവത്തിനും കീഴ്പ്പെട്ടിരിക്കുന്നില്ല" എന്ന്. ഭർത്താവിനു കീഴടങ്ങിയിരിക്കാൻ കല്പിച്ചത് ദൈവമാണല്ലോ. അതുകൊണ്ട് അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ദൈവത്തിനു തന്നെയാണ് അവർ കീഴ്പ്പെടാതിരിക്കുന്നത്!

"ഭാര്യമാരേ കർത്താവിനെന്നവണ്ണം സ്വന്തഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ," എന്ന് ദൈവമാണ് കൽപന കൊടുത്തത്!! ഈ കല്പനയ്ക്കു നിങ്ങൾ കീഴ്പ്പെടുന്നില്ലെങ്കിൽ, നിങ്ങൾ "ദൈവത്തിനുതന്നെ ഇനിയും കീഴ്പ്പെട്ടിട്ടില്ല." എന്നാണ് അതിന്റെ അർത്ഥം. എന്നാൽ ഭാര്യയ്ക്ക് തന്റെ ഭർത്താവിനു യാതൊരു ആലോചനയും നൽകാൻ കഴിയുകയില്ല എന്നു കരുതരുത്. ഭാര്യയെ "സഹായിക്കുന്നവൾ" എന്നും വേദവചനം വിളിക്കുന്നു. ഭർത്താവ് എന്തു പറഞ്ഞാലും തലയാട്ടി "അതേ അതേ" എന്നു പറയണമെന്നല്ല ഇതിന്റെ അർത്ഥം. ഒരു നല്ല ഭാര്യ ഭർത്താവിനുകീഴ്പ്പെട്ടിരിക്കുന്നതോടൊപ്പം ഭർത്താവിനെ എങ്ങനെ സഹായിക്കാൻ കഴിയും എന്നും നന്നായി അറിഞ്ഞിരിക്കണം. (തുടരും)

## വിളിയും തെരഞ്ഞെടുപ്പും... പേജ് 24 ൽ നിന്ന് തുടർച്ച

നായിരിക്കും എന്നയാൾ കരുതി.

''എന്താണ് ജിം, നിന്റെ ചെടി വളർന്നില്ലേ?"

"ഇല്ല സാർ. അതു മുളച്ചു പോലുമില്ല." ജിം താൻ ചെയ്ത പ്രയത്നങ്ങളൊക്കെ വിവരിച്ചു. പെട്ടെന്ന് അദ്ദേഹം ഉറച്ച ശബ്ദത്തിൽ എല്ലാവരോടുമായി ഇങ്ങനെ പ്രഖ്യാപിച്ചു: "ജിം ആയിരിക്കും ഇനി നിങ്ങളുടെ മാനേജിംഗ് ഡയറക്ടർ. ഞാൻ എല്ലാവർക്കും പുഴുങ്ങിയുണങ്ങിയ വിത്തുകളാണു നൽകിയത്. അവ മുളയ്ക്കാത്തതായിരുന്നു. നിങ്ങളൊക്കെ അതു മാറ്റി പകരം മുളയ്ക്കുന്ന വിത്തുകൾ നട്ടു വളർത്തി. ജിം മാത്രം സത്യസന്ധനായി. അതുകൊണ്ടാണ് ജിമ്മിനെ അടുത്ത എം.ഡി. ആയി തെരഞ്ഞെടുത്തത്."

സത്യസന്ധത വിതച്ചാൽ വിശ്വാസം കൊയ്യാം.

നന്മ വിതച്ചാൽ സൗഹൃദം കൊയ്യാം

താഴ്മ വിതച്ചാൽ മഹത്വം കൊയ്യാം

സഹിഷ്ണുത വിതച്ചാൽ സംതൃപ്തി കൊയ്യാം

ഹൃദയവിശാലത വിതച്ചാൽ ദീർഘദൃഷ്ടി കൊയ്യാം

പരിശ്രമം വിതച്ചാൽ വിജയം കൊയ്യാം

ക്ഷമ വിതച്ചാൽ സമാധാനം കൊയ്യാം

ക്രിസ്തുവിലുള്ള വിശ്വാസം വിതച്ചാൽ നിത്യമായ വിളവു കൊയ്യാം.

അതുകൊണ്ടു ഇന്നു നാം എന്തു വിതയ്ക്കുന്നു എന്നതു ശ്രദ്ധിക്കുക. അതിനനുസൃതമായിട്ടായിരിക്കും നാം ഭാവിയിൽ കൊയ്യുക.

രണ്ടായിരം വർഷം മുമ്പു പൗലോസ് പറഞ്ഞ കാര്യവും ഇതുതന്നെ. "നിങ്ങൾ വിതയ്ക്കുന്നതു തന്നെ കൊയ്യും. " (ഗലാ. 6:7). നാമൊക്കെ വയലിലെ പുല്ലുപോലെ വാടിയും കരിഞ്ഞും പോകേണ്ടവരാണ്. എന്നാൽ നിലനിൽക്കുന്ന ദൈവത്തിന്റെ വചനം നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും വിതയ്ക്കുന്നു എങ്കിൽ നാം നിലനില്ക്കുന്നവരാകും. (1 പത്രോ. 1:23-25)



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്.....***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി. അത് ഓഫീസിൽ ചില കോളിളക്കങ്ങൾ ഉണ്ടാക്കിയെങ്കിലും അദ്ദേഹം മുന്നോട്ടുതന്നെ പോയി.*

*പ്രതിജ്ഞ എടുത്തവരിൽ ഒരാളായ അലക്സാണ്ടർ പവേഴ്സ് തന്റെ കമ്പനി ചില നികുതിവെട്ടിപ്പുകൾ നടത്തുന്നതായി യാദൃച്ഛികമായി മനസ്സിലാക്കി. അദ്ദേഹം അത് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ പവേഴ്സിന് അതിനൊരു വില കൊടുക്കേണ്ടിവന്നു-അദ്ദേഹത്തിന്റെ ജോലി നഷ്ടപ്പെട്ടു. സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*തുടർന്നുവായിക്കുക....*

## 14

**ലോ**റീന്റെ മരണം വെർജീനിയയെ ദുഃഖിപ്പിച്ചതുപോലെ റേമണ്ടിലോ ചത്വരത്തിലോ ആരെയും സ്പർശിച്ചില്ല. പേജ് മന്ദിരത്തിന്റെ ഹാളിലിരുന്ന് വെർജീനിയാ റേച്ചലിനോടു തന്റെ വികാരങ്ങൾ പങ്കുവച്ചു.

"ഞാൻ എന്റെ മനസ്സിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി എന്റെ ധനത്തിൽ ഒരു ഭാഗം വിനിയോഗിക്കുക. റോളിനോടും ഞാൻ അതെക്കുറിച്ചു സംസാരിച്ചു. റോളിനു ഇക്കാര്യത്തിൽ താത്പര്യമാണ്. ആ പദ്ധതി

നന്നെന്ന് എനിക്കു തോന്നുന്നു."

"എത്ര പണം ഇക്കാര്യത്തിനു ചെലവഴിക്കാൻ നീ ഉദ്ദേശിക്കുന്നു. വെർജീനിയാ?" റേച്ചൽ ചോദിച്ചു. മുമ്പായിരുന്നെങ്കിൽ ഇത്തരമൊരു ചോദ്യം റേച്ചൽ ചോദിക്കുമായിരുന്നില്ല. ഇതൊക്കെ വ്യക്തിപരമായ കാര്യങ്ങളാണ്. എന്നാൽ ഇപ്പോൾ തങ്ങളും തങ്ങൾക്കുള്ളതുമെല്ലാം ദൈവത്തിനു നൽകിയതോടെ കാര്യങ്ങളിൽ കൂടുതൽ തുറന്ന സമീപനമുണ്ടായി. രഹസ്യങ്ങളുടെ അതിരുകൾ ചെറുതായി വന്നു. "നാലരലക്ഷം ഡോളർ ഈയിനത്തിൽ നീക്കിവയ്ക്കണമെന്നാണു ഞാൻ വിചാരിക്കുന്നത്. എന്നാൽ റോളിന് ഇതിലൊക്കെ എത്രയോ അധികം നീക്കി വയ്ക്കാനുണ്ടാകും. പിതാവു നൽകിയതിന്റെ ഏതാണ്ടു പകുതിയോളം ഇത്രനാളുകൊണ്ടു ധൂർത്തടിച്ചു. അതേക്കുറിച്ചു റോളിനു വലിയ ദുഃഖമുണ്ട്. ഇനിയുള്ളത് യേശു എന്തു ചെയ്യുമായിരുന്നു എന്ന ചോദ്യത്തിനു സത്യസന്ധമായും ജ്ഞാനത്തോടെയും ഉത്തരം കണ്ടെത്തി വിനിയോഗിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഡെയ്‌ലി ന്യൂസ് പത്രത്തിനുവേണ്ടി മുടക്കുന്ന പണം എഡ്‌വാർഡ് നോർമൻ നോക്കിക്കൊള്ളുമെന്ന് എനിക്കുറപ്പുണ്ട്. മദ്യത്തിന്റെ സ്വാധീനത്തിനെതിരേ നിൽക്കാൻ ഒരു ക്രിസ്തീയപ്രസിദ്ധീകരണം റെയ്മണ്ടിൽ ആവശ്യമുണ്ട്. നോർമൻ അതിൽ വിജയം കണ്ടെത്തുമെന്ന് എനിക്കുറപ്പുണ്ട്. ആ അഞ്ചുലക്ഷം ഡോളർ യേശു എങ്ങനെ വിനിയോഗിക്കുമായിരുന്നോ അതുപോലെതന്നെ വിനിയോഗിക്കപ്പെടും. പക്ഷേ എന്റെ മറ്റേക്കാര്യത്തിൽ നീയും എന്നോടൊപ്പം പ്രവർത്തിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ചത്വരത്തിലെ വസ്തുക്കളുടെ നല്ലൊരു പങ്കും ഞാനും റോളിനും കൂടി വില്ക്കുവാൻ ആലോചിക്കുന്നു. ഇപ്പോൾ കൂടാരമടിച്ചിരിക്കുന്ന ആ സ്ഥലം തന്നെ വർഷങ്ങളായി കേസിലും തർക്കത്തിലും ആയിരിക്കുന്നു. കേസു തീർപ്പാകുന്നതോടെ അതു കൈവശമാക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. വലിയ നഗരങ്ങളിലെ ചേരിപ്രദേശങ്ങളിൽ നടന്നിട്ടുള്ള ക്രിസ്തീയപ്രവർത്തനങ്ങളുടെ രീതികളെക്കുറിച്ചു കുറച്ചു നാളായി ഞാൻ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ ഏറ്റവും പ്രയോജനകരവും വിവേകപൂർണ്ണവുമായ പ്രവർത്തനം എങ്ങനെയെന്ന് പറയാൻ എനിക്കാവുമെന്നു തോന്നുന്നില്ല. എന്നാൽ ഒന്നെനിക്കറിയാം എന്റെ കൈയിൽ ദൈവം തന്നിരിക്കുന്ന പണം കൊണ്ടു സാധുസ്ത്രീകൾക്ക് അഭയകേന്ദ്രങ്ങളും കടകളിലും മറ്റും പണിയെടുക്കുന്ന തൊഴിലാളിസ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യങ്ങളും ഉണ്ടാക്കണം. വെറുതേ പണം ചെലവാക്കുന്ന ഒരാളായിരിക്കാനല്ല–ദൈവം സഹായിക്കുന്ന ഒരളവിൽ കാര്യങ്ങൾ ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. വെറുതേ എനിക്കുതന്നെ പ്രശ്നങ്ങൾ ഉണ്ടാക്കാനല്ല. എന്നാൽ മദ്യഷാപ്പ് അവിടെ നിലനിൽക്കുന്നിടത്തോളം ഈ പണച്ചെലവും അദ്ധ്വാനവുമൊക്കെ എത്രത്തോളം ഫലമുണ്ടാക്കും എന്നെനിക്കറിഞ്ഞുകൂടാ. എല്ലാ വലിയ നഗരങ്ങളിലെയും ക്രിസ്തീയപ്രവർത്തനങ്ങളുടെ സ്ഥിതിയും ഇതൊക്കെത്തന്നെ."

വെർജീനിയ ഇടയ്ക്കു നിർത്തി എണീറ്റു.

"അതു ശരിയാണ്, എങ്കിലും കാര്യങ്ങൾ വ്യത്യാസപ്പെടും. മദ്യഷാപ്പ് എന്നും അവിടെ തുടരുകയില്ല. നഗരത്തിലെ ഈ ശക്തികളിന്മേൽ ക്രിസ്തീയസ്വാധീനം പ്രാബല്യം കൈവരിക്കുകതന്നെ ചെയ്യും." റേച്ചൽ പ്രത്യാശയോടെ പറഞ്ഞു.

"ഞാനും അങ്ങനെ വിശ്വസിക്കുന്നു. 'യേശു ജീവിച്ചതുപോലെ' എന്ന പ്രതിജ്ഞയെടുക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരികയാണ്. അത്തരത്തിൽ







"നിന്റെ ശബ്ദം ഒരു വലിയ ശക്തിയാണ്. സംഗീതത്തിലൂടെ എത്ര ആത്മാക്കളെ നേടാൻ കഴിയുമെന്നോ! എത്ര ജീവിതങ്ങളെ ചേറ്റിൽ നിന്ന് ഉയർത്താൻ കഴിയും!"

പ്രതിജ്ഞയെടുത്ത അഞ്ഞൂറുശിഷ്യന്മാരുണ്ടായാൽ മദ്യശാല ഇല്ലാതാകും. എന്നാൽ ചത്വരത്തെ പിടിച്ചെടുക്കാനുള്ള ഈ പദ്ധതിയിൽ നിന്റെ ഭാഗം നീ ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിന്റെ ശബ്ദം ഒരു വലിയ ശക്തിയാണ്. എന്റെയുള്ളിൽ ഈയിടെയായി പല ആശയങ്ങളും ഉണ്ടായിവരുന്നുണ്ട്. അതിലൊന്ന് ഇവിടെയുള്ള പെൺകുട്ടികൾക്ക് ഒരു സംഗീതപരിശീലനകേന്ദ്രം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. ഇവിടെ പലരും നല്ല ശബ്ദത്തിനുടമകളാണെന്നു നാം കണ്ടെത്തിയല്ലോ. അവരെ നിനക്കു പരിശീലിപ്പിച്ചെടുക്കാൻ കഴിയും. പണം കൊടുത്തു വാങ്ങാൻ കഴിയുന്ന ഉപകരണങ്ങൾ നമുക്കു വാങ്ങാം. സംഗീതത്തിലൂടെ എത്ര ആത്മാക്കളെ നേടാൻ കഴിയുമെന്നോ! എത്ര ജീവിതങ്ങളെ ചേറ്റിൽ നിന്നും ഉയർത്താൻ കഴിയും!"

വെർജീനിയാ പറഞ്ഞവസാനിക്കും മുമ്പെ റേച്ചലിന്റെ മുഖം പ്രകാശപൂരിതമായി. തന്നെക്കുറിച്ചു താൻ സ്വപ്നം കണ്ടിരുന്നത് അത്തരം ഒരു ജീവിതമാണ്. തന്റെ താലന്തുകളുടെ യഥാർത്ഥ വിനിയോഗം അതിലാണ്. അതുകൊണ്ടുതന്നെ വെർജീനിയായുടെ മൊഴികൾ വെറും ശബ്ദവീചികളായല്ല നിർവൃതിയുടെ സംഗീതധാരയായാണ് കാതുകളിൽ വന്നുവീണത്. കണ്ണുനീർ കണ്ണുകളിൽ നിന്നും ഒരു പ്രവാഹമായി ഒഴുകി.

"അതേ, " റേച്ചൽ എണീറ്റ് വെർജീനിയായെ കെട്ടിപ്പിടിച്ചു." തീർച്ചയായും അത്തരം ഒരു ശുശ്രൂഷയ്ക്കുവേണ്ടി ഞാൻ എന്റെ ജീവിതം സമർപ്പിക്കും. യേശു എന്നെക്കുറിച്ചു ഉദ്ദേശിക്കുന്നത് അതുതന്നെയെന്നു ഞാൻ വിശ്വസിക്കുന്നു."

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ റോളിൻ കടന്നുവന്നു. വന്നപാടേ ഒരു നിമിഷം അവരെ നോക്കിനിന്നു എന്നിട്ടു ലൈബ്രറിയിലേക്കു നടന്നു. വെർജീനിയാ അവനെ

തിരികെ വിളിച്ചു. റോളിൻ തിരികെ വന്ന് ഇരുന്നു. റേച്ചലിന്റെ സാന്നിദ്ധ്യത്തിലും തികച്ചും പ്രശാന്തനും നിർവ്വികാരനുമായിട്ടാണ് റോളിൻ ഇരുന്നത്. അവന്റെ മാനസാന്തരത്തിൽ പഴയ സ്വഭാവങ്ങൾക്ക് അത്ഭുതകരമായ മാറ്റം സംഭവിച്ചിരുന്നു. റോളിൻ വന്നിരുന്ന ശേഷവും വെർജീനിയയും റേച്ചലും തമ്മിൽ സംഭാഷണം തുടർന്നു.

“ജാസ്പർ ചേസിന് എന്തുപറ്റി?” വെർജീനിയ നിഷ്കളങ്കമായിട്ടാണു ചോദിച്ചതെങ്കിലും റേച്ചൽ വിളറിപ്പോയി. “ഓ! മറ്റൊരു നോവൽ എഴുതുകയായിരിക്കും. അതിലും നിന്നെത്തന്നെയാണോ റേച്ചൽ, അവൻ കഥാപാത്രമാക്കുക? അയാളുടെ ആദ്യ നോവലിലും നീതന്നെയായിരുന്നു നായികയെന്നു ഞാൻ കരുതുന്നു.”

“വെർജീനിയാ,” റേച്ചൽ ആത്മാർത്ഥതയോടെ മനസ്സു തുറന്നു. “അന്നൊരു രാത്രി ചത്വരത്തിൽ നിന്നു തിരികെപ്പോകുമ്പോൾ ജാസ്പർ ചേസ് എന്നോടു വിവാഹാഭ്യർത്ഥന നടത്തി...” അവൾ ഇടയ്ക്കുവച്ചു വിതുമ്പുകയും കണ്ണീർ ചാലുകളായി ഒഴുകുകയും ചെയ്തു. “ഞാനൊരിക്കൽ വിചാരിച്ചിരുന്നു ഞാനയാളെ സ്നേഹിക്കുന്നുണ്ടെന്ന്. പക്ഷേ ഈ അഭ്യർത്ഥന നടത്തിയതോടെ എന്റെ മനസ്സു മാറി ഞാൻ അതു നിരസിക്കയും ചെയ്തു. അതു ചത്വരത്തിലെ മാനസാന്തരങ്ങളുടെ ആദ്യരാത്രിയായിരുന്നു. അതിൽ പിന്നെ ഞാനയാളെ കണ്ടിട്ടില്ല.”

“എനിക്കു സന്തോഷമായി.” വെർജീനിയാ പറഞ്ഞു.

“അതെന്താ?” റേച്ചൽ ചോദിച്ചു.

“എനിക്കയാളെ ഇഷ്ടമല്ല. അയാളൊരു തണുപ്പനാണ്. തന്നെയുമല്ല, അയാളെടുത്ത പ്രതിജ്ഞയിലെ ആത്മാർത്ഥതയെക്കുറിച്ചു എനിക്കു സംശയമുണ്ട്.”

റേച്ചൽ ചിന്താമൂകയായി വെർജീനിയായെ നോക്കിയിരുന്നു. എന്നിട്ടു പറഞ്ഞു:

“അയാളുടെ എഴുത്ത് എനിക്കിഷ്ടമായിരുന്നു. അതിൽ ഞാനയാളെ അഭിനന്ദിച്ചിരുന്നു. എന്റെ മനസ്സിൽ അയാൾക്കൊരിടമുണ്ടെന്നു ഞാൻ കരുതി. പക്ഷേ അതങ്ങനെയല്ലെന്നു പിന്നീടു ഞാൻ കണ്ടെത്തി.”

വെർജീനിയാ എഴുന്നേറ്റുവന്ന് റേച്ചലിന്റെ തോളിലൂടെ കൈയിട്ട് അവളുടെ കണ്ണുകളിലേക്കു നോക്കി. അതു നിറഞ്ഞിരുന്നു.

റേച്ചൽ പോയിക്കഴിഞ്ഞ് വെർജീനിയാ റോളിന്റെ സമീപം ചെന്ന് പറഞ്ഞു:

“ഇത്രയധികം കഴിവുള്ള ആരെങ്കിലും പാവപ്പെട്ട പെൺകുട്ടികളെ സംഗീതം പഠിപ്പിക്കയും ചത്വരത്തിൽ പാടുകയും ചെയ്യുതായി നിനക്കറിയാമോ? തന്റെ ശ്രേഷ്ഠതയും കഴിവും അവൾ മറ്റുള്ളവർക്കു സൗജന്യമായി പങ്കുവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു.”

“തീർച്ചയായും അതു നിസ്വാർത്ഥതയ്ക്ക് ഒരു ഉദാഹരണമാണ്.” റോളിൻ തെല്ലു നീരസത്തോടെ പറഞ്ഞു.

വെർജീനിയാ അവനെ തുറിച്ചു നോക്കി. എന്നിട്ടു പ്രശസ്തരായ ചില പാട്ടുകാരുടെ പേരുകൾ നിരത്തിയിട്ട് ഇവരാരെങ്കിലും ഇത്തരത്തിലെന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നു ചോദിച്ചു. റോളിൻ ഇതിലൊന്നും വലിയ താത്പര്യം കാട്ടിയില്ല. “നീ എന്താണു റേച്ചലിനോടുള്ള പെരുമാറ്റത്തിൽ ഇത്രയും നിസ്സംഗത കാട്ടുന്നത്? അതു അവളെ വിഷമിപ്പിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു” വെർജീനിയാ പറഞ്ഞു.

“വെർജീനിയാ, നിനക്കറിയാമല്ലോ ഞാനവളെ മാത്രമാണു സ്നേഹിച്ചിട്ടുള്ളത്. പക്ഷേ അവളെന്നെ തിരസ്കരിച്ചു. ഞാൻ ലക്ഷ്യമില്ലാത്തവനാണെന്നു പറഞ്ഞു. എനിക്കു അവളോടു വെറുപ്പില്ല. അവളുടെ പാട്ടാണ് എന്നെ മാനസാന്തരത്തിലേക്കു നയിച്ചത്. എനിക്കു വെറുപ്പുണ്ടായിരുന്നെങ്കിൽ പാട്ടുകേൾക്കാൻ ഞാൻ വരില്ലായിരുന്നു. എന്നാൽ എന്റെ മാനസാന്തരം എന്റെ ഹൃദയത്തെ വ്യത്യാസപ്പെടു





ത്തി. അവൾക്കുണ്ടായിരുന്ന സ്ഥാനം ഞാൻ യേശുവിനു കൊടുത്തു. എങ്കിലും ഞാനവളെ സ്നേഹിക്കുന്നു. പക്ഷേ അവൾക്ക് എന്നെ സ്നേഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.”

വെർജീനിയാ റോളിനെ ആശ്വസിപ്പിക്കാനെന്നവണ്ണം പലതും പറഞ്ഞെങ്കിലും അതൊന്നും വിലപ്പോയില്ല. അവർ തങ്ങളുടെ സംഭാഷണം നിർത്തുമ്പോൾ റോളിൻ തത്ക്കാലം തന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു മുമ്പോട്ടു പോകാൻ മാത്രമാണ് ഉദ്ദേശ്യമെന്ന് അവൾക്കു മനസ്സിലായി. വീണ്ടും റേച്ചലുമായി കണ്ടുമുട്ടുന്നതിനോ കൂടിക്കാഴ്ചയ്ക്കോ ഉദ്ദേശ്യമില്ലെന്നും ഇനി ഒരു തിരസ്ക്കാരം കൂടി ഉണ്ടാകുന്നതിൽ അവനു താത്പര്യമില്ലെന്നും അവൾ മനസ്സിലാക്കി.

വെർജീനിയാ വേഗം എഡ്വാർഡ് നോർമന്റെ ഓഫീസിലേക്കു പോയി. റെയ്മണ്ടിലെ ദിനപ്പത്രത്തിന്റെ എഡിറ്റർ എന്ന നിലയിൽ യേശു ചെയ്യുമായിരുന്ന കാര്യങ്ങൾക്ക് ഒരു രൂപം കൊടുക്കുകയായിരുന്നു നോർമൻ.

1. മോശമെന്നോ അശുദ്ധമെന്നോ അശ്ലീലമെന്നോ പറയാവുന്ന ഒരു വാക്കോ ചിത്രമോ യേശു പ്രസിദ്ധീകരിക്കില്ല.

2. രാഷ്ട്രീയകാര്യങ്ങളിൽ പക്ഷപാതമില്ലാതെയും നീതിപൂർവ്വമായും ജനങ്ങളുടെ നന്മയ്ക്ക് ഉതകുന്നതിനായി ദൈവരാജ്യത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് എല്ലാ പ്രശ്നങ്ങളെയും വിലയിരുത്തും. ഭൂമിയിലെ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് എങ്ങനെ ഉതകുമെന്ന നിലയിൽ മാത്രമേ രാഷ്ട്രീയപ്രശ്നങ്ങളെ കൈകാര്യം ചെയ്യൂ.

“ഇത് എന്റെ മാത്രം വീക്ഷണമാണ്. മറ്റുള്ളവർക്ക് വേറൊരു കാഴ്ചപ്പാടുണ്ടാകാം.” നോർമൻ പറഞ്ഞു.

3. ദൈവഹിതം നിറവേറ്റുക എന്നതായിരിക്കും അന്തിമമായി യേശുവിനെ സംബന്ധിച്ചു പത്രപ്രവർത്തനത്തിന്റെ ലക്ഷ്യം. പണമുണ്ടാക്കുകയോ രാഷ്ട്രീയസ്വാധീനമുണ്ടാക്കുകയോ ആയിരിക്കില്ല. ഇതു വായനക്കാർക്ക് വ്യക്തമായിരിക്കും.

4. ഉചിതമല്ലാത്ത എല്ലാ പരസ്യങ്ങളും ഒഴിവാക്കും.

5. ജോലിക്കാരുമായുള്ള ബന്ധം ഏറ്റവും ഹൃദ്യമായിരിക്കും.

6. ക്രിസ്തീയപ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്ക് ഒരു പേജ് നീക്കിവയ്ക്കും. നവീകരണത്തിന്റെ വിവിധവശങ്ങൾ, സമൂഹശാസ്ത്രപരമായ പ്രശ്നങ്ങൾ, സഭകളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ മുതലായവയെക്കുറിച്ച് എഴുതും.

7. സമൂഹത്തിന്റെ പ്രതികരണമെന്തെന്നു നോക്കാതെ തന്നെ മദ്യമെന്ന ശത്രുവിനോടു സർവ്വശക്തിയോടും കൂടെ പോരാടും പത്രത്തിന്റെ പ്രചാരം കുറഞ്ഞാൽ പോലും.

ക്രൈസ്തവരായ മറ്റു പത്രപ്രവർത്തകരെ ഞാനിക്കാര്യത്തിൽ വിധിക്കുന്നില്ല. എന്റെ ബോദ്ധ്യങ്ങളോടു നീതി പുലർത്തുക മാത്രമേ ഞാനുദ്ദേശിക്കുന്നുള്ളൂ. യേശു അങ്ങനെ ചെയ്യുമായിരുന്നു എന്ന ഞാൻ വിശ്വസിക്കുന്നു.

8. യേശു ഒരു ഞായറാഴ്ചപ്പത്രം ഇറക്കുകയില്ല.

9. ജനം അറിയേണ്ടുന്ന വാർത്തകൾ മാത്രമേ യേശു പ്രസിദ്ധീകരിക്കുമായിരുന്നുള്ളൂ. നിഷ്ഠൂരമായ പന്തയപ്പോര്, കുറ്റകൃത്യവിവരണങ്ങൾ, സ്വകാര്യജീവിതത്തിലെ പിന്നാമ്പുറങ്ങൾ മറ്റ് അപവാദങ്ങൾ കുപ്രചരണങ്ങൾ ഒക്കെ ഒഴിവാക്കും.

10. ദൈവരാജ്യവ്യാപനത്തിന് മുൻതൂക്കം നൽകുകയും അതിനു സഹായകരമായ നിലയിൽ മാത്രം വാർത്തകൾ ക്രമീകരിക്കയും ചെയ്യും. ഈ പത്രത്തെ ശക്തമാക്കുന്നതിനു ധാരാളം ആശയങ്ങൾ എനിക്കുണ്ട്. എങ്കിലും ചുരുക്കത്തിൽ പ്രാഥമികമായി രൂപപ്പെടുത്തിയ കാര്യങ്ങൾ ഇവയാണ്. ഞാനിതെക്കുറിച്ചു ചില പത്രപ്രവർത്തകരുമായി ആലോചിച്ചു.

പലർക്കും ഇതൊരു സണ്ടേസ്കൂൾ പാഠത്തിന്റെ നിലവാരം മാത്രമുള്ള പണിയാണെന്നാണ് അഭിപ്രായം.

എങ്കിൽ സണ്ടേസ്കൂൾ തന്നെയാണ് ഈ നാടിനാവശ്യമെന്നാണ് എന്റെയും അഭിപ്രായം. ഈ പ്രദേശത്ത് ഇരുപതിനായിരം ക്രിസ്ത്യാനികളുണ്ട്. അതിന്റെ പകുതി പേരെങ്കിലും അനുകൂലമായി നില്ക്കുമെങ്കിൽ നാം വിജയിച്ചു.

"വെർജീനിയാ, അതിന്റെ സാദ്ധ്യതയെക്കുറിച്ചു നിയെന്തു പറയുന്നു?"

"എനിക്കറിഞ്ഞു കൂടാ. ഈ പത്രത്തിൽ എനിക്കു വിശ്വാസമുണ്ട്. അത്രമാത്രമേ പറയാൻ കഴിയൂ. ഒരു വർഷം അതു നിലയ്ക്കാതെ പോകുമെങ്കിൽ വലിയകാര്യങ്ങൾ സംഭവിക്കും"

"ഞാൻ വളരെ തെറ്റുകൾ വരുത്താൻ സാദ്ധ്യതയുണ്ട്. എനിക്കു വളരെ ജ്ഞാനം ആവശ്യമുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു." "കർത്താവിന്റെ കൃപയിലും ജ്ഞാനത്തിലും വളരുക എന്ന കല്പനയുടെ ആഴമെന്തെന്നു നാം ഗ്രഹിക്കാൻ പോകുന്നതേയുള്ളൂ" വെർജീനിയാ പറഞ്ഞു.

രണ്ടു മാസങ്ങൾ കടന്നു പോയി. മാക്സ്‌വെൽ തന്റെ എല്ലാവർഷവുമുള്ള പതിവു വിനോദയാത്രാപരിപാടി വേണ്ടെന്നു വച്ച് ആ പണംകൊണ്ടു ചത്വരത്തിലുള്ള ഒരു കുടുംബത്തെ ഒരു വേനൽക്കാലവിനോദയാത്രയ്ക്ക് അയച്ചു. അവർ ഒരിക്കലും ചത്വരത്തിനു പുറത്തുള്ള ലോകമെന്തെന്നു കണ്ടിട്ടുള്ളവരായിരുന്നില്ല. ഈ പ്രവൃത്തി തന്റെ ഭാര്യയൊഴികെ മറ്റാരും അറിയാതിരിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചു.

ഈ നാളുകളിൽ പരിശുദ്ധാത്മാവ് ഒരു കൊടുങ്കാറ്റുപോലെ സഭയിൽ അടിച്ചുകൊണ്ടിരുന്നെങ്കിലും അധികം പേരിലും അതുയാതൊരു ചലനവും സൃഷ്ടിച്ചില്ല എന്നതായിരുന്നു യാഥാർത്ഥ്യം. അധികം പേർക്കും ഈ മാറ്റങ്ങളൊക്കെ ശ്രീമതി വിൻസ്‌ലോയെപ്പോലെ ഒരു ഭ്രാന്തും അനാവശ്യവുമായി മാത്രമേ തോന്നിയുള്ളൂ. എന്നാൽ ശിഷ്യത്വം സ്വീകരിച്ചവരൊക്കെ ആത്മാവിന്റെ ശക്തമായ സ്വാധീനത്തിൽ സന്തോഷത്തിലും കൂട്ടായ്മയിലും ശക്തിപ്പെട്ടുകൊണ്ടിരുന്നു. മാക്സ്‌വെൽ അലക്സാണ്ടർ പവേഴ്സ് ഏർപ്പെടുത്തിയ റെയിൽ റോഡ് തൊഴിലാളികളുടെ ഇടയിലെ കൂട്ടായ്മയെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു.

* * * *

"ഞാനെന്തിനു വേണ്ടിയാണീ നോവൽ എഴുതുന്നത്?" ജാസ്പർ ചേസ് ചിന്തിച്ചു. "എല്ലാവരും എഴുതുന്നതു പോലെ പണത്തിനും പ്രശസ്തിക്കും വേണ്ടിയോ? അതേ. അതുതന്നെയാണു സത്യം. യേശു അങ്ങനെ ചെയ്യുമായിരുന്നോ? ഞാൻ എന്റെ പ്രതിജ്ഞയിൽ നിന്നും പിന്മാറുകയല്ലേ?" തന്റെ പുതിയ നോവലിന്റെ അവസാന അദ്ധ്യായവും പൂർത്തിയായി ജാസ്പർ ചേസിന്റെ മുമ്പിലുണ്ടായിരുന്നു. ജാസ്പർ എണീറ്റ് ജനാലയുടെ അടുത്തേക്കു നടന്നു. പുറത്തേക്കു നോക്കി. റേച്ചലും റോളിനും ഒപ്പം നടന്നു നീങ്ങുന്നതാണു കണ്ടത്. തിരികെവന്ന് തന്റെ പൂർത്തിയായ നോവലിന്റെ കടലാസു കെട്ടുകളിലേക്കു നോക്കി നില്ക്കെ തന്നോടു തന്നെ വീണ്ടും ചോദിച്ചു: "യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?"

ഇത്രയും നാളത്തെ തന്റെ അദ്ധ്വാനം, ആവേശം, സമയം, കഴിവുകൾ...ഒടുവിൽ യേശുവിനെ മാറ്റിനിർത്തിക്കൊണ്ടു തന്നെ ഒരു തീരുമാനമെടുക്കുവാൻ ജാസ്പർ നിശ്ചയിച്ചു. മുറിയിൽ ഇരുൾതിങ്ങുകയായിരുന്നു. ഇരുട്ടിന്റെ സാന്ദ്രതയെ ഭേദിച്ചുകൊണ്ട് ഒരു ദിവ്യശബ്ദം ഇങ്ങനെ: "കലപ്പയ്ക്ക് കൈവച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാവുന്നവൻ അല്ല." പക്ഷേ ജാസ്പർ അതു കേട്ടോ? (തുടരും)





## പ്രാർത്ഥനയ്ക്കെതിരേ ഗൂഢാലോചന... പേജ് 9 ൽ നിന്ന് തുടർച്ച

വിഷൻ കണ്ടിട്ടുണ്ടായിരിക്കും. അതേ കാലയളവിൽ കേവലം നാലു മാസമാണ് അവൻ സഭയിൽ ചെലവഴിച്ചിട്ടുള്ളത്! ഒരു മണിക്കൂർ മാത്രമുള്ള ഒരു ആരാധനായോഗത്തിൽ പൂർണ്ണശ്രദ്ധയോടെ ഇരിക്കാൻ മിക്ക ക്രിസ്ത്യാനികൾക്കും കഴിയാത്ത സാഹചര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ മൂന്നു മണിക്കൂർ ദൈർഘ്യമുള്ള ഒരു പ്രത്യേക ടെലിവിഷൻ പരിപാടി വളരെ ക്ഷമയോടെ ശ്രദ്ധിക്കാൻ അവർക്കു കഴിയും എന്നുള്ളത് ഒരു വലിയ ദുരന്തമാണ്!

**ഒരു ശരാശരി കൗമാരക്കാരൻ 18 വയസ്സാകുമ്പോഴേയ്ക്ക് ഏകദേശം ആറുവർഷം ടെലിവിഷൻ കണ്ടിട്ടുണ്ടായിരിക്കും. അതേ കാലയളവിൽ കേവലം നാലു മാസമാണ് അവൻ സഭയിൽ ചെലവഴിച്ചിട്ടുള്ളത്! ഒരു മണിക്കൂർ ആരാധനായോഗത്തിൽ ഇരിക്കാൻ മിക്ക ക്രിസ്ത്യാനികൾക്കും കഴിയാത്ത സാഹചര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ മൂന്നു മണിക്കൂർ ദൈർഘ്യമുള്ള ഒരു പ്രത്യേക ടെലിവിഷൻ പരിപാടി വളരെ ക്ഷമയോടെ ശ്രദ്ധിക്കാൻ അവർക്കു കഴിയും!**

പ്രാർത്ഥനയുടെ രഹസ്യസങ്കേതത്തിലേയ്ക്ക് തങ്ങളെ മാടിവിളിക്കുന്ന പരിശുദ്ധാത്മാവിന്റെ ആന്തരികശബ്ദം ശ്രവിക്കുവാൻ പിന്മാറ്റക്കാർക്ക് വളരെ കുറച്ചു നാളത്തേയ്ക്ക് സാധിക്കുമായിരിക്കും. എന്നാൽ ആഴ്ചകളും മാസങ്ങളും ടെലിവിഷന്റെ മുമ്പിലിരുന്ന് തങ്ങളുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തിക്കഴിയുമ്പോൾ, സൗമ്യമായ നേരിയ ദൈവശബ്ദം അവർ കേൾക്കാതെയാകും. ലോകശബ്ദത്തിന്റെ മുമ്പിൽ അവിടുത്തെ ശബ്ദം കേൾക്കാൻ പറ്റാതെയാകും!

നിങ്ങൾ ഇങ്ങനെ പറയുമായിരിക്കും; "ഇഹപരലോകകാര്യങ്ങളിൽ ഒരു സന്തുലിതാവസ്ഥ ആവശ്യമാണ്. മാത്രമല്ല, എല്ലാ ടെലിവിഷനിലും അത് എപ്പോൾ വേണമെങ്കിലും നിർത്തുവാനുള്ള ഒരു 'ഓഫ് ബട്ടൺ' ഉണ്ടല്ലോ. നമ്മൾ ആകെ ചെയ്യേണ്ട കാര്യം ആ ബട്ടൺ തിരിച്ച് ടെലിവിഷൻ നിർത്തുക എന്നുള്ളതാണ്" കൊള്ളാം, നല്ലകാര്യം. എന്നാൽ എത്ര ക്രിസ്ത്യാനികൾ അത് ചെയ്യുന്നുണ്ട്? ലോകത്തിന്റെ ആരവങ്ങളെ ബഹിഷ്ക്കരിച്ച്, ദൈവശബ്ദം കേൾക്കുവാൻ ഏകനായിരിക്കുവാനുള്ള ആത്മനിയന്ത്രണം എത്ര പേർക്കുണ്ട്? സ്വീകരണമുറിയിലെ 'ഗൂഢാലോചന'യുടെ മേൽ ആധിപത്യം ഏറ്റെടുത്തുകൊണ്ട്, ടെലിവിഷൻ നിർത്തി, പ്രാർത്ഥനയ്ക്കായി ഇരിക്കാം എന്ന് പറയുവാൻ തന്റേടമുള്ള എത്ര ക്രിസ്തീയമാതാപിതാക്കളുണ്ട്? എല്ലാ നഗ്നതാപ്രദർശനത്തിനും, മ്ലേച്ഛതയ്ക്കും, അധാർമ്മികതയ്ക്കും അപ്പുറമായ, ടെലിവിഷന്റെ യഥാർത്ഥപ്രശ്നം; നമുക്ക് അത്യന്താപേക്ഷിതമായ വിശുദ്ധസംസർഗ്ഗത്തിൽ നിന്നും നമ്മെ അകറ്റുവാൻ തക്കവണ്ണം നമ്മുടെ സമയത്തിന്റെ ഭൂരിഭാഗവും അത് കവർന്നെടുക്കുന്നു എന്നുള്ളതാണ്. അതിന്റെ ദുരുപയോഗത്തിന്മേൽ ദൈവികമായ ആധിപത്യം നമ്മൾ ഏറ്റെടുത്തേ മതിയാവൂ. ടെലിവിഷൻ കാണാതെ നമ്മൾ ആർജ്ജിക്കുന്ന സമയം, നിശ്ചയമായും ദൈവത്തിനു കൊടുക്കണം-പ്രാർത്ഥനയുടെ രഹസ്യസങ്കേതത്തിൽ! അങ്ങനെ ചെയ്തില്ലെങ്കിൽ ഭൂതലത്തിൽ എങ്ങും വരാനുള്ള പരീക്ഷാകാലത്ത് നമ്മൾ ഒരുക്കപ്പെടാത്തവരായിരിക്കും. എന്തുകൊണ്ടെന്നാൽ നമ്മുടെ ഭവനങ്ങൾ ദൈവത്തിന്റെ തീമതിലിന്റെ സുരക്ഷിതത്വത്തിൻ കീഴിൽ അല്ലാതായിരിക്കും!

***എന്താണ് പ്രതിവിധി?***

പിശാചിന്റെ എല്ലാ ഗൂഢാലോചന കളേയും ചെറുത്തുനില്പ്പാനും, എന്റെ പ്രാർത്ഥനാസമയത്തെ സുരക്ഷിതമാക്കുവാനും താഴെപ്പറയുന്ന കാര്യങ്ങൾ പ്രാവൃത്തികമാക്കുവാൻ കർത്താവ് എന്നെ സഹായിച്ചു. ഈ കാര്യങ്ങൾ നിങ്ങൾക്കു വേണ്ടിയും കൂടെയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

*ഒന്ന്*: കർത്താവുമായി സംസർഗ്ഗം പുലർത്തുന്നത് നിങ്ങളുടെ ജീവിതത്തിലെ പ്രാഥമികലക്ഷ്യമാക്കിത്തീർക്കുക.

നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ജീവന്മരണതീരുമാനമായിരിക്കും ഇത്. പ്രാർത്ഥനയിലുള്ള സംസർഗ്ഗവും, വചനം പഠിക്കുന്നതും സൗകര്യം പോലെ ചെയ്യേണ്ട കാര്യമല്ല. പ്രാർത്ഥിച്ചേ പറ്റൂ എന്ന കേവലചിന്തയായിരിക്കരുത് നിങ്ങളുടേത്-മറിച്ച് പ്രാർത്ഥിക്കാതെ എനിക്ക് ലോകത്തെ അതിജീവിക്കാൻ പറ്റുകയില്ല എന്നതായിരിക്കണം! ഭക്തനായ ഇയ്യോബ് പ്രഖ്യാപിച്ചു, "അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു" (ഇയ്യോബ് 23:12)

പ്രാർത്ഥന അതിപ്രധാനമാണെന്ന് വരുമ്പോൾ മാത്രമേ നിങ്ങൾ അതിന് സമയം കണ്ടെത്തുകയുള്ളു. എന്നിട്ടും മിക്ക ക്രിസ്ത്യാനികളും-ശുശ്രൂഷകന്മാർ ഉൾപ്പെടെ-പ്രാർത്ഥനയുടെ പ്രാധാന്യവും ഫലസിദ്ധിയും അറിയായ്കകൊണ്ടുമാത്രം അതിനെ അവഗണിക്കുന്നു. ഒരു ശുശ്രൂഷകൻ എന്ന നിലയിൽ, കർത്താവിനെ ആദ്യം ശുശ്രൂഷിക്കാതെ ജനങ്ങളെ ശുശ്രൂഷിക്കുവാൻ ഞാൻ ഒരിക്കലും ധൈര്യപ്പെട്ടിട്ടില്ല-മറിച്ചാണെങ്കിൽ ഞാൻ പ്രയോജനരഹിതനായ ഒരു വേലക്കാരൻ ആയിരിക്കും.

ദൈവത്തെ അന്വേഷിക്കുമ്പോൾ, നിങ്ങൾ പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോൾ, സമയം നഷ്ടപ്പെടുത്തുവാൻ കഴിയുകയേ ഇല്ല എന്നതാണ് സത്യം. മാത്രമല്ല, പ്രാർത്ഥിക്കുന്ന ഒരു പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, പ്രാർത്ഥനയുടെ രഹസ്യസങ്കേതത്തിനുപുറത്ത്, (അതായത് തങ്ങളുടെ പരസ്യജീവിതത്തിൽ) ബദ്ധപ്പാടില്ലാതെ ആയാസരഹിതമായി ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറെക്കാര്യങ്ങൾ നേടിയെടുക്കുന്നു. എന്നാൽ, എല്ലായ്പ്പോഴും ദൈവത്തിനുവേണ്ടി നമുക്കു ചെയ്യാവുന്ന ഏറ്റവും വലിയ വേല മുഴങ്കാലിൽ നിന്നുകൊണ്ടുള്ളതാണ്. പ്രാർത്ഥനയില്ലാത്തവർ വലിയ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ചുകൊണ്ട് ലക്കും ലഗാനുമില്ലാതെ തലങ്ങും വിലങ്ങും ഓടുമ്പോൾ രാജ്യങ്ങളെ ഇളക്കിമറിച്ചുകൊണ്ട്, പിശാചിന്റെ കോട്ടകളെ തകർത്തുകൊണ്ട് പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനി കഠിനാദ്ധ്വാനം ചെയ്യുകയാണ്-ആ പ്രക്രിയയിൽ അവൻ ദൈവമുൻപാകെ ഒരു വീരനായിക്കൊണ്ടിരിക്കുകയാണ്!

രണ്ട്: *ദൈവവുമായുള്ള നിങ്ങളുടെ മുഖാമുഖം ഈ ലോകത്തിലെ ഏതു മഹാനുമായുള്ള അഭിമുഖത്തെക്കാൾ പവിത്രമായിക്കാണുക!*

മഹത്വത്തിന്റെ രാജാവായ, നമ്മുടെ ദൈവത്തിന്റെ സർവ്വവല്ലഭത്വത്തെ നമ്മൾ എത്രമാത്രം തുച്ഛീകരിച്ചിരിക്കുന്നു എന്നുള്ളത് എത്ര അപമാനഭാരത്തോടെയായിരിക്കും സ്വർഗ്ഗം കാണുന്നത്. ദൈവത്തെ നമുക്കുവേണ്ടി കാത്തുനിർത്തുന്ന കാര്യം മിക്കവാറും യാതൊരു ഗൗരവവും ഇല്ലാതെയാണ് നമ്മൾ കാണുന്നത്.തീർത്തും നിസ്സാര കാര്യത്തിനുവേണ്ടി-നിന്നനിൽപ്പിൽ-ദൈവാലയത്തിലേയ്ക്ക് പോകുന്നത് നമ്മൾ ഉപേക്ഷിക്കുന്നു!

ഇഷ്ടപ്പെട്ട ടെലിവിഷൻ പരിപാടി കാണുന്നതിനുവേണ്ടി, അഖിലാണ്ഡത്തിന്റെ സ്രഷ്ടാവായ ദൈവത്തെ തനിക്കുവേണ്ടി കാത്തുനിർത്തുന്ന ഒരു വ്യക്തിയെ നിങ്ങൾക്കു ഭാവനയിൽ കാണാൻ കഴിയുമോ? എന്നിട്ടും





നമ്മൾ ഭൂരിപക്ഷം ആൾക്കാരും അതുതന്നെയാണ് ചെയ്യുന്നത്! ദൈവസന്നിധിയിൽ ചെല്ലാതിരിക്കുന്ന കാര്യം നമ്മളെ അലട്ടുന്നതേയില്ല എന്നതാണ് അതിനേക്കാൾ മോശമായ കാര്യം. താനുമായിട്ടുള്ള സന്ദർശനസമയം നമ്മൾ മറന്നുപോയിട്ടല്ല-പിന്നെയോ, അവിടുത്തെ സന്നിധിയിൽ ചെല്ലുന്നത് നാം മനഃപൂർവ്വം വേണ്ടെന്നു വച്ചിരിക്കുകയാണ്!

യെശയ്യാപ്രവാചകൻ യേശുവിനെ ഓർത്ത് വിലപിച്ചു, "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല." (യെശ.53:3). കർത്താവിനോടൊത്ത് കഴിയേണ്ട സമയത്തിനും എനിക്കും മദ്ധ്യേ തടസ്സങ്ങൾ വരുവാൻ ഞാൻ അനുവദിക്കുമ്പോൾ കർത്താവിനെ അംഗീകരിക്കാതെ എന്റെ മുഖം തന്നിൽ നിന്ന് ഒളിച്ചു വയ്ക്കുകയാണ് ഞാൻ വാസ്തവത്തിൽ ചെയ്യുന്നത്!

മൂന്ന്: *നിങ്ങൾക്കു കഴിയുന്ന എല്ലാ തടസ്സങ്ങളെയും നിങ്ങൾ തള്ളിക്കളയണം. പ്രകൃത്യതീതമെന്ന് നിങ്ങൾ വിവേചിക്കുന്ന എല്ലാ തടസ്സങ്ങളുടേയും മേൽ ആത്മീയാധിപത്യം സ്ഥാപിക്കണം!*

എനിക്കുണ്ടാകുന്ന ചില തടസ്സങ്ങൾ തീർച്ചയായും എന്റെ പ്രവൃത്തികൾ കൊണ്ടുണ്ടാകുന്നവയാണ്. മിക്കതും ശുദ്ധമടയത്തരങ്ങൾ.

സാധാരണയായി ഞാൻ അനുവദിക്കുന്ന പല തടസ്സങ്ങളുടേയും പുറകിൽ പിശാചിന്റെ യാതൊരു ഗൂഢാലോചനയുമില്ല. എന്നാൽ പ്രിയപ്പെട്ടവരേ, നിങ്ങൾ നിതാന്തജാഗ്രത പുലർത്തേണ്ട ഒരു കാര്യമുണ്ട്, പ്രാർത്ഥനയ്ക്കായും ദൈവത്തെ അന്വേഷിക്കുന്നതിനായും നിങ്ങളെത്തന്നെ സമർപ്പിച്ചു കഴിയുമ്പോൾ, അമാനുഷികമായ രീതിയിൽ നിങ്ങളെ തടസ്സപ്പെടുത്തുവാൻ തന്ത്രങ്ങൾ മെനയുവാൻ പിശാചിനു കഴിയും-അവൻ അതു നടപ്പാക്കുകയും ചെയ്യും!

എങ്കിലും, ഒരിക്കലും സാത്താന്റെയോ അവന്റെ യാതൊരു തന്ത്രങ്ങളുടേയോ ദയാകടാക്ഷത്തിലല്ല നമ്മൾ എന്ന കാര്യമോർത്ത് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. അവന്റെ തന്ത്രങ്ങളെ നമുക്ക് പുറത്തു കൊണ്ടുവരാം. വിശ്വാസത്തിന്റെ വാക്കുകൾ പറയാം, യേശുവിന്റെ നാമത്തിൽ എല്ലാ തടസ്സങ്ങൾക്കും വിരാമമിടാം. നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിന്റെ ശക്തിയാൽ, ദൈവസന്നിധിയിലേക്കുള്ള വഴി നമുക്ക് നേരെയാക്കാം-തക്കസമയത്ത് സഹായം ലഭിക്കാനായി ധൈര്യത്തോടെ അവിടുത്തെ കൃപാസനത്തിലേയ്ക്കു അടുത്തു ചെല്ലാം. നാം ഓരോരുത്തരിൽ നിന്നും കർത്താവ് ആഗ്രഹിക്കുന്നതും അതുതന്നെയാണ്.

ഇന്ന് നിങ്ങളുടെ ജഡത്തെ മരിപ്പിച്ചിട്ട്, വിശുദ്ധസംസർഗ്ഗത്തിന്റെ രഹസ്യ അറയിലേയ്ക്ക് മടങ്ങിവരുമോ? ടെലിവിഷന്റെ മുമ്പിൽ സമയം പാഴാക്കുന്നത് ഈ ഭൂമിയിലുള്ള യാതൊന്നിനും നല്കുവാൻ പറ്റാത്ത കാര്യങ്ങൾ നേടിയെടുക്കുന്നതിനായി നിങ്ങൾ ഉപേക്ഷിക്കുമോ?

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, ഇന്നുതന്നെ വിടുതൽ ലഭിക്കുവാൻ യേശുവിനോട് നിലവിളിക്കുക. നിങ്ങളുടെ വിശ്വാസജീവിതത്തെ തകർക്കുവാൻ ലക്ഷ്യംവച്ച്, പിശാചുകൊണ്ടുവരുന്ന തടസ്സങ്ങളുടെ ഗൂഢാലോചനയുടെമേൽ ആധിപത്യം നേടുക. അങ്ങനെ ദൈവം നിങ്ങൾക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം, കർത്താവുമായുള്ള കൂട്ടായ്മയുടെ പൂർണ്ണതയിലേയ്ക്ക് പ്രവേശിക്കുക. ആമേൻ!

**മൊഴിമാറ്റം: ബീനാ ജോയ്സ്,**
**കോട്ടയം**

# ചിറകിൻമറവിൽ

രണ്ടാം ലോകമഹായുദ്ധസമയം. ലണ്ടനിൽ തലങ്ങും വിലങ്ങും ജർമൻ വിമാനങ്ങൾ ബോംബുവർഷിക്കുന്നു. അപ്പോൾ ലണ്ടനിലെ ഒരു ദൈഭൃത്യനോട് ഒരാൾ ചോദിച്ചു: "ബോംബാക്രമണത്തിൽ താങ്കളുടെ വീടു നശിച്ചാൽ എവിടെയാണു താങ്കൾക്ക് അഭയം?"

ദൈവഭൃത്യന്റെ മറുപടി: "എനിക്ക് ഒരു അഭയസ്ഥാനമേ ഉള്ളൂ. അതു തൂവലുകൾ കൊണ്ടു നിർമ്മിച്ചതാണ്. അതെ, ഞാൻ സർവ്വശക്തന്റെ ചിറകിൻ കീഴിലാണ്."

താങ്കൾക്ക് ഈ ഉറപ്പുണ്ടോ?

*"തന്റെ തൂവലുകൾകൊണ്ട് അവൻ നിന്നെ മറയ്ക്കും. അവന്റെ ചിറകിൽ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്കും പരിചയും പലകയും ആകുന്നു" (സങ്കീർത്തനം 91:4)*